ജനകീയാസൂത്രണ പ്രസ്ഥാനം

# കുമളി ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്



# MAP OF KUMILY PANCHAYAT



65 - 2



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# വികസന റിപ്പോർട്ട്

## കുമളി ഗ്രാമപഞ്ചായത്ത്



# പണിപ്പുര

- എ. എം. തോമസ് ആലഞ്ചേരി
- കെ. കെ. കൃഷ്ണൻകുട്ടി
- കെ. ഒ. ചാക്കോ
- ടി. ടി. തോമസ് തെക്കേക്കുറ്റ്
- എൻ. സദാശിവൻ
- എൻ. ജനാർദ്ദനൻ
- രാജേന്ദ്രലാൽ ദത്ത്
- സി. എ. ഹസൻ റാവുത്തർ
- വി. ആർ. ബാലകൃഷ്ണൻ
- റവ. റോയി പി. തോമസ്
- കെ. പി. മാത്യു
- ടി. കെ. തോമസ്
- ജോയി മേക്കുന്നേൽ
- ജോണി ചെരിവുപറമ്പിൽ
- കെ. കെ. സുബ്രഹ്മണ്യൻ
- വി. കെ. പരമേശ്വരൻ


മുഖചിത്രം ● **തേക്കടി**

ലേ - ഔട്ട് ആൻഡ് ഇലസ്ട്രേഷൻ ● **ജോൺ വി. ഡി., ഗ്ലാൻസ് സ്റ്റുഡിയോ ഷെനോയി പുതിയിടത്ത്**

ടൈപ്പ്സെറ്റിങ്ങ് ● **ഗ്രാഫിക് സിസ്റ്റംസ്, കോട്ടയം. ഫോൺ: 0481-565553**



"ബ്രിട്ടീഷുകാരുടെ നുകത്തിൻ കീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എൻെറ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിൻെറ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതുകൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെയെതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും."

– ഗാന്ധിജി

# കുമളി ഗ്രാമ പഞ്ചായത്ത്

**ഭരണസമിതിയംഗങ്ങൾ**



ശ്രീ. എ. അബ്ദുൾ സലാം
(പ്രസിഡൻറ്)



ശ്രീ. എം. പി. അപ്പി
(വൈസ് പ്രസിഡൻറ്)



ശ്രീ. വി. പി. കുട്ടപ്പൻ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ശ്രീമതി കൃഷ്ണവേണി ഭായി റാവു



കുമാരി എം. വി. ശ്യാമള



ശ്രീമതി ദേവകി ഗോവിന്ദൻ



ശ്രീ. ഹൈദ്രോസ് മീരാൻ



ശ്രീ. എസ്. പി. രാമർ



ശ്രീ. സൺസി മാത്യു



ശ്രീമതി ഏലിയാമ്മ മൈക്കിൾ



ശ്രീമതി തങ്കമ്മ പാണ്ഡി



ശ്രീ. കെ.സി. ജേക്കബ്



ശ്രീ. പി.ജി. അനിൽകുമാർ



ശ്രീ. ജെ.ആർ. ഗോപകുമാർ
(സെക്രട്ടറി, കുമളി ഗ്രാമപഞ്ചായത്ത്)



ശ്രീ. സി.എൻ. വിജയൻ
(ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ)



ശ്രീ. അയ്യപ്പൻ തങ്കയ്യ
(ബ്ലോക്ക് പഞ്ച: വൈസ് പ്രസിഡൻറ്)



ശ്രീ. റ്റി.റ്റി. തോമസ്
(ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ)

# താളുകൾ മറിക്കുമ്പോൾ


1. ആമുഖം ........ 7
2. പൊതുവിവരണം ........ 9
3. സാമൂഹ്യ സാംസ്കാരിക ചരിത്രം ........ 10
4. ഭൂപ്രകൃതിയും വിഭവങ്ങളും ........ 17

5.(1) കൃഷിയും ജലസേചനവും ........ 20
5.(2) മൃഗസംരക്ഷണവും മത്സ്യബന്ധനവും ........ 28
5.(3) വ്യവസായം ........ 34
5.(4) ഗതാഗതം, ഊർജ്ജം, മാർക്കറ്റ് ........ 37
5.(5) ആരോഗ്യം, കുടിവെള്ളം ........ 42
5.(6) വിദ്യാഭ്യാസം ........ 49
5.(7) പാർപ്പിടം, സാമൂഹ്യക്ഷേമം ........ 54
5.(8) വനിതാക്ഷേമം ........ 58
5.(9) സഹകരണം ........ 62
5.(10) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം ........ 64
5.(11) സംസ്കാരം ........ 68
5.(12) വിഭവ സമാഹരണം ........ 75

ജനകീയാസൂത്രണ പ്രസ്ഥാനം നാളിതുവരെ ........ 80
ഗ്രാമസഭകളിലൂടെ ........ 81
ജില്ലാതല പരിശീലനം ലഭിച്ചവർ ........ 82
പുനരർപ്പണദിനത്തിലെ പ്രവർത്തനങ്ങൾ ........ 83
മുൻഭരണസമിതികളുടെ വിവരം ........ 84
നിലവിലുള്ള ഭരണസമിതി അംഗങ്ങൾ ........ 85
ഉപസംഹാരം ........ 86





# 1. ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. സ്വയം പര്യാപ്ത ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർ നിർമ്മാണം സാധ്യമാകുകയും ഭാരതത്തെ പുരോഗതിയിലേക്ക് നയിക്കുവാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം കണ്ടെത്തി.

ഗ്രാമവികസനവും സാമൂഹ്യനീതിയുമെന്ന ഗ്രാമസ്വരാജിൻെറ ലക്ഷ്യത്തിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയെന്ന നിലയിൽ രൂപം നൽകിയതാണ് പഞ്ചായത്തുരാജ് നിയമം. ഭരണസാരഥ്യം വഹിക്കുവാൻ ജനങ്ങൾക്ക് നേരിട്ട് അവസരം പ്രദാനം ചെയ്യുന്ന വിപ്ലവാത്മകമായ നടപടിയാണ് പഞ്ചായത്തുരാജ്. ഇൻഡ്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിക്കനുസരണമായി നിർമ്മിച്ച 1994-ലെ കേരള പഞ്ചായത്തുരാജ് നിയമപ്രകാരമുള്ള ത്രിതല പഞ്ചായത്തുസമിതികളാണ് ഇന്ന് സംസ്ഥാനത്ത് നിലവിലുള്ളത്.

പഞ്ചായത്തുരാജ് നിയമത്തിൻെറ അന്തഃസത്ത ഉൾക്കൊണ്ട്, ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പുതുയുഗപ്പിറവിക്ക് നാന്ദി കുറിച്ചുകൊണ്ട് കേരള സർക്കാർ ആവിഷ്ക്കരിച്ചതാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഭാരതം സ്വാതന്ത്ര്യം നേടിയശേഷം എട്ട് പഞ്ചവത്സരപദ്ധതികൾക്കും രണ്ടു വാർഷികപദ്ധതികൾക്കും രൂപംകൊടുത്ത് നടപ്പിൽവരുത്തുകയുണ്ടായി. ഇവ രാജ്യത്ത് വളരെയേറെ വികസനം എത്തിച്ചുവെങ്കിലും അവയുടെ ആസൂത്രണത്തിലെ കേന്ദ്രീകൃത സ്വഭാവവും, നടത്തിപ്പിലെ ജനപങ്കാളിത്തമില്ലായ്മയും മൂലം പദ്ധതിലക്ഷ്യം പൂർണ്ണമായും നേടുവാൻ കഴിഞ്ഞില്ല. വികസനരംഗത്തുണ്ടായ പ്രാദേശികമായ അസന്തുലിതാവസ്ഥയും വളരെ അധികമായിരുന്നു. വികസനമേഖലയിലെ കേരളത്തിൻെറ ആവശ്യങ്ങൾ വളരെ വലുതാണ്. സംസ്ഥാനത്തെ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ 15% കുറവാണ്. വൈദ്യുതിയുടേയും വ്യവസായത്തിൻേറയും റെയിൽവേയുടേയും കാര്യത്തിൽ വളരെ പിന്നോക്കമാണ് സംസ്ഥാനത്തിൻെറ നില. ഉൽപാദനമേഖലയിലെ മുരടിപ്പുമൂലം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു. കാർഷികോൽപാദന വർദ്ധന ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല; ഉൽപാദനക്ഷമത ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തീരെ താഴെയുമാണ്. വികസനോന്മുഖ മേഖലയിലെ നിക്ഷേപം, കേരളത്തിൻെറ പ്രതിശീർഷ പദ്ധതിച്ചെലവ് എന്നിവ അഖിലേന്ത്യാ ശരാശരിയേക്കാൾ താഴ്ന്നതുമാണ്. സാമ്പത്തികമേഖലയിൽ ഇടപെടുന്നതിനുള്ള സംസ്ഥാന സർക്കാരിൻെറ കഴിവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വനം, സമുദ്ര സമ്പത്ത് തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം നടന്നുവരുന്നു. സേവനമേഖലയിൽ നിലവാരത്തകർച്ച പ്രകടമാണ്. വിഭവസമ്പന്നമായിട്ടും, കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്.



ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 9-ാംപദ്ധതിയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതത്തിൻെറ 35 - 40% പഞ്ചായത്തുതല പദ്ധതികൾക്കായി വിനിയോഗിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. അതിനായി ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഇദംപ്രഥമമായി ജനങ്ങളെയെല്ലാം പങ്കാളികളാക്കുന്ന ഭാവനസമ്പന്നവും ക്രിയാത്മകവുമായ സംരംഭമാണ് കേരള സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപംകൊടുത്ത ജനകീയാസൂത്രണ പ്രസ്ഥാനം. ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും ആവശ്യങ്ങൾക്കും അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമത്തിൽ വിഭാവനം ചെയ്യുകയും ജനങ്ങളുടെ കൂട്ടായ സഹകരണത്തിലൂടെ നടപ്പിലാക്കുകയും ചെയ്യുന്നുവെന്നതാണ് ഇതിൻെറ പ്രത്യേകത. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽനിന്നും കിട്ടാവുന്ന പണം ഉപയോഗിച്ചും സ്വന്തം നാട്ടിൽനിന്നും മറുനാടൻ മലയാളികളിൽനിന്നും വിഭവ സമാഹരണം നടത്തിയും വികസനത്തിനാവശ്യമായ മൂലധനം കണ്ടെത്തുകയും ചെയ്യുന്നു. പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്ന തുക പൂർണ്ണമായും ലക്ഷ്യത്തിലെത്തുന്നതോടൊപ്പം നടത്തിപ്പിൻെറ ഗതിവേഗം വർദ്ധിപ്പിക്കാനും ഉപയോഗിക്കാതെ പോകുന്ന മനുഷ്യശക്തി രാഷ്ട്ര നിർമ്മാണത്തിന് ഉപയുക്തമാക്കുവാനും സാധിക്കുന്നു. നടത്തിപ്പിൻെറ എല്ലാ ഘട്ടങ്ങളിലും ജനങ്ങൾക്ക് ഇതു സംബന്ധിച്ച കാര്യങ്ങളെല്ലാം അറിയാൻ കഴിയുന്നുവെന്നത് ഈ പ്രസ്ഥാനത്തിൻെറ സവിശേഷതയാണ്.

ജനകീയ വികസനപദ്ധതികളിൽനിന്ന് വിഭവസാധ്യതകൾക്കനുസരണം വികസന നിർദ്ദേശങ്ങൾ തെരഞ്ഞെടുത്ത് മുൻഗണനാക്രമത്തിൽ നടപ്പാക്കുകയാണ് ജനകീയാസൂത്രണപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിവിധ ജനവിഭാഗങ്ങളും ചേർന്ന കൂട്ടായ്മയാണ് പദ്ധതി കരുപ്പിടിപ്പിക്കുന്നതും നടപ്പാക്കുന്നതും. ഉൽപ്പാദനം കൂട്ടുകയും ആ പ്രക്രിയയിൽ എല്ലാവരും പങ്കെടുക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തനശൈലി.

ഗ്രാമസഭയിലെ സജീവമായ ചർച്ചകളിലൂടെ ഉരുത്തിരിയുന്ന വികസനപ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുകയും പിന്നീട് വികസന സെമിനാറിൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. തുടർന്ന് കർമ്മസമിതി സ്കീമുകളാക്കുകയും, അതിനുശേഷം വിദഗ്ദ്ധസമിതി പദ്ധതിയാക്കുകയും ചെയ്യുന്ന വിവിധ ഘട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനം. നാടിൻെറ വികസനപ്രക്രിയയിൽ ഓരോ വ്യക്തിയേയും പങ്കാളിയാക്കുന്നുവെന്നതാണ് ഇതിൻെറ പ്രത്യേകത. പൗരൻെറ കടമകളോടൊപ്പം, ഉത്തരവാദിത്വത്തെക്കുറിച്ചും അവബോധം ഉണ്ടാക്കുവാനും സാമൂഹ്യജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തുവാനും ഇതിനു കഴിയും.

കഴിഞ്ഞ കാലങ്ങളിൽ നാടിൻെറ വികസനത്തിന്, ആസൂത്രണത്തിലും നടത്തിപ്പിലുമുണ്ടായിരുന്ന പോരായ്മകളോടൊപ്പം രാഷ്ട്രീയരംഗത്തെ വൈരനിര്യാതനബുദ്ധിയോടെയുള്ള മൽസരവും തടസ്സം സൃഷ്ടിച്ചിരുന്നു. സാമൂഹ്യപുരോഗതി സംബന്ധിച്ച കാര്യങ്ങളിൽ ജാതിമത രാഷ്ട്രീയചിന്തകൾക്കതീതമായ കാഴ്ചപ്പാട് ജനകീയാസൂത്രണപരിപാടിമൂലം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുവാനും അതുവഴി ഒരു പുതിയ വികസന സംസ്കാരത്തിൻെറ വാതായനങ്ങൾ തുറക്കുവാനും ഇടയാക്കും. ജനങ്ങൾക്ക് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ച് ഹൃദയവിശാലത പ്രകടിപ്പിക്കുവാനും, ആശയവിനിമയത്തിന് തുറന്ന മനസ്സോടെ ഒത്തുചേരുന്നതിനും ജനങ്ങളേയും ജനപ്രതിനിധികളേയും സജ്ജമാക്കി ജനകീയാസൂത്രണത്തിലൂടെ ഒരു നവ കേരള സൃഷ്ടിക്കായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. ○



# 2. ഗ്രാമപഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുമളി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കുമളി, പെരിയാർ, എരുമേലി തെക്ക് |
| താലൂക്ക് | : | പീരുമേട് |
| ബ്ലോക്ക് പഞ്ചായത്ത് | : | അഴുത |
| അസംബ്ലി മണ്ഡലം | : | പീരുമേട് |
| പാർലമെന്റ് മണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 816.73 ച. കി.മീ. |
| അതിരുകൾ | : | തെക്ക് – പത്തനംതിട്ട ജില്ല |
| | | കിഴക്ക് – തമിഴ്നാട് |
| | | വടക്ക് – ചക്കുപള്ളം പഞ്ചായത്ത് |
| | | പടിഞ്ഞാറ് – വണ്ടിപ്പെരിയാർ പഞ്ചായത്ത് |
| ജനസംഖ്യ | : | 33722 |
| എ) പുരുഷൻമാർ | : | 17231 |
| ബി) സ്ത്രീകൾ | : | 16491 |
| സി) ജനസാന്ദ്രത | : | 41 / ച. കി.മീ. |
| ഡി) അക്ഷരാഭ്യാസമുള്ളവർ | : | 83.63% |
| വാർഡുകളുടെ എണ്ണം | : | 13 |
| പ്രസിഡന്റ് | : | എ. അബ്ദുൾ സലാം |
| വൈസ് പ്രസിഡന്റ് | : | എം. പി. അപ്പി |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | വി. പി. കുട്ടപ്പൻ |

# 3. ചരിത്രം.

നാടിൻെറ വികസനം കാലദേശ പരിതഃസ്ഥിതികൾക്ക് അനുസൃതമായി ചിട്ടപ്പെടുത്തി കെട്ടിപ്പടുക്കുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ ഗ്രാമത്തിൻെറ പഴയകാല ചരിത്രവും സാമൂഹ്യ പശ്ചാത്തലവും പരിശോധിച്ച് വിലയിരുത്തേണ്ടതുണ്ട്. ഹൈറേഞ്ചിലെ കാർഷികമേഖലയിൽവച്ച് ചരിത്രപരമായി വളരെയധികം പഴക്കമുള്ള ഒരു പ്രദേശമാണ് കുമളി. കൊടുങ്കാടായിരുന്ന ഇവിടെ പുരാതനകാലത്ത് തമിഴ്നാട്ടുകാരായ ആളുകൾ വനവിഭവങ്ങൾ ശേഖരിക്കുന്നതിനും നായാട്ടു നടത്തുന്നതിനും വരുമായിരുന്നു. അക്കാലത്ത് ആദിവാസികൾ ഇവിടങ്ങളിൽ മാറി മാറി വസിച്ചിരുന്നതായി പറയുന്നു. പിന്നീട് ബ്രിട്ടീഷുകാർ ഹൈറേഞ്ചിൻെറ പലഭാഗത്തും തേയിലത്തോട്ടങ്ങളും മുണ്ടക്കയത്ത് റബർതോട്ടങ്ങളും വച്ചുപിടിപ്പിച്ചപ്പോൾ പണികൾക്കായി തമിഴ്നാട്ടിൽനിന്ന് കാൽനടയായി സഞ്ചരിച്ചിരുന്ന,തൊഴിലാളികളുടെയും ,ശബരിമലയ്ക്കു പോയിരുന്ന അയ്യപ്പഭക്തന്മാരുടെയും ഒരിടത്താവളമായിരുന്നു കുമളി. ഇവിടെ ജനവാസം എന്നാണ് സ്ഥിരമായി ആരംഭിച്ചതെന്ന് കൃത്യമായി പറയാൻ കഴിയില്ലെങ്കിലും, ഉദ്ദേശം ഒന്നര നൂറ്റാണ്ടുകൾക്കു മുമ്പ് ആയിരുന്നിരിക്കാമെന്ന് അനുമാനിക്കാം. വിദേശികൾ ഹൈറേഞ്ചിൽ തേയിലത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ച കാലത്തുതന്നെ പഞ്ചായത്തിലെ ചെങ്കര, ആനക്കുഴി, മുരുക്കടി, ചോറ്റുപാറ എന്നീ പ്രദേശങ്ങളിലും ജനവാസം ആരംഭിച്ചിരുന്നു. ഈ പ്രദേശങ്ങളിൽ കുടിയേറിയവർ ആണ് കുമളി മേഖലയിലെ ആദ്യത്തെ കുടിയേറ്റക്കാർ എന്നു കരുതാം.

1886–ൽ മുല്ലപ്പെരിയാർ ഡാമിൻെറ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതോടുകൂടി കൂടുതൽ ആളുകൾ കുമളിയിലേക്കു വന്നു തുടങ്ങി. ഇതിൻെറ ഭാഗമായി തേക്കടിയിൽ ജനവാസം ആരംഭിച്ചു. ഇക്കാലയളവിൽ മഹാരാജാക്കന്മാർ ഇവിടെ വരുമായിരുന്നുവെന്നും, അപ്പോൾ തമിഴ്നാട്ടിൽ കമ്പംദേശത്ത് ആങ്കുർ നൈനാർ റാവുത്തർ രാജകൊട്ടാരത്തിലേക്കാവശ്യമായ പാൽ കൊടുത്തിരുന്നതായും ഇതിൽ സന്തുഷ്ടനായ മഹാരാജാവ് നൈനാർ റാവുത്തർക്ക് കാലികളെ മേയിക്കാൻ കുറെയധികം ഭൂമി കരമൊഴിവായി ദാനം കൊടുത്തു. ഇന്നത്തെ പീരുമേട് താലൂക്കിൻെറ വിവിധ ഭാഗങ്ങളിലായിരുന്നു 498 ഏക്കർ വരുന്ന പ്രസ്തുത സ്ഥലം. പിന്നീട് ആങ്കുർ നൈനാർ റാവുത്തരുടെ മകൻ അസ്സീസ് റാവുത്തർ മഹാരാജാവിന് സ്വർണതാലത്തിൽ നാരങ്ങാ കാഴ്ച വച്ചു. ഇതിൽ സന്തുഷ്ടനായ രാജാവിൽനിന്നും ഈ പ്രദേശത്തെ തടികൾ വെട്ടിക്കൊണ്ടു പോകുന്നതിനുള്ള അവകാശം നേടുകയും ചെയ്തു. ഇതിനുപുറമെ മറ്റൊരു 2,000 ഏക്കർ വസ്തു ഏക്കറിന് ഒരു ബ്രിട്ടീഷ് രൂപാ പാട്ടത്തിന് ഏലം കൃഷി ചെയ്യുന്നതിനായി പതിച്ചു വാങ്ങി. മേൽപ്പറഞ്ഞ തടികൾ വെട്ടി തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്ന വിവിധയിനം ജോലികൾക്കായി അന്നത്തെ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന പാലക്കാട്ടുനിന്നും വന്ന കാരാപിള്ളമാരും മുസ്ലിങ്ങളും ആയിരുന്നു. ഇന്നു കാണുന്ന കുമളിയിലെ ആദ്യത്തെ കുടി താമസക്കാർ.



ഉദ്ദേശം 80 വർഷങ്ങൾക്കുമുമ്പ് ഇന്നു കാണുന്ന കുമളിയുടെ ഹൃദയഭാഗത്ത് ലബ്ബമാരുടെ ഒന്നു രണ്ട് ചായപ്പീടികയും ഒരു കൊച്ചു പലചരക്കുകടയും ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. മേൽ വിവരിച്ച മുല്ലപ്പെരിയാർ ഡാമിൻെറ പണിയും ആങ്കുർ റാവുത്തർമാരുടെ വരവും കുമളിയുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഏടുകളാണെന്നു കാണാം. ഈ കാലയളവിൽ കുമളിയിലേക്ക് ആളുകളുടെ വരവ് ക്രമാനുഗതമായി വർദ്ധിച്ചു തുടങ്ങി.

രണ്ടാം ലോകമഹായുദ്ധത്തിൻെറ കാലഘട്ടത്തിൽ നാട്ടിൽ ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും വർദ്ധിച്ചതോടുകൂടി നാട്ടിൻപുറങ്ങളിൽനിന്നും കുമളിയിലേക്കുള്ള കുടിയേറ്റം വർദ്ധിച്ചതായി കാണാം. മലമ്പനി, കോളറ, വസൂരി, പ്ലേഗ് തുടങ്ങിയ രോഗങ്ങൾക്ക് അടിമപ്പെട്ട് ആളുകൾ മരണപ്പെടുന്നത് ഒരു സാധാരണ സംഭവമായിരുന്നു. മലമ്പനി (തുള്ളപ്പനി)ക്ക് കുഴിയാനകളെ പിടിച്ച് ശർക്കരയിൽ പൊതിഞ്ഞ് വിഴുങ്ങുന്നത് ഒറ്റമൂലി ചികിത്സയായി ഉപയോഗിച്ചിരുന്നു എന്നു പഴമക്കാർ ഓർക്കുന്നു. തമിഴ്നാട്ടിൽനിന്നും വരുന്ന ആളുകളെ അക്കാലത്ത് ചൗക്കയിൽ (ഇന്നത്തെ ബസ് സ്റ്റാൻഡ്) മരുന്നിട്ട് പുകയ്ക്കുന്ന (സ്മോക്ക് ഹൗസ്) ഒരു ചികിത്സാരീതി (1942) ഗവൺമെൻറ് നടത്തിയിരുന്നു. ഈ പുകപ്പുര അടുത്തകാലംവരെ ഉണ്ടായിരുന്നത് കുമളി നിവാസികൾ ഓർമ്മിക്കുമല്ലോ?

കുമളി എന്ന സ്ഥലപ്പേര് രൂപപ്പെട്ടതിനെപ്പറ്റി രണ്ടു കാരണങ്ങൾ പറയപ്പെടുന്നു. വർഷങ്ങൾക്കുമുമ്പ് ചതുപ്പുനിറഞ്ഞ പ്രദേശമായിരുന്നതിനാൽ ഇവിടെ ഭൂമിക്കടിയിൽനിന്നും വെള്ളം കുമിളകളായി പുറത്തുവന്നിരുന്നു. ഇതു കണ്ടവർ കുമിളകൾ കണ്ട സ്ഥലത്തെ "കുമിളി" എന്നു വിളിച്ചതായി പറയപ്പെടുന്നു. അതല്ല തമിഴ്നാട്ടിൽനിന്നും പണ്ടെങ്ങോ വന്ന "കുമുളി" എന്നുപേരുള്ള ഒരു സ്ത്രീ ഇന്നത്തെ ബസ് സ്റ്റാൻഡിൽ മരിച്ചു കിടന്നതായും ആ സ്ത്രീയെ കാണാൻ വന്നവർ "കുമുളി"-യെ കാണാൻ പോകുന്നു" എന്നു പറഞ്ഞതായും പിന്നീടത് "കുമിളി" ആയതായും പറയപ്പെടുന്നു.



കാട്ടുമൃഗങ്ങളോടും കൊടുംതണുപ്പിനോടും മല്ലടിച്ച് ഇവിടെ വാസമുറപ്പിച്ചവരാണ് ഇന്നത്തെ കുടിയേറ്റക്കാരുടെ മുൻതലമുറക്കാർ. ആദ്യകാലത്ത് കുടിയേറിയവരിൽ കുറെ ആളുകൾ അന്നത്തെ ദുരിതപൂർണ്ണമായ സാഹചര്യത്തോട് പിടിച്ചു നിൽക്കാനാവാതെ മടങ്ങിപ്പോയിട്ടുണ്ട്. ഒരു കുടുംബത്തിൻെറ എല്ലാ സ്വഭാവ വിശേഷത്തോടുംകൂടിയുള്ള ജനവാസം പഞ്ചായത്തിൽ തേക്കടിയിലാണ് ആരംഭിച്ചത് എന്നു പറയാം. കുളത്തുപാലത്തിനു വടക്കുപടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന വയൽപ്രദേശത്താണ് ആദ്യമായി കൃഷി ആരംഭിച്ചത് എന്നു പറയുന്നു. എന്നാൽ ഇതിനു മുമ്പും നാണ്യവിളയായ ഏലകൃഷിയുണ്ടായിരുന്നു. ഏലം പ്രധാനമായും അന്ന് വനവിഭവമായിരുന്നു. പൂഞ്ഞാർ സ്വദേശിയായ കിഴക്കെത്തോട്ടം ഔസേപ്പച്ചൻ, വാഴത്തോട്ടം ഔസേപ്പച്ചൻ എന്നിവർആണ് ഇവിടുത്തെ ആദ്യത്തെ കുടിയേറ്റ കൃഷിക്കാർ. നെല്ലായിരുന്നു ആദ്യമായി കൃഷി ചെയ്തിരുന്നത്. ഈ കാലയളവിൽ മരത്തിനു മുകളിൽ കെട്ടിയുണ്ടാക്കിയ ഏറുമാടങ്ങളിൽ ആയിരുന്നു ജനവാസം. 1944 മുതൽ 47 വരെയുള്ള കാലയളവിൽ അമരാവതി ഒഴിച്ചുള്ള കുമളിയുടെ മിക്കവാറും എല്ലാ മേഖലകളിലും ആളുകൾ വ്യാപകമായി കുടിയേറി. കുമളി പഞ്ചായത്തിൽപെട്ടതും 126 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നതും ഇപ്പോൾ പഞ്ചായത്തിൻെറ 13-ാം വാർഡുമായ പമ്പാവാലിയിൽ കൂടുതൽ ഭക്ഷ്യോൽപാദനം (Grow more food) എന്ന ഗവൺമെൻറ് പദ്ധതിയനുസരിച്ച് തടിവെട്ടി നീക്കിയ പ്രദേശങ്ങൾ ലവി ഈടാക്കിക്കൊണ്ടു കൃഷിക്കു കൊടുക്കുകയാണുണ്ടായത്. ഏക്കറിന് 5 പറ നെല്ലായിരുന്നു ലവി നിശ്ചയിച്ചിരുന്നത്.

70 വർഷം മുമ്പ് തമിഴ്നാട്ടിലെ പാളയത്തുനിന്നും കുട്ടിക്കാനത്തേക്ക് കരിഗ്യാസ് ഉപയോഗിച്ച് ഓടിക്കുന്ന ബസ് സർവീസ് നടത്തിയിരുന്നു. ഹൈറേഞ്ചിൻെറ പല ഭാഗത്തും തേയില തോട്ടങ്ങൾ സ്ഥാപിച്ച വെള്ളക്കാർ കെ. കെ.

റോഡിൻെറ നിർമ്മാണത്തിൽ ആദ്യകാലം മുതൽ തന്നെ താല്പര്യമെടുത്തിരുന്നു. 1914-ൽ കെ. കെ. റോഡ് പൂർണ്ണ സഞ്ചാരയോഗ്യമാക്കിത്തീർത്തു. 1916-ൽ കുളത്തുപാലത്തിൻെറ ഇന്നു കാണുന്ന രീതിയിലുള്ള പണി പൂർത്തിയാക്കി. നമ്മുടെ പഞ്ചായത്തിൻെറ വടക്കുഭാഗത്തെ ബന്ധിപ്പിക്കുന്ന മൺറോഡുകളിൽ പലതും ആങ്കൂർ റാവുത്തർമാർ തടി കൊണ്ടുപോകുന്നതിനുവേണ്ടി നിർമ്മിച്ചവയാണ്. ചെങ്കര, മുരുക്കടി പ്രദേശങ്ങളിൽ ജനവാസം തുടങ്ങിയതിനെപ്പറ്റി മുമ്പ് പറഞ്ഞുവല്ലോ. മുരുക്കടിയിലെ തേയില ത്തോട്ടം തമിഴ്നാട് സ്വദേശിയായ കല്യാണ സ്വാമി എന്നയാളുടെ വക ആയിരുന്നു. പ്രസ്തുത തോട്ടം 1935ൽ മങ്കൊമ്പ് അയ്യർമാർ വിലയ്ക്കുവാങ്ങി.

1935-ഓടുകൂടി ഇവിടെ അഞ്ചൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. തേക്കടിയിലായിരുന്നു ആദ്യത്തെ അഞ്ചലാഫീസ്. ഇക്കാലത്ത് കുമളി ചങ്ങനാശ്ശേരി താലൂക്കിലും നെടുംകുന്നം പകുതിയിലും ഉൾപ്പെട്ടിരുന്നതായി പഴയകാല സർക്കാർ രേഖകളിൽ കാണുന്നു. 1890-ൽ ഇവിടെ പകുതിക്കച്ചേരി (വില്ലേജ് ഓഫീസ്) പ്രവർത്തനമാരംഭിച്ചു. ഇതിൻെറ ആസ്ഥാനവും തേക്കടിയിലായിരുന്നു. 1914-ൽ കോട്ടയത്തോടൊപ്പം കുമളി എന്ന സ്ഥലനാമവും സർക്കാർ അംഗീകരിച്ചു. ഉദ്ദേശം 70 വർഷങ്ങൾ മുമ്പ് ആങ്കൂർ ജന്മിമാരുടെ വക ചൗക്കയിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ കെട്ടിടത്തിൽ ആരംഭിച്ച സ്കൂൾ ആണ് കുമളിയിലെ ആദ്യത്തെ വിദ്യാഭ്യാസകേന്ദ്രം. ഈ സ്കൂളാണ് ഇന്നത്തെ കുമളി ഗവ. വൊക്കേഷണൽ ഹയർ സെക്കൻണ്ടറി സ്കൂളായി പ്രവർത്തിക്കുന്നത്. ഇന്നു പഞ്ചായത്തിൽ ആകെ 5 ഹൈസ്കൂളുകളും 7 എൽ. പി., യു. പി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ഇന്നേക്ക് ഉദ്ദേശം 70 വർഷങ്ങൾക്കെങ്കിലും മുമ്പ് ഇവിടെ ചെറുതായെങ്കിലും വ്യാപാരമേഖലയ്ക്ക് അടിസ്ഥാനം ആരംഭിച്ചിരുന്നു. ചാക്കോളയുടെയും ഫ്രാൻസിസിൻെറയും പലചരക്കുകടകളും ബാച്ചാറാവുത്തരുടെ ജൗളിക്കടയും കൊച്ചുണ്ണിക്കാക്കായുടെ ചായക്കടയും സക്കറിയാസ് എന്ന പേരിൽ ഒരു ചെറിയ ലോഡ്ജും ആരംഭിച്ചിരുന്നു. കേരള കാർഡമം കമ്പനി എന്ന പേരിൽ പരേതനായ ജെ. ജോസഫ് ഒറ്റപ്ലാക്കലിൻെറ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനവും പരേതനായ അയ്യാദുരൈ നാടാരുടെ കടയുമാണ് മലഞ്ചരക്കു വ്യാപാരരംഗത്തെ ആദ്യത്തെ സ്ഥാപനങ്ങൾ. ഏലമായിരുന്നു അന്നത്തെ മുഖ്യ വിപണനവസ്തു. ഒരു റാത്തൽ ഏലത്തിന് 5 മുതൽ 7 വരെ രൂപയായിരുന്നു വില. ഇന്ന് ഈ രംഗത്ത് 40-ൽപരം വ്യാപാരകേന്ദ്രങ്ങളും അത്രത്തോളം സ്പൈസസ് റീട്ടെയിൽ കടകളും രണ്ട് വൻകിട ഓക്ഷൻ (Auction) കമ്പനികളും ഉണ്ട്. തടിവ്യാപാരരംഗത്തും കുമളി ശ്രദ്ധിക്കപ്പെട്ടിരുന്നു. 1955 മുതൽ ഇവിടെ ആരംഭിച്ച തടി ഡിപ്പോ ഇപ്പോഴുമുണ്ട്. വ്യാപാരരംഗത്ത് വ്യാപാരി വ്യവസായികളുടെ ശക്തമായ സംഘടനയും ഇന്നുണ്ട്. വിവിധതരത്തിൽപ്പെട്ട വ്യാപാരത്തോടൊപ്പം ടൂറിസം വ്യവസായവും കുമളിയെ പ്രശസ്തിയിലേക്ക് നയിച്ചിട്ടുണ്ട്. കുടിയേറ്റത്തിൻെറ കാലത്തോടനുബന്ധമായി കാർഷികമേഖലയും പടിപടിയായി ശക്തി പ്രാപിക്കുകയുണ്ടായി. എന്നാലിന്ന് ഈ മേഖല കനത്ത തകർച്ചയെ നേരിടുകയാണ്.



കുടിയേറ്റം ശക്തിപ്പെട്ടതോടുകൂടി എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളുടെ ആത്മീയമേഖലയ്ക്കും അടിസ്ഥാനം ഉണ്ടാകാൻ തുടങ്ങി. ക്രിസ്ത്യൻ ദേവാലയങ്ങളിൽ ലൂർദ് പള്ളിയും ക്ഷേത്രങ്ങളിൽ ശ്രീ മഹാഗണപതി ഭദ്രകാളി ക്ഷേത്രവും, മുസ്ലിം ആരാധനാലയങ്ങളിൽ കുമളി ഷംസുൽ ഇസ്ലാം ജുമാ മസ്ജിദുമാണ് ഇവിടത്തെ ഏറ്റവും പഴക്കം ചെന്ന ആരാധനാലയങ്ങൾ.

ആങ്കുർ ജന്മിമാരുടെയും മങ്കൊമ്പു സ്വാമിമാരുടെയും സാന്നിദ്ധ്യം കുമളിയിൽ ജന്മിത്വത്തിന്റെ വേരുപാകി. 1947–ഓടുകൂടി ആങ്കുർ ജന്മിമാർ ജന്മിത്വത്തിന്റെ പ്രകടിത രൂപത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. 1952 കാലമായപ്പോഴേക്ക് ജന്മിമാർ കുടിയേറ്റക്കാരിൽനിന്നും നിർബന്ധിച്ചും ബലംപ്രയോഗിച്ചുമുള്ള പാട്ടപ്പിരിവ് തുടങ്ങി. ഇങ്ങനെ പിരിക്കുന്ന പാട്ടത്തിന് രസീത് കൊടുത്തിരുന്നില്ല. കുടിയേറ്റ കൃഷിക്കാർക്ക് വീടുവച്ചു താമസിക്കുന്നതിനുള്ള അനുവാദംപോലും നിഷേധിച്ചിരുന്നു. കേരള സർക്കാർ അംഗീകരിച്ചു നടപ്പാക്കിയ ഭൂപരിഷ്കരണനിയമം കേരളത്തിലെമ്പാടുമെന്നപോലെ നമ്മുടെ പഞ്ചായത്തിലെ നൂറുകണക്കിനു കൃഷിക്കാർക്കും അമൂല്യമായ നേട്ടമാണുണ്ടാക്കിക്കൊടുത്തത്. ആങ്കുർ ജന്മിമാരുടെയും മങ്കൊമ്പിൽ സ്വാമിമാരുടെയും നൂറുകണക്കിനേക്കർ ഭൂമിയിലെ കൈവശ കൃഷിക്കാരും പാട്ടകുടിയാന്മാരും ഈ നിയമത്തോടെ മണ്ണിന്റെ ഉടമകളായി മാറി. വിശിഷ്യാ കുമളി ടൗൺ നിവാസികൾക്കുണ്ടായ നേട്ടം വിലമതിക്കാനാവാത്തതാണ്! കുമളിയിലെ ഭൂമിയുടെ ഉടമാവകാശം സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കേണ്ടതുണ്ട്. വനഭൂമി ഏലംകൃഷി ചെയ്യുന്നതിനുവേണ്ടി മരങ്ങൾ സംരക്ഷിക്കണമെന്ന വ്യവസ്ഥയിൽ പാട്ടത്തിനു കൊടുത്തിട്ടുള്ളതാണ്. ഇന്ന് ഏലകൃഷി തകർച്ചയെ നേരിടുകയാണ്. ഈ പ്രദേശങ്ങളിൽ കൃഷിക്കാർ മറ്റു കൃഷികളെ ആശ്രയിക്കേണ്ടിവന്നിരിക്കുകയാണ്.

ഇടുക്കി പദ്ധതിക്കുവേണ്ടി അയ്യപ്പൻകോവിലിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട കൃഷിക്കാരെ കുടിയിരുത്തുന്നതിനുവേണ്ടി നടന്ന സമരം പഞ്ചായത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. 1961 മെയ് 2-ാം തീയതി കുടിയൊഴിപ്പിക്കൽ ആരംഭിച്ചു. കുടിയൊഴിപ്പിക്കപ്പെട്ട ആബാലവൃദ്ധം ജനങ്ങളെയും കോരിച്ചൊരിയുന്ന മഴയത്താണ് അമരാവതിയിൽ കൊണ്ടുവന്നിറക്കിയത്. താമസസൗകര്യമോ, ഭക്ഷണമോ മരുന്നുകളോ ഇല്ലാതെ നരകയാതന അനുഭവിച്ചിരുന്ന അഭയാർത്ഥി ക്യാമ്പുകളിൽ ജനനവും മരണവും ഒപ്പം നടന്നിരുന്നു. ഒഴിപ്പിക്കപ്പെട്ടവർക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും ജീവിതസൗകര്യങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നടത്തിയ ഐതിഹാസികമായ സമരം കേരളത്തിന്റെയെന്നല്ല ഇന്ത്യയിലെ തന്നെ കൃഷിക്കാരുടെ ചരിത്രത്തിലെ ഒരു രജതരേഖയാണ്. അന്ന് ഇന്ത്യൻ പാർലമെന്ററിലെ പ്രതിപക്ഷനേതാവും കമ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത നേതാവുമായിരുന്ന എ. കെ. ഗോപാലനേയും കത്തോലിക്കാ സഭയുടെ അഭിവന്ദ്യ പുരോഹിതനായ ഫാദർ ജോസഫ് വടക്കനേയും (വടക്കനച്ചൻ) മനുഷ്യസ്നേഹികൾക്കു മറക്കാൻ കഴിയില്ല.

എ. കെ. ജി. നീണ്ട പതിനാല് ദിവസത്തെ നിരാഹാര സത്യഗ്രഹം അനുഷ്ഠിച്ചു. ഫാദർ ജോസഫ് വടക്കനും കത്തോലിക്കാ സഭയും കർഷകസംഘവും ചരിത്രപ്രസിദ്ധമായ ഈ സമരത്തിന്റെ സാമൂഹ്യമായ നേതൃത്വം ഏറ്റെടുത്ത്, അമരാവതിയിലെ ചെളിക്കുണ്ടിൽ കിടന്ന് യാതന അനുഭവിച്ച പാവം മനുഷ്യർക്ക് അത്താണിയായി പ്രവർത്തിച്ചു. ഈ സമരത്തെ സഹായിച്ച മറ്റ് മത സാമൂഹ്യ സാംസ്കാരിക സംഘടനകളെയും ഇതര പ്രസ്ഥാനങ്ങളേയും വ്യക്തികളേയും സ്മരിക്കാതെ കുമളിയുടെ ചരിത്രം പൂർണ്ണമാവുകയില്ല. ഈ സമരത്തോടുകൂടി കുമളി കേരളത്തിന്റെ ചരിത്ര ഭൂപടത്തിൽ എണ്ണപ്പെട്ടതായിത്തീർന്നു. എന്നു മാത്രമല്ല മേലിൽ ഒഴിപ്പിക്കപ്പെടുന്ന കൃഷിക്കാർക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും നൽകണമെന്ന വ്യവസ്ഥ കേരള സർക്കാർ അംഗീകരിക്കുകയും ചെയ്തു.



അമരാവതിയിലെ കൃഷിക്കാർക്കുവേണ്ടി 1962 ൽ ആരംഭിച്ച പരസ്പര സഹായ സഹകരണസംഘമാണു ഇന്നത്തെ അമരാവതി സർവ്വീസ് സഹകരണബാങ്ക്. ഇത് കുമളിയിലെ ആദ്യത്തെ സഹകരണ സ്ഥാപനമാണ്. മേൽപ്പറഞ്ഞ കൃഷിക്കാരുടെ ഓഹരി വിഹിതമായി ചങ്ങനാശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് തിരുമേനിയും കെ. പി. സി. സി.യും നൽകിയ അയ്യായിരം (5,000) രൂപാ വീതമുള്ള തുകകളാണ് ഇതിൻെറ ആദ്യത്തെ പ്രവർത്തന മൂലധനം. ഇത് ഒരുപക്ഷേ സംസ്ഥാനത്തിനുതന്നെ മാതൃകയാകാം. ഈ സംഘത്തിൻെറ ചീഫ് പ്രെമോട്ടർ മിസ്സിസ് ആർ. വി. തോമസും പ്രസിഡൻറ് പരേതനായ ടി. എസ്. തോമസും (തെക്കേക്കുറ്റ് സാർ) ആയിരുന്നു.

കുമളിയുടെ വികസനചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന പങ്ക് കൊല്ലംപട്ടട ഹരിജൻ കോളനിക്കുണ്ട്. മേൽപ്പറഞ്ഞ ആങ്കൂർ ജന്മിമാർ തടി കയറ്റിക്കൊണ്ടു പോകുന്നതിനുള്ള പോത്തുവണ്ടികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും മറ്റ് ഇരുമ്പുപണികൾ നടത്തിയിരുന്നതുമായ സ്ഥലമാണ് പിൽക്കാലത്ത് കൊല്ലം പട്ടടയായി രൂപാന്തരപ്പെട്ടത് എന്നു പറയുന്നു. കൊല്ലവർഷം ആയിരത്തി ഒരുനൂറ്റി പതിനൊന്ന് (1111)ൽ കൊല്ലംപട്ടട പ്രദേശത്ത് 56 $^{1}/_{4}$ (അൻപത്തി ആറേകാൽ) ഏക്കർ ഭൂമി ഇരുപത്തിരണ്ട് (22) പട്ടികജാതി കുടുംബങ്ങൾക്ക് സർക്കാർ കരമൊഴിവാക്കി (ദാനപ്പതിവ്) നൽകി. 1966-ാം മാണ്ടിൽ കൊല്ലംപട്ടട പട്ടികജാതി കോളനിയായി സർക്കാർ അംഗീകരിച്ചു. വൈക്കം, തിരുവല്ല, ആറന്മുള, ചെങ്ങന്നൂർ, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ നിന്നുള്ളവരായിരുന്നു ആദ്യകാല നിവാസികൾ.

മനുഷ്യചരിത്രത്തിൽ ഏറെ പഴക്കമുള്ള മറ്റൊരു ജനവിഭാഗമാണു നമ്മുടെ പഞ്ചായത്തിലെ ആദിവാസികൾ. മന്നാൻ, പളിയൻ എന്നീ രണ്ടു വിഭാഗങ്ങളിൽ ഉൾപ്പെട്ട ഇവർ കുമളി പഞ്ചായത്തിൻെറ മൂന്നാം വാർഡിലെ ട്രൈബൽ സെറ്റിൽമെൻറിലാണ് അധിവസിക്കുന്നത്. ഇവരുടെ മുൻഗാമികൾ തമിഴ്നാട്ടിലെ മധുര ജില്ലയിൽ താമസിച്ചിരുന്നവരാണ്. 17-ാം നൂറ്റാണ്ടിൽ നാട്ടുരാജാക്കന്മാരും വിദേശീയരും തമ്മിൽ നടന്ന യുദ്ധത്തിൽ ഇവർ പങ്കെടുത്തു. ആദിവാസികളുടെ പരമ്പരാഗത ആയുധങ്ങളായ തെറ്റാലി, അമ്പും വില്ലും കവണയുമാണ് ഇവർ യുദ്ധത്തിന് ഉപയോഗിച്ചിരുന്നത്. ഒരു ഘട്ടത്തിൽ മധുരയിൽനിന്നും നാടുവിടേണ്ടി വന്ന ഇവർ പൂഞ്ഞാറ്റിൽ തമ്പുരാൻെറ സഹായത്തോടെ തമിഴ്നാട്ടിലെ ഇന്നു കാണുന്ന ഗൂഡല്ലൂർ വഴി കുമളിയിലെത്തി ചുറ്റുമുള്ള വനങ്ങളിൽ കുടിയേറിപ്പാർത്തു. ആ കാലത്ത് ഇന്നത്തെ തമിഴ്നാട്ടിലുൾപ്പെട്ട മധുര ജില്ലയുടെ ഏറിയ ഭാഗവും പൂഞ്ഞാർ തമ്പുരാക്കന്മാരുടെ വകയായിരുന്നുവെന്ന് പറയപ്പെടുന്നു വന്യമൃഗസംരക്ഷണത്തിനുവേണ്ടി ഇവരെ 1952-ൽ ലബ്ബക്കണ്ടം ഭാഗത്തേക്കു മാറ്റി പാർപ്പിക്കുകയുണ്ടായി. സാമൂഹ്യമായും സാംസ്കാരികമായും പ്രാകൃത നിലവാരത്തിൽ ആയിരുന്ന ഇവർ ഇപ്പോൾ പുരോഗതിയുടെ പാതയിലേക്ക് നീങ്ങുന്നുണ്ട്. എന്നിരുന്നാലും സങ്കീർണ്ണമായ പല പ്രശ്നങ്ങളും ഇവരെ അലട്ടുന്നുണ്ട്. രണ്ടു ഗോത്രങ്ങളിലായി 500-ൽ താഴെ കുടുംബങ്ങൾ ആണുള്ളത്. ഇവരുടെ ഇടയിൽ തങ്ങളുടെ കൃഷി പാട്ടത്തിനോ ഒറ്റിക്കോ കൊടുത്ത് താൽക്കാലികാവശ്യങ്ങൾ നിറവേറ്റുന്ന സമ്പ്രദായം തുടരുന്നു. ഈ നടപടി ഇവരുടെ നിലനില്പിനും പുരോഗതിക്കും വലിയ തടസ്സമായിട്ടുണ്ട്.



101 വർഷങ്ങൾ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം നമ്മുടെ പഞ്ചായത്തിൻെറ ചരിത്രത്തിലെ ഒരിതിഹാസമാണ്. കേണൽ ഫെന്നിക്യുക്ക് എന്ന

ബ്രിട്ടീഷ് എൻജിനീയർ (മിലിട്ടറി എൻജിനീയർ) ആണ് ഡാം നിർമ്മാണത്തിന് നേതൃത്വം നൽകിയത്. പണി പൂർത്തിയാകാൻ 9 വർഷം എടുത്തു. 158 അടി ഉയരവും 12 അടി വീതിയും 1200 അടി നീളവുമുള്ള ഈ ഡാം സുർക്കി കോൺക്രീറ്റ് ഉപയോഗിച്ചാണു നിർമ്മിച്ചിട്ടുള്ളത്. അണക്കെട്ടിനു സ്ഥലം കാണിച്ചു കൊടുത്തത് കറുപ്പമന്നാൻ, നായമന്നാൻ എന്നീ ആദിവാസികൾ ആയിരുന്നു എന്നു പറയപ്പെടുന്നു. അന്നത്തെ മദിരാശി പ്രസിഡൻസി (ബ്രിട്ടീഷ് ഗവൺമെൻറ്)യുടെ ഭരണാധികാരികൾ തിരുവിതാംകൂർ മഹാരാജാവിൽനിന്നും പാട്ടത്തിനു വാങ്ങിയ സ്ഥലത്താണ് തമിഴ്നാടിൻെറ കാർഷിക ആവശ്യത്തിനായി 1895-ൽ ഈ ഡാം നിർമ്മിച്ചത്. ഇത്രയും പഴക്കമുള്ള ഡാം ഒരുപക്ഷേ വേറെയില്ലെന്നാണു പറയുന്നത്. ജലസംഭരണിയിൽനിന്നുള്ള വെള്ളം ആദ്യകാലത്ത് ആനവച്ചാൽ കുളത്തുപാലം തോട്ടിലൂടെ ഒഴുകി ഇന്ന് ലേക് ക്യൂൻ സ്ഥിതിചെയ്യുന്ന ഭാഗത്തുകൂടി അക്കാലത്തുണ്ടായിരുന്ന കനാലിലൂടെ വന്ന് കുമളി ക്ഷേത്രത്തിൻെറ പടിഞ്ഞാറു വശത്തുകൂടി ഇപ്പോഴത്തെ ഫോറസ്റ്റ് ഡിപ്പോ കോമ്പൗണ്ടിലൂടെയാണ് തമിഴ്നാട്ടിലേക്ക് ഒഴുക്കിക്കൊണ്ടു പോയിരുന്നത്. ഡാമിൻെറ ജലസംഭരണശേഷിയെ സംബന്ധിച്ചും സുരക്ഷിതത്വത്തെപ്പറ്റിയും ഇപ്പോൾ ആശങ്ക നിലനില്ക്കുന്നുണ്ട്.

1934-ൽ തിരുവിതാംകൂർ മഹാരാജാവ് തേക്കടി ഉൾപ്പെട്ട നെല്ലിക്കാംപെട്ടി വനപ്രദേശത്തെ വന്യമൃഗസംരക്ഷണകേന്ദ്രമായി പ്രഖ്യാപിച്ചു. 1950-ൽ നെല്ലിക്കാംപെട്ടി റിസർവിൻെറ കൂടെ പെരിയാർലേക്ക്, ശബരിമല തുടങ്ങിയ പ്രദേശങ്ങൾ കൂട്ടിച്ചേർത്തു. ഇതോടെ പെരിയാർ വന്യമൃഗസങ്കേതകേന്ദ്രത്തിൻെറ വിസ്തീർണ്ണം 777.54 ച.ക.മീ. ആയി. 1978-ൽ ആണ് പെരിയാർ വന്യമൃഗസംരക്ഷണകേന്ദ്രം ലോകത്ത് വംശനാശഭീഷണി നേരിടുന്ന കടുവകളെ സംരക്ഷിക്കുന്നതിന് പ്രൊജക്ട് ടൈഗർ ആയി പ്രഖ്യാപിക്കപ്പെട്ടത്. ഇവിടെ ഇപ്പോൾ അൻപതിലേറെ ഇനം മൃഗങ്ങളും, അസംഖ്യം പക്ഷികളും ഉള്ളതായി കണക്കാക്കപ്പെടുന്നു. തിട്ടപ്പെടുത്തുവാൻ കഴിയാത്ത സസ്യജൈവ സമ്പത്തുക്കൾ വേറെയും ഉണ്ട്. ഈ അമൂല്യ സമ്പത്തിൻെറ ആദ്യകാല സംരക്ഷകരിൽ പ്രധാനികൾ സി. എച്ച്. റോബിൻസൺ എന്ന വെള്ളക്കാരനായ ഗെയിം വാർഡനും പിന്നീട് വന്ന വുഡ് (വുഡ് സായിപ്പ്) എന്ന റെയിഞ്ചാഫീസറുമായിരുന്നു.

പ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ തേക്കടി, കുമളി പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. വളരെക്കാലം മുമ്പുതന്നെ ഇവിടെ വിനോദസഞ്ചാരികൾ വന്നിരുന്നു. ഇടപ്പാളയം കൊട്ടാരം തന്നെ ഇതിൻെറ പഴക്കം കാണിക്കുന്നു. ടൂറിസം വകുപ്പു തേക്കടിയിൽ പണികഴിപ്പിച്ച ഹോട്ടൽ 1952-ൽ ഉൽഘാടനകർമ്മം നിർവഹിച്ച് ഇതിന് ആരണ്യനിവാസ് എന്നു നാമകരണം ചെയ്തത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആണെന്നത് തേക്കടിയുടെ വിനോദസഞ്ചാര ചരിത്രത്തിൻെറ പ്രാധാന്യം തെളിയിക്കുന്ന സംഗതിയാണ്. പച്ചക്കാനം എസ്റ്റേറ്റിലേക്ക് മെയിൽ കൊണ്ടുപോകുന്നതിന് ആരംഭിച്ചതാണ് തേക്കടിയിലെ ആദ്യത്തെ ബോട്ട് സർവീസ്.

1953 ഡിസംബർ മാസം 26-ാംതീയതി കുമളി പഞ്ചായത്ത് രൂപീകരിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രഥമ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. എൻ. വിശ്വനാഥ അയ്യരും പഞ്ചായത്തിൻെറ ആസ്ഥാനം മുരുക്കടിയും ആയിരുന്നു. ആദ്യകാല ഭരണസമിതി മുതൽ നാളിതുവരെയുള്ള ഭരണസമിതികളുടെ പ്രവർത്തനഫലമായി വളരെയധികം നേട്ടങ്ങളുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രഥമ പ്രസിഡണ്ട് ശ്രീ. എൻ. വിശ്വനാഥ അയ്യർ സംഭാവനയായി നൽകിയ ചെളിമടയിലുള്ള 27 സെൻറ് ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിൽ ആണ് പഞ്ചായത്ത് ഓഫീസ് അടുത്ത കാലംവരെ പ്രവർത്തിച്ചിരുന്നത്.



## കുമളി ഗ്രാമപഞ്ചായത്തിൻെറ വസ്തുവകകൾ

| സ്ഥിതി ചെയ്യുന്ന സ്ഥലം | വസ്തുവിവരം | പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
|---|---|---|
| ചെളിമടക്കവല | 27 സെൻറ് വസ്തുവും കെട്ടിടവും | കൃഷിഭവൻ |
| കുമളി | 50 " | റെസ്റ്റ് ഹൗസ് |
| | | ടെലഫോൺ എക്സ്ചേഞ്ച് |
| | | ഫിഷറീസ്, അസി. ഡയ. ആഫീസ് |
| കുമളി | 11 1/2 " | ഗ്രാമപഞ്ചായത്ത് ആഫീസ് |
| | | & വില്പനനികുതി ആഫീസ് |
| കുമളി | 7 " | സംസ്കാരികനിലയം |
| | | & പബ്ലിക്ക് ലൈബ്രറി |
| കുമളി | 8 " | കംഫർട്ട് സ്റ്റേഷൻ |
| കുമളി | 97 സെൻറു വസ്തു | പഞ്ചായത്ത് ബസ്സ്റ്റാൻഡ് |
| | | K.S.R.T.C. സ്റ്റേഷൻ മാസ്റ്റർ ആഫീസ് |
| ചെങ്കര | 1 1/4 ഏക്കർ | പൊതുശ്മ്ശാനം |
| ചെങ്കര | 2 1/2 ഏക്കർ വസ്തുവും കെട്ടിടങ്ങളും | പഞ്ചായത്ത് വക L.P. സ്കൂൾ |
| വെള്ളാരംകുന്ന് | സ്ഥലവും കെട്ടിടവും | ഗവ. മൃഗാശുപത്രി |
| ചെളിമട | " | വെയിറ്റിംഗ് ഷെഡ് |
| ചോറ്റുപാറ | " | പോസ്റ്റ് ഓഫീസ് |

മുകളിൽ വിവരിച്ചിരിക്കുന്ന വസ്തുവകകൾ വിവിധ കാലയളവിൽ പഞ്ചായത്തിന് സ്വന്തമാക്കാൻ കഴിഞ്ഞിട്ടുള്ളവയാണ്. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സംസ്ഥാന ഗവൺമെൻറുകളുടെ അകമഴിഞ്ഞ സഹായവും പൊതുജനങ്ങളുടെ നിർലോപമായ സഹകരണവും ഈ കാര്യത്തിൽ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ അതിപുരാതനമായ ഒരു ചരിത്ര സ്മാരകമാണ് കുമളിയിൽനിന്നും 13 കിലോമീറ്റർ അകലെ വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന മംഗളാദേവി ക്ഷേത്രം. കണ്ണകിയാണ് ഇവിടത്തെ പ്രതിഷ്ഠ. സമുദ്രനിരപ്പിൽ നിന്നും 4666 അടി ഉയരത്തിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പൂർണ്ണമായും കരിങ്കല്ലിൽ നിർമ്മിച്ചിട്ടുള്ളതും കൊത്തുപണികളോടുകൂടിയതുമായ ക്ഷേത്രം പൂഞ്ഞാർ രാജകൊട്ടാരം വക ആയിരുന്നു. വിനോദസഞ്ചാരികളെയും ചരിത്ര വിദ്യാർത്ഥികളെയും ഒരുപോലെ ആകർഷിക്കുവാനും പ്രയോജനപ്പെടുത്തുവാനും കഴിയുന്ന മറ്റൊരു കേന്ദ്രം പഞ്ചായത്തിലില്ല. കുമളിയുടെ ആവിർഭാവ കാലം മുതൽ വെള്ളക്കാരും ബംഗാളികളും, ഇതര ദേശക്കാരും, വ്യത്യസ്ത ഭാഷ സംസാരിക്കുന്നവരും ഇവിടെ വാസമുറപ്പിച്ചിരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ സമുദായങ്ങൾ, മറ്റു പിന്നോക്ക, മുന്നോക്ക ജനവിഭാഗങ്ങൾ എല്ലാം ചേർന്ന് സഹോദരങ്ങളെപ്പോലെ കഴിയുന്ന അനുഗ്രഹീതമായ ഗ്രാമമാണ് കുമളി പഞ്ചായത്ത്. മേൽപറഞ്ഞ വിഭാഗങ്ങൾക്കു പുറമെ കാഷ്മീർ, നേപ്പാൾ, രാജസ്ഥാൻ എന്നിവിടങ്ങളിൽനിന്നുള്ളവർ വിനോദസഞ്ചാരവുമായി ബന്ധപ്പെട്ടും വ്യാപാരത്തിനായും ഇവിടെ വന്ന് അധിവസിക്കുന്നു. ഇതെല്ലാം ഉൾക്കൊള്ളുന്ന സമ്മിശ്ര സംസ്ക്കാരം ആണു കുമളിയുടേത്. ഈ ചരിത്ര പശ്ചാത്തലത്തിൽ കുമളിയുടെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ കൃഷി, വ്യവസായം എന്നിവയോടൊപ്പം വിനോദസഞ്ചാരത്തിനും പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിച്ചാൽ മാത്രമേ കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കാം.



ചരിത്രഭാഗത്ത് വിവരിച്ച പഴയകാല പശ്ചാത്തലം വായ്മൊഴിയായും വരമൊഴിയായും പൂർണ്ണത തേടുമ്പോൾ, ഇനിയും ബാക്കിയാവുന്ന യാഥാർത്ഥ്യങ്ങൾ കണ്ടുവെന്നുവരാം. ഇതിലേക്കുള്ള കൂട്ടായ അന്വേഷണമാണ് നമുക്കിനിയും തുടരേണ്ടത്.

# 4. ഭൂപ്രകൃതിയും വിഭവങ്ങളും



പശ്ചിമഘട്ട മലനിരകളിൽ തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന കുമളി പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നും 3500 മുതൽ 4600 അടിവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പ്രകൃതിസൗന്ദര്യവും കാലാവസ്ഥയും ഒത്തിണങ്ങിയിട്ടുള്ള പഞ്ചായത്തിൻെറ സിംഹഭാഗവും നിത്യഹരിതവനങ്ങളാണ്. 816.73 ചതുരശ്ര കി. മീ. വിസ്തൃതിയുള്ള പഞ്ചായത്തിൻെറ 777.54 ചതുരശ്ര കിലോമീറ്ററും പെരിയാർ വന്യമൃഗസംരക്ഷണകേന്ദ്രമാണ്. ഭൂപ്രകൃതിയനുസരിച്ച് കുന്നുകൾ, ചരിവ്, സമതലം, താഴ്വരകൾ ഇങ്ങനെ നാലായി തിരിക്കാമെങ്കിലും അങ്ങിങ്ങായി കുറെ പാറക്കെട്ടുകളും ചതുപ്പുകളും ഇവിടെ കാണാം. പഞ്ചായത്തിൽ ഏറിയും കുറഞ്ഞുമുള്ള കുന്നിൻ ചരിവുകൾ, കുന്നിൻപുറങ്ങൾ, താഴ്വര എന്നീ പ്രകാരത്തിലാണ് ഭൂമിയുടെ സ്വഭാവം.

| ഭൂപ്രകൃതി | വിസ്തൃതി ശതമാനത്തിൽ |
|---|---|
| കുന്നിൻ ചരിവുകൾ | 70% |
| കുന്നിൻപുറങ്ങൾ | 15% |
| പാറക്കെട്ട് | 5% |
| സമതലം | 10% |

പഞ്ചായത്തിലുൾപ്പെട്ട ഭൂമിയിൽ കൂടുതൽ ഭാഗവും കിഴക്കു പടിഞ്ഞാറ് ചരിഞ്ഞാണ് കിടക്കുന്നത്. മണ്ണ് നല്ല വളക്കൂറുള്ളതാണെങ്കിലും മുൻപ് ഉണ്ടായിരുന്ന ജൈവഗുണം ഇപ്പോഴില്ല. കറുപ്പു നിറം കലർന്ന പശിമരാശി മണ്ണും ചില ഭാഗങ്ങളിലായി ചെമ്മണ്ണും കാണാം. വേനലിൻെറ ആരംഭത്തിൽ തന്നെ ഇവിടുത്തെ മണ്ണ് ഉണങ്ങി വരണ്ടു കട്ടയായും, മഴപെയ്യുമ്പോൾ വേഗത്തിൽ ചെളി പിടിക്കുന്ന സ്വഭാവമുള്ളതുമാകുന്നു.

| മണ്ണിൻെറ ഇനം | ശതമാനം |
|---|---|
| കറുത്ത പശിമരാശി മണ്ണ് | 70% |
| ചെമ്മണ്ണ് | 15% |
| മണൽ കലർന്ന പശിമരാശി മണ്ണ് | 15% |

ഭൂമിയുടെ മിക്കഭാഗങ്ങളും സസ്യാവരണം ഉള്ളതാണ്. ജലസ്രോതസ്സും മഴയും ധാരാളം ലഭിക്കുന്നുണ്ടെങ്കിലും കുടിവെള്ളത്തിൻെറയും ജലസേചനത്തിൻെറയും കാര്യത്തിൽ നാം വളരെ പിന്നിലാണ്. വർഷകാലത്ത് കുറെഭാഗങ്ങളിൽ വെള്ളക്കെട്ടുണ്ട്. ഭൂഗർഭജല ലഭ്യത കുറെയൊക്കെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലാകെ 32 കുഴൽക്കിണറുകളുമുണ്ട്. മുല്ലപ്പെരിയാർ ജലസംഭരണിയും പെരിയാർ ശുദ്ധജല തടാകവും കുമളി പഞ്ചായത്തിലാണെങ്കിലും, തമിഴ്നാടിൻെറ പൂർണ്ണമായ കൈവശത്തിലും ഉപയോഗത്തിലുമാണ്. അറ്റകുറ്റപ്പണികളുടെ പേരിൽ തമിഴ്നാട് കനാലിന് ആഴം കൂട്ടി അമിതമായി പെരിയാർ തടാകത്തിലെ വെള്ളം ചോർത്തിക്കൊണ്ടുപോകുന്നത് വേനൽകാലത്ത് ഈ പ്രദേശത്ത് വളരെയധികം നീർവാർച്ചയ്ക്ക് ഇടവരുത്തുന്നു.അതുവഴി ആ കാലഘട്ടത്തിൽ

പഞ്ചായത്തിൽ ജലദൗർലഭ്യം അനുഭവപ്പെടാൻ കാരണമായിത്തീരുന്നു. മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പുയർത്താൻ പാടില്ലെന്ന് ജലവിഭവ കമ്മീഷൻെറ തീരുമാനമുണ്ടെങ്കിലും അതെല്ലാം മറികടന്ന് തമിഴ്നാട് ഗവൺമെൻറ് ഡാമിൽ ജലവിതാനം കൂട്ടാനുള്ള ശ്രമത്തിലാണ്. മേൽപ്പറഞ്ഞ രീതിയിൽ തേക്കടി ജലസംഭരണിയിലെ വെള്ളം ക്രമാതീതമായി ചോർത്തിക്കൊണ്ടുപോകുന്നതും ജലനിരപ്പുയർത്തുന്നതും തേക്കടി വന്യജീവി സങ്കേതത്തിനും കുമളി ടൗണിനും ദോഷം ചെയ്യുന്നതാണ്. എല്ലാറ്റിനുമുപരിയായി ഇടുക്കി ഡാമിലേക്കുള്ള നീരൊഴുക്കു ഗണ്യമായി കുറയുന്നതിനുമിടയാക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പുഴകൾ ഒന്നുമില്ല. പത്തുമുറിയിൽനിന്നും ആരംഭിച്ച് അട്ടപ്പള്ളം ചെളിമട ഭാഗത്തുകൂടി ആനവച്ചാലിൽ എത്തുന്ന തോടാണ് പഞ്ചായത്തിലുള്ള ഏറ്റവും നീളംകൂടിയത്. അമരാവതിയിൽനിന്നും ആരംഭിച്ച് നൂലാംപാറ വഴി എത്തുന്ന തോടും ട്രൈബൽ കോളനിയിലെ രണ്ടു തോടുകളും മുരുക്കടി – ചോറ്റുപാറ തോടും സ്പ്രിംഗുവാലി – ചോറ്റുപാറ തോടും സ്പ്രിംഗ്വാലി കുരിശുമല – ചുരക്കുളം തോടും, പത്തുമുറി – ആനക്കുഴി തോടും ആനവിലാസം ചിറ്റുമല തോടുമാണ് പഞ്ചായത്തിലുള്ളതിൽ പ്രധാനപ്പെട്ടവ. ചെറിയ അരുവികളും കൈവഴി തോടുകളും ഇതിനു പുറമേയുണ്ട്. വിവിധ സർക്കാർ വകുപ്പുകളും വ്യക്തികളും വ്യത്യസ്ത സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള കുളങ്ങളും കിണറുകളുമുൾപ്പെട്ടതാണ് ഇവിടത്തെ ജലസ്രോതസ്സ്. ചില കാലങ്ങളിൽ പ്രകൃതിക്ഷോഭം ഉണ്ടായിട്ടുണ്ട്. സമീപകാലത്ത് കാറ്റിൻെറ ഉപദ്രവം കാർഷികമേഖലയിൽ നാശം വിതയ്ക്കാറുണ്ട്. ക്രമം തെറ്റിവരുന്ന കാലാവസ്ഥ ഇവിടെ അനുഭവപ്പെടുന്നുണ്ട്. ഇടവപ്പാതിക്കും തുലാവർഷത്തിനും പുറമേ അടുത്തകാലത്ത് ബംഗാൾ ഉൾക്കടലിൽനിന്നും തമിഴ്നാടിൻെറ തീരപ്രദേശം വഴിയുള്ള ശക്തിയായ ന്യൂനമർദ്ദവും നമുക്കനുഭവപ്പെടുന്നു. ഈ കാലാവസ്ഥ മാറ്റം ചിലപ്പോൾ നാശം വരുത്തുകയും ചെയ്യാറുണ്ട്. ഇതും കൃഷിക്കാർക്ക് വലിയ ഭീഷണിയാണ്. നമ്മുടെ പഞ്ചായത്തിൽ 3265 മി. മീറ്റർ മഴ ലഭിക്കുന്നുണ്ട്.

## കാലാവസ്ഥ പട്ടിക

| മാസം | 95-ൽ പെയ്ത മഴ | 96-ൽ പെയ്ത മഴ |
|---|---|---|
| ജനുവരി | 16 മി. ലി | 30 മി. ലി. |
| ഫെബ്രുവരി | 1 മി ലി. | 32 മി. ലി. |
| മാർച്ച് | 57 മി. ലി. | 49 മി. ലി. |
| ഏപ്രിൽ | 77 മി. ലി. | 248 മി. ലി. |
| മെയ് | 252 മി. ലി. | 21 മി. ലി. |
| ജൂൺ | 247 മി. ലി. | 279 മി. ലി. |
| ജൂലൈ | 265 മി. ലി. | 529 മി. ലി. |
| ആഗസ്റ്റ് | 253 മി. ലി. | 179 മി. ലി. |
| സെപ്റ്റംബർ | 252 മി. ലി. | 194 മി. ലി. |
| ഒക്ടോബർ | 191 മി. ലി: | 388 മി. ലി. |
| നവംബർ | 190 മി. ലി. | 46 മി. ലി. |
| ഡിസംബർ | 2 മി. ലി. | – |



പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്ന കർഷകരും കർഷകത്തൊഴിലാളികളും തോട്ടം തൊഴിലാളികളുമാണ്. വ്യാപാരരംഗത്ത് വളരെ പരിമിതമായ തോതിൽ മാത്രമെ ആളുകൾ പ്രവർത്തിക്കുന്നുള്ളൂ. അഭ്യസ്തവിദ്യരുടെ ഇടയിൽ തൊഴിലില്ലാ

യ്മയുണ്ട്. മനുഷ്യവിഭവശേഷി ആകുന്നത്ര അളവിൽ നമ്മുടെ മണ്ണിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഏഴായിരത്തിൽപരം ഹെക്ടർ സ്ഥലത്താണ് കൃഷി വ്യാപിച്ചു കിടക്കുന്നത്.

പഞ്ചായത്തിലെ റോഡുകളെപ്പറ്റിയും പക്ഷിമൃഗാദികൾ മൽസ്യങ്ങൾ ഇവയെപ്പറ്റിയുള്ള കണക്കുകൾ യഥാക്രമം ചരിത്രം, മൃഗസംരക്ഷണം, കൃഷി, ജലസേചനം, റോഡുകൾ എന്നീ അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ ജനസംഖ്യ 33722 പേർ ആകുന്നു.

ജനസംഖ്യാ ചാർട്ട് (1991-ലെ സെൻസസ് അനുസരിച്ച്)

| പുരുഷൻ | സ്ത്രീ | പട്ടികജാതി | | പട്ടികവർഗ്ഗ | |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 17231 | 16491 | 3638 | 3615 | 901 | 886 |

കുമളി പഞ്ചായത്തിൻെറ 13-ാം വാർഡായ പമ്പാവാലി, കുമളിയിൽനിന്നും 126 കി. മീറ്റർ അകലെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലയിൽപ്പെട്ട മുണ്ടക്കയം, എരുമേലി, മുക്കൂട്ടുതറ വഴിയാണ് പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്കിൽപ്പെട്ട ഈ സ്ഥലത്ത് എത്തിച്ചേരുന്നത്. തങ്ങളുടെ പഞ്ചായത്തു കേന്ദ്രവുമായി ബന്ധപ്പെടുന്നതിന് പമ്പാവാലിയിലെ ജനങ്ങൾ വളരെ ത്യാഗം സഹിക്കുന്നുണ്ട്. അതുപോലെതന്നെ ഒന്നാം വാർഡിൽപ്പെട്ടതും മുന്നൂറിൽപരം ആളുകൾ വസിക്കുന്നതുമായ പച്ചക്കാനം, കുമളിയിൽനിന്നും ഇരുപത്തെട്ടു കി മീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നത്. വണ്ടിപ്പെരിയാർ വഴി യാത്ര ചെയ്താണ് അവിടെയെത്തിച്ചേരുന്നത്.

ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവനമാർഗ്ഗമായ കൃഷിമേഖലയുടെ മുരടിപ്പ് നാം കണ്ടുവല്ലോ? പഴഞ്ചൻ കൃഷിരീതികൾ ഉപേക്ഷിച്ച് കാർഷികരംഗത്ത് പരമാവധി ശാസ്ത്രീയവും ആധുനികവുമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഉൽപാദന വർദ്ധനവുണ്ടാക്കുകയാണ് നമ്മുടെ മുൻപിലുള്ള ഏക മാർഗ്ഗം. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ പെരുകുകയാണ്. പാഴാകുന്ന ഈ മനുഷ്യ സമ്പത്ത് പ്രയോജനപ്പെടുത്തുവാൻ കഴിയണം. ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി കൃഷി ഭൂമി വർദ്ധിക്കുന്നില്ല എന്ന യാഥാർത്ഥ്യവും നാം ഗൗരവപൂർവ്വം വീക്ഷിക്കണം. ഉൽപന്നങ്ങളുടെ ഗുണനിലവാരം നിലനിൽക്കത്തവിധം സംസ്ക്കരിക്കാനും കൂടുതൽ ജാഗ്രത പാലിക്കണം. അന്തർ ദേശീയ കമ്പോളങ്ങളെ പലപ്പോഴും ആശ്രയിക്കേണ്ടിവരുന്ന നമ്മുടെ ഉൽപന്നങ്ങൾ ഗുണനിലവാരത്തിൻെറ പരിശോധനയിൽ പലപ്പോഴും പിന്തള്ളപ്പെട്ടുപോകുന്നു. വിപണനരംഗത്ത്, കൃഷിക്കാരുടെ ഉൽപന്നങ്ങൾ വാങ്ങാനുള്ള ഗവൺമെൻറിൻെറ ഇന്നത്തെ സംവിധാനം കാര്യക്ഷമമാക്കണം. വിള ഇൻഷുറൻസ് പദ്ധതിക്ക് കൃഷിക്കാരുടെ ഇടയിൽ പ്രചാരണം കൊടുക്കുകയും കൂടുതൽ ആളുകളെ ഇതിൻെറ പരിധിയിൽ കൊണ്ടുവരുകയും വേണം. ഇപ്പോൾ പഞ്ചായത്തിൽ 133 പേർ മാത്രമാണ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. കാലാവസ്ഥ മാറ്റങ്ങളെ മനസ്സിലാക്കി കൃഷിയിറക്കാൻ കഴിയുംവിധം അവരെ സഹായിക്കേണ്ടതാണ്. കൃഷിക്കനുബന്ധമായി ടൂറിസത്തിൻെറ മേഖല നമുക്കു വിപുലപ്പെടുത്തുവാൻ കഴിയണം. എല്ലാത്തിനുമുപരിയായി മനുഷ്യാദ്ധ്വാനവും, ഇന്നുള്ള വിഭവങ്ങളും പ്രയോജനപ്പെടുത്തി കൃഷി ചെയ്യാനുള്ള ഒരു പ്ലാനും പദ്ധതിയും അതതു വാർഡുകൾ കേന്ദ്രീകരിച്ചു തയ്യാറാക്കുന്നതു നന്നായിരിക്കും. ഇത് നമ്മുടെ ഉൽപാദനം വർദ്ധിപ്പിക്കുമെന്നതിൽ തർക്കമില്ല. വരും തലമുറ അദ്ധ്വാനത്തിൻെറ മഹത്വം മനസ്സിലാക്കിയാൽ മാത്രമെ ഇന്നത്തെ ഈ ദുഃസ്ഥിതിയിൽനിന്നും നമുക്കു കരകയറുവാനും ഭാവിതലമുറ യ്ക്ക് ആശയ്ക്കും പ്രതീക്ഷയ്ക്കും ഇട നൽകാനും കഴിയുകയുള്ളൂ.

| കാലാവസ്ഥ പൊതുവിൽ | |
|---|---|
| വേനൽക്കാലം | ഫെബ്രുവരി<br>മാർച്ച്<br>ഏപ്രിൽ, മെയ് |
| മഴക്കാലം | ജൂൺ, ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ |
| മഞ്ഞുകാലം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി |



# 5.1 കൃഷിയും ജലസേചനവും



ഹൈറേഞ്ചിലെ ആദ്യത്തെ കുടിയേറ്റ കർഷകരുടെ നാടായ കുമളി പഞ്ചായത്ത് ഈ നൂറ്റാണ്ടിന്റെ പകുതി കഴിഞ്ഞപ്പോഴേക്കും കാർഷിക രംഗത്ത് വമ്പിച്ച പുരോഗതിയും വളർച്ചയും നേടിയിരുന്നു. നാണ്യവിളയായ ഏലം കൃഷി മുൻപുതന്നെ ഇവിടെ ആരംഭിച്ചിരുന്നു. നാട്ടിൻ പുറത്തു നിന്നും കുടിയേറിയ കൃഷിക്കാർ ജന്മിമാരിൽ നിന്നും പാട്ടത്തിനും വാരത്തിനും എടുത്ത ഭൂമിയിലും സർക്കാർ തരിശുഭൂമികൾ വെട്ടിതെളിച്ചുമാണ് ഇതര കൃഷികൾ ആരംഭിച്ചത്. നെല്ല്, കപ്പ, വാഴ ഓറഞ്ച്, ചേന, കാച്ചിൽ തുടങ്ങിയവയായിരുന്നു മുഖ്യമായ കൃഷികൾ. നെല്ല് ഒഴികെയുള്ള ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അന്നത്തെ കൃഷിക്കാർ ഏറെ ബുദ്ധിമുട്ടിയിട്ടുണ്ട്. വണ്ടിപ്പെരിയാർ മാർക്കറ്റിനെയാണ് അക്കാലത്ത് പ്രധാനമായും ആശ്രയിച്ചിരുന്നത്. ഇവിടെ ഉത്പാദിപ്പിച്ചിരുന്ന കപ്പ തമിഴ്നാട്ടിലേയ്ക്ക് കയറ്റി അയച്ചിരുന്നു. ഇത് വലിയ ലാഭം നൽകിയിരുന്നില്ലെങ്കിലും കൃഷിക്കാർക്ക് നിലനിൽക്കാൻ അക്കാലത്ത് ഏറെ ഉപകരിച്ചു. ലാഭകരമായ മറ്റൊരു കൃഷിയായിരുന്നു പഞ്ചായത്തിലെ കരിമ്പു കൃഷി. മന്നം ഷുഗർമില്ലിലേയ്ക്ക് ആണ് ഈ കരിമ്പിൽ ഭൂരിഭാഗവും കയറ്റി അയച്ചിരുന്നത്. പ്രാദേശികമായി നാടൻ ചക്കുകളിൽ കരിമ്പ് ആട്ടിവറ്റിച്ച് ശർക്കരയും പാനിയുമാക്കി കയറ്റി അയച്ചിരുന്നു. കരിമ്പിന്റെ സംസ്ക്കരണ രംഗത്ത് സഹകരണ മേഖലയിൽ പ്രവർത്തിച്ച "ഗൂർഖണ്ഡസാരി" എന്ന സ്ഥാപനം കുമളിയിലും സമീപ പ്രദേശങ്ങളിലുമുള്ള കരിമ്പു കർഷകർക്ക് സഹായകരമായിരുന്നു. ഇതോടൊപ്പം തന്നെ പച്ചക്കറിയും മറ്റ് കുറുമ്പൂപ്പുകൃഷികൾക്കും അന്ന് നല്ല വിളവ് കിട്ടിയിരുന്നു. കേപ്പ (പഞ്ഞപ്പുല്ല്), തിന എന്നിവയും നമ്മുടെ നാട്ടിൽ സമൃദ്ധമായി വിളഞ്ഞിരുന്നു. കാർഷിക രംഗത്ത് വന്ന മാറ്റത്തിന്റേയും പുരോഗതിയുടേയും ദിശയിലേയ്ക്ക് മാറിയ കൃഷിക്കാർ നാണ്യവിളകളായ കുരുമുളക്, കാപ്പി, തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്യുവാൻ തുടങ്ങി. അമരാവതിയിലെ കൃഷിക്കാർക്ക് ഒരു ഏക്കറിൽ നിന്ന് ഒരു ടണ്ണിലധികം കുരുമുളക് വരെ ആദായം ലഭിച്ചിട്ടുണ്ട്. കമ്പോളത്തിൽ വന്ന മാറ്റങ്ങളുടെ ഫലമായും ഏലത്തിന് പ്രിയം വർദ്ധിച്ചതോടുകൂടിയും പ്രധാന ശ്രദ്ധ ഏലകൃഷിയിലേക്കു തിരിഞ്ഞു. കാപ്പി, കൊടി എന്നിവ മുഖ്യ പരിഗണന കൊടുക്കാത്ത കൃഷികളായി. മാത്രമല്ല പച്ചക്കറികൾ, മറ്റ് കുറുമ്പൂപ്പു കൃഷികൾ എന്നിവ ഏതാണ്ട് പടേ അവഗണിക്കപ്പെട്ടുവെന്ന് പറയാം. മേൽവിവരിച്ച സന്ദർഭങ്ങൾ എല്ലാം കുമളിയിലെ കൃഷിക്കാരുടെ സുവർണ്ണകാലമായുരുന്നുവെങ്കിൽ, ഇന്ന് കാർഷിക മേഖല വലിയവെല്ലുവിളികളെ നേരിടുകയാണ്.

കുടിയേറ്റകാലം മുതൽ നമ്മുടെ കൃഷിക്കാർ അനുവർത്തിച്ചു പോന്നിരുന്ന പഴഞ്ചൻ കൃഷിരീതികൾ, ദീർഘവീക്ഷണം കൂടാതെ മണ്ണിളക്കിയുള്ള കൃഷിരീതി, മണ്ണ് പരിശോധിച്ച് രാസഘടന ബോദ്ധ്യപ്പെടാതെയുള്ള രാസവളത്തിൻേറയും, കീടനാശിനികളുടേയും അമിതമായ പ്രയോഗം, സ്വന്തം ഭക്ഷ്യാവശ്യം പരിഗണിക്കാതെ നാണ്യവിളകൾക്ക് അമിതപ്രാധാന്യം നൽകുന്നത് എന്നിവ കാർഷിക രംഗത്തെ തളർത്തുന്ന മുഖ്യഘടകങ്ങളാണ്.

സ്വഭാവികമായ കാലാവസ്ഥ, ജല ലഭ്യത എന്നിവ കണക്കിലെടുക്കാതെയുള്ള കൃഷിപ്പണികൾ ഇന്ന് കൃഷിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായിത്തീർന്നിട്ടുണ്ട്. രാസവളം കീടനാശിനി എന്നിവയുടെ വർദ്ധിച്ചുവരുന്ന വിലയും കൂടിവരുന്ന ഉൽപാദന ചിലവും ഇന്ന് കൃഷിക്കാർ നേരിടുന്ന ഭീഷണികളാണ്. പൊതുവിൽ മേൽപ്പറഞ്ഞ കാരണങ്ങൾക്കു പുറമെ മലമ്പ്രദേശങ്ങൾ കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ മണ്ണൊലിപ്പ് വൻതോതിൽ വർദ്ധിക്കുകയും തൽഫലമായി മണ്ണിൻെറ ഫലഭൂയിഷ്ഠത നഷ്ടപ്പെടുകയും അത് നമ്മുടെ ഉത്പാദന മുരടിപ്പിനു കാരണമായിത്തീരുകയും ചെയ്യുന്നു. മണ്ണൊലിപ്പ് നമ്മുടെ ജലസംഭരണികൾക്ക് കനത്ത ഭീഷണിയായിത്തീർന്നിട്ടുണ്ട് എന്ന വസ്തുതയും നാം മനസിലാക്കേണ്ടതുണ്ട്. കാർഷിക ഉത്പ്പന്നങ്ങൾക്ക് കമ്പോളത്തിൽ ന്യായവില യഥാവസരം ലഭിക്കാത്തത് കൃഷിക്കാരുടെ സാമ്പത്തികത്തകർച്ചയ്ക്ക് ഇടയാക്കിയ ഒരു മുഖ്യകാരണമാണ്. കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയ്ക്കുന്ന രീതിയിലുള്ള കെട്ടിട നിർമ്മാണം, കാലിവളർത്തൽ വിപുലപ്പെടുത്താത്തതുമൂലമുള്ള ജൈവവളത്തിൻെറ ലഭ്യതക്കുറവ് എന്നിവ നമ്മുടെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. പച്ചക്കറി കൃഷിയും, കുറുമ്പൂപ്പ് കൃഷിയും ഉപേക്ഷിച്ചത് വരുമാനത്തിലെ കുറവിനോടൊപ്പം ഭക്ഷണക്രമത്തെ ബാധിക്കുകപോലും ചെയ്തിട്ടുണ്ട്. ഒരു കാലത്ത് തമിഴ്നാട്ടിലേയ്ക്ക് മരച്ചീനി കയറ്റി അയച്ചിരുന്നെങ്കിൽ ഇന്ന് മരച്ചീനി മുതൽ മുഴുവൻ ഭക്ഷ്യവസ്തുക്കൾക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും തമിഴ്നാടിനേയും ഇതര സംസ്ഥാനങ്ങളേയും ആശ്രയിക്കേണ്ടിവന്നിരിക്കുന്നു.

മേൽ വിവരിച്ചിട്ടുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന പഞ്ചായത്തിലെ കൃഷിക്കാർ ഇന്ന് സുരക്ഷിതരാണെന്ന് കരുതുവാൻ നിവർത്തിയില്ല. ഈ പ്രശ്നങ്ങളെ കുറെയെങ്കിലും തരണം ചെയയ്യുവാൻ ശേഷിയുള്ള കർഷകർ പഞ്ചായത്തിൽ വളരെ പരിമിതമാണു താനും.

## വിലയും പിപണന സൗകര്യങ്ങളും

ഭൂരിപക്ഷ ജനവിഭാഗമായ കൃഷിക്കാരുടെ ഉത്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം കുമളി ടൗണാണ്. എന്നാൽ ചെറുഗ്രാമങ്ങളായ ചെങ്കര, വെള്ളാരംകുന്ന്, ഒന്നാം മൈൽ, അമരാവതി, സ്പ്രിംഗ്‌വാലി എന്നിവിടങ്ങളിൽ മലഞ്ചരക്ക് ഉത്പന്നങ്ങളുടെ വിപണനം നടക്കുന്നുണ്ട്. വിപണന രംഗത്തെ ഇന്ന് നിയന്ത്രിക്കുന്നത് സ്വകാര്യമേഖലയാണ്. പഞ്ചായത്തിലെ പ്രാഥമിക കാർഷിക സഹകരണസ്ഥാപനങ്ങളിൽ അമരാവതി സർവീസ് സഹകരണ ബാങ്ക് കൃഷിക്കാരിൽ നിന്നും മലഞ്ചരക്ക് ഉല്പന്നങ്ങൾ വാങ്ങി വിപണനം നടത്തിയിരുന്നു. പീരുമേട് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മലഞ്ചരക്ക് ഉല്പന്നങ്ങൾ വലിയ തോതിലല്ലെങ്കിലും വാങ്ങി കൺസ്യൂമർ പാക്കറ്റുകളിലാക്കി വില്പന നടത്തുന്നുണ്ട്. ഇതിനും പുറമേ ഈ സ്ഥാപനം അത്യല്പാദന ശേഷിയുള്ള തെങ്ങ്, കമുക് ഇവയുടെ തൈകളും വാങ്ങി വില്പന നടത്തുന്നുണ്ട്. കുമളിയിൽ ഏലക്കാ ലേലം ചെയ്തു വില്ക്കുന്ന രണ്ട് പ്രമുഖ ഏജൻസികളുണ്ട്. അതിൽ ഒരെണ്ണം സഹകരണമേഖലയിലും മറ്റൊന്ന് കേന്ദ്രഗവ:ഉടമസ്ഥതയിൽ ഉള്ളതുമാകുന്നു. ലേല ഏജൻസികളെല്ലാം വൻകിട വ്യാപാരികളുടെ കമ്മിഷൻ ഏജൻറുമാരായാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം ചെറുകിട, ഇടത്തരം കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ പോകുന്നുവെന്നത് ഈ രംഗത്തെ മുഖ്യ പ്രശ്നമാണ്.

പഞ്ചായത്തിലെ ഭൂമിയെപ്പറ്റിയും, കാർഷികവൃത്തിയെപ്പറ്റിയും പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടികാണിക്കേണ്ടതുണ്ട്. സ്വന്തം പുരയിടത്തിൽ കൃഷിപ്പണികൾ ചെയ്യുന്നതിനും

കുടുംബത്തിലെ തൊഴിലുകൾ ഇല്ലാത്ത മറ്റ് അംഗങ്ങളെ കൂടി കൃഷിപ്പണികളിൽ കൊണ്ടുവരുന്നതിനും കർഷകർ പൊതുവിൽ മടികാണിക്കുന്നു. പുതിയ തലമുറയ്ക്ക് കാർഷികവൃത്തിയോട് ആഭിമുഖ്യം കുറഞ്ഞുവരുന്നു എന്നുള്ളതാണ് വസ്തുത. പഞ്ചായത്തിൽ സ്വന്തം ഭൂമിയിൽ സ്വയം പണിയെടുക്കുന്ന 60-65% കൃഷിക്കാരുള്ളതായി കാണാം. ബാക്കിയുള്ളവർ കൂലികൊടുത്ത് ജോലി ചെയ്യിക്കുന്നവരാണ്. ഇതിൽ 20% കൃഷിക്കാർ സാമ്പത്തികമായി മെച്ചപ്പെട്ടവരാകയാലും ബാക്കിയുള്ളവർ മറ്റ് തൊഴിലുകൾ സ്വീകരിക്കുന്നതിനാലുമാണ് സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നത്. കൃഷിക്കാരന് സമൂഹത്തിൽ അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു. കാർഷികവൃത്തിയോട് ആഭിമുഖ്യം കുറയാൻ ഇതും ഇടയാക്കുന്നുവെന്ന് അനുമാനിക്കാം. കർഷകനെ സമൂഹം അംഗീകരിക്കുന്ന ഒരു പുതിയ സംസ്കാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ കർഷികജനസംഖ്യയിൽ കർഷക തൊഴിലാളികളുടെ എണ്ണം 17 ശതമാനം വരും. എന്നാൽ 3,8 വാർഡുകളിൽ കർഷകത്തൊഴിലാളികളുടെ എണ്ണം താരതമ്യേന കൂടുതലാണ്. എന്നിരുന്നാലും കാർഷിക തൊഴിലിൽ നിന്നും കർഷകതൊഴിലാളികൾ, കൂടുതൽ സാമ്പത്തിക നേട്ടം പ്രതീക്ഷിച്ച് മറ്റുതൊഴിലുകൾ തേടി പോവുകയും, അവിടെ യാദൃശ്ചികമായിക്കിട്ടുന്ന ഏതെങ്കിലും പണികളിൽ ഒതുങ്ങിനിൽക്കുകയും ചെയ്യുന്നു. ഇത് കാർഷിക തൊഴിൽ മേഖലയിൽ വളർന്നുവരുന്ന അനാരോഗ്യകരമായ പ്രവണതയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതുമൂലം മിക്കപ്പോഴും തമിഴ്നാട്ടിൽ നിന്നുള്ള കർഷകതൊഴിലാളികളെ ആശ്രയിക്കേണ്ടതായാലും വരുന്നുണ്ട്.

കർഷകത്തൊഴിലാളികളുടെ സേവന വേതനവ്യവസ്ഥകൾ സംബന്ധിച്ച് പഞ്ചായത്തിലൊരിടത്തും ഏതെങ്കിലും തർക്കങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. വിസ്തൃതമായ ഈ പഞ്ചായത്തിൽ ഏകീകൃത കൂലി ഇല്ല. എങ്കിലും നിലവിലുള്ള കൂലി പ്രഖ്യാപിത കൂലിയെക്കാൾ കൂടുതലാണെന്ന് കാണാം.

കൃഷിയുടെ സംരക്ഷണത്തിന് കുമളിയിലെ കൃഷിക്കാരുടെ അത്താണിയായി പ്രവർത്തിക്കേണ്ട സ്ഥാപനമാണ് കൃഷിഭവൻ. ഇതിൻെറ കീഴിൽ ഒൻപത് കുരുമുളകുസംരക്ഷണ സമിതിയും ഒന്നുവീതം പാടശേഖരസമിതി, നാളികേരള വികസനസമിതി, അഗ്രോ സെൻറർ എന്നിവയും ഉണ്ട്. ഈ സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല ഇവ മുഖാന്തിരം ചില കാർഷിക സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അവയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലും സഹായങ്ങളുടെ വിതരണത്തിലും ധാരാളം ആക്ഷേപങ്ങൾ ഉയർന്നു വരാറുണ്ട്. ഇവയെല്ലാം പരിഹരിച്ച് കർഷകതാല്പര്യം സംരക്ഷിക്കുന്ന രീതിയിൽ കൃഷിഭവൻെറയും അനുബന്ധസമിതികളുടേയും പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. മണ്ണുപരിശോധനയ്ക്ക് വേണ്ട യാതൊരു സൗകര്യങ്ങളും ഇപ്പോൾ ലഭ്യമല്ല.

## പ്രശ്നങ്ങൾ

1. മണ്ണൊലിപ്പ് ഗണ്യമായി വർദ്ധിച്ചു വരുന്നു.
2. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
3. ഉല്പാദനക്ഷമതയില്ലായ്മ
4. ഭക്ഷ്യ, നാണ്യവിളകളുടെ ഉല്പാദനത്തിലെ കുറവ്
5. ഉല്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നില്ല.



6. അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്
7. രാസവളം, കീടനാശിനി എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നിരോധിച്ചിട്ടുള്ള BHC, DDT എന്നിവപോലും വ്യാപകമായി ഉപയോഗിക്കുന്നു.
8. രോഗങ്ങൾ, കൃഷിനാശം
9. ഉല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനമില്ലായ്മയും സാങ്കേതിക പരിജ്ഞാനക്കുറവും
10. മണ്ണു പരിശോധനാ സൗകര്യങ്ങളുടെ അഭാവം
11. ജൈവവളം ആവശ്യാനുസരണം ലഭ്യമല്ല
12. കാർഷികവായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും തുകയുടെ അപര്യാപ്തതയും
13. കാർഷികത്തൊഴിലിൽ നിന്നുള്ള പിൻവാങ്ങൽ.
14. നാണ്യവിളകളും പാരിസ്ഥിതിക പ്രശ്നങ്ങളും
15. ഉല്പന്നങ്ങളുടെ ഗുണമേന്മക്കുറവു നിമിത്തം വിദേശ മാർക്കറ്റിൽ പിന്തള്ളപ്പെടുന്നു.
16. ഗവൺമെൻറ് സഹായം യഥാവിധി പ്രയോജനപ്പെടുന്നില്ല
17. നിലനില്ക്കുന്നകൃഷി (Sustainable farming) ഇല്ല
18. കൃഷിഭവൻെറ സേവനം വേണ്ടത്ര പ്രയോജനകരമല്ല.

## സാദ്ധ്യതകൾ

1. മണ്ണൊലിപ്പ് തടയുന്നതിന് എല്ലാ വാർഡുകളിലും കൃഷിഭൂമിയുടെ ചരിവ് അനുസരിച്ച് കല്ല്, മണ്ണ് എന്നിവ കൊണ്ടുള്ള കയ്യാലകൾ നിർമ്മിക്കുക. തോടുകൾക്കും അരുവികൾക്കും സംരക്ഷണഭിത്തി കെട്ടുക. തീറ്റപ്പുൽക്കൃഷി നടത്തുക. കൃഷിക്കാരിൽ ഓരോരുത്തരുടെയും സ്ഥലത്തിൻെറ 10% ഇതിനായി നീക്കിവെക്കണം. വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക

### മണ്ണൊലിപ്പ് നിയന്ത്രണത്തിന് നടപ്പാക്കാവുന്ന പദ്ധതികൾ (വാർഡുതിരിച്ച്)

| പദ്ധതികൾ | വാർഡുകൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | (നീളം മീറ്ററിൽ) | | | | | | | | | |
| തോടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മാണം | 3000 | 7000 | 5000 | 5000 | 3000 | 8000 | 7500 | 5000 | 15000 | 15000 | 6000 | 15000 | 10000 |
| കല്ല് കയ്യാല | 10000 | 50000 | 15000 | 15000 | 50000 | 40000 | 50000 | 8000 | 50000 | 15000 | 10000 | 15000 | 15000 |
| മൺ കയ്യാല | 2000 | 5000 | 3000 | 3000 | 1000 | 10000 | 10000 | 1500 | 10,000 | 3000 | 2000 | 3000 | 3000 |

പഞ്ചായത്തിൻെറ എല്ലാ മേഖലകളിലും ഏറിയും കുറഞ്ഞും ജലസ്രോതസുകൾ ഉണ്ട്. കുളങ്ങൾ, കുണറുകൾ, തടയണകൾ, വാട്ടർ ഷെഡ് പ്രോഗ്രാം എന്നിവ നിർമ്മിച്ച് ജലസേചനസൗകര്യം വിപുലപ്പെടുത്താം.

### ജലസേചനത്തിന് നിർമ്മിക്കാവുന്ന പദ്ധതികൾ (വാർഡുതിരിച്ച്)

| | വാർഡുകൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പദ്ധതികൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കുളം/കിണർ | - | - | 2 | 5 | 4 | 3 | 2 | 2 | 2 | 3 | 3 | 5 | - |
| ചെക്ക്ഡാം | - | 2 | 2 | 1 | 3 | 2 | 1 | 2 | 1 | 2 | 1 | 1 | 1 |
| വാട്ടർ ഷെഡ് പ്രോഗ്രാം | - | - | 1 | 1 | 1 | 1 | 1 | 1 | 1 | 1 | - | 1 | - |

2. ഒന്നാം വാർഡിൽ റോസാപ്പൂക്കണ്ടത്തു നിന്നും തുടങ്ങി പടിഞ്ഞാറോട്ടൊഴുകി ആനവച്ചാലിൽ പതിക്കുന്ന 2 കി.മീ തോട് വീതി കൂടട്ടുകയും വർഷകാലത്ത് കയറി നില്ക്കുന്നവെള്ളം ഒഴുക്കി കളയുന്നതിനു വേണ്ടിയുള്ള നീർവാർച്ചാ സൗകര്യം ഏർപ്പെടുത്തണം. ഇപ്രകാരം മറ്റൊരു നീർവാർച്ചാപദ്ധതി വലിയകണ്ടം ഭാ

# കുമളി ഗ്രാമ പഞ്ചായത്ത്

## പ്രധാന കാർഷികവിളകൾ - വിസ്തീർണ്ണവും ഉൽപാദനവും

| കൃഷിവിളകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉൽപാദനക്ഷമത (ഹെക്ടറിൻെറ) കിലോഗ്രാം | ആകെ (കിൻറലിൽ) |
|---|---|---|---|
| കുരുമുളക് | 2250 | 750 | 16,875 |
| തേയില | 1600 | 2000 | 32,000 |
| ഏലം | 1032 | 200 | 2064 |
| കാപ്പി | 875 | 800 | 7000 |
| റബ്ബർ | 520 | 750 | 3900 |
| കപ്പ | 150 | 30,000 | 45,000 |
| വാഴ | 130 | 35,000 | 39,500 |
| ഇഞ്ചി | 100 | 10,000 | 10,000 |
| പഴവർഗ്ഗങ്ങൾ | 68 | - | 682 |
| നെല്ല് | 35 | 2500 | 875 |
| തെങ്ങ് | 100 | 9000 | 9,00,000 |
| കമുക് | 50 | 2000 | 1000 |
| ചേന | 25 | 75,000 | 18,750 |
| കാച്ചിൽ | 25 | 20,000 | 5000 |
| ചേമ്പ് | 10 | 15,000 | 1500 |
| പച്ചക്കറി | 12 | 25,000 | 3000 |
| മഞ്ഞൾ | 25 | 12,000 | 3000 |
| കൊക്കോ | 20 | 1250 | 250 |
| ഗ്രാമ്പു | 10 | - | 10 |
| ജാതി | 10 | - | 120 |



ഗ്രാമപഞ്ചായത്തിലെ ഭൂപ്രകൃതിയുടെ രേഖാചിത്രം

ഗത്തും നടപ്പാക്കേണ്ടതാണ്. അട്ടപ്പള്ളം അഞ്ചാം വാർഡിലെ താഴ്ന്ന പ്രദേശങ്ങളിലും ഈ സ്കീം വേണ്ടതാകുന്നു.

3. ഉല്പാദനക്ഷമതയില്ലാത്ത വിളകൾ നീക്കം ചെയ്ത് അവിടെ ശാസ്ത്രീയമായ പുനരാവർത്തനകൃഷി നടപ്പാക്കണം. അത്യുല്പാദനശേഷിയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് യഥാവസരം ലഭ്യമാക്കണം.
വിളവിന് ദോഷം വരുത്തുന്ന ജീവികളെ, പ്രത്യേകിച്ച് എലികളെ നശിപ്പിക്കുവാൻ ശ്രദ്ധിക്കണം. കൂടുതൽ എലികളെ വകവരുത്തുന്നവർക്ക് പാരിതോഷികം നൽകി പ്രോത്സാഹിപ്പിക്കണം. എലിനശീകരണവാരം ആചരിക്കണം.

4. ഒരുവശത്ത് ജനങ്ങൾ ദിനംപ്രതി വർദ്ധിക്കുകയും മറുവശത്ത് നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റുമായി ഭൂമി ഉപയോഗിക്കുന്നതിന്റെയും ഫലമായി കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു വരികയുമാണ്. പ്രസ്തുതസാഹചര്യത്തിൽ കാർഷികോല്പാദനക്ഷമത വർദ്ധിപ്പിച്ചും തരിശായികിടക്കുന്ന പ്രദേശങ്ങൾ കൃഷിചെയ്തും മിശ്രവിളകൃഷിയിലൂടെയും ഇടവിള ചെയ്തും ഉല്പാദന വർദ്ധനവ് വരുത്തുവാൻ കഴിയും. കുറെക്കൂടി വ്യക്തമാക്കിയാൽ നാം കടുംകൃഷിയിലേക്കു പോകണമെന്നർത്ഥം. കൃഷിചെയ്യുമ്പോൾ ഭക്ഷണാവശ്യത്തിനുള്ളവ ഉല്പാദിപ്പിക്കുവാൻ പ്രഥമ പരിഗണന നൽകണം.

5. സഹകരണസ്ഥാപനങ്ങൾ, വിപണനരംഗത്തെ ഇതര ഗവൺമെൻറു സ്ഥാപനങ്ങൾ എന്നിവ വഴി കൃഷിക്കാരിൽ നിന്നും ന്യായവിലയ്ക്ക് വിള ശേഖരിക്കണം. പ്രധാനമായും സഹകരണ മേഖലയെ ശക്തിപ്പെടുത്തുക്കൊണ്ട് ഇത് സാധിക്കും. പ്രാദേശിക സഹകരണസ്ഥാപനങ്ങൾക്ക് ആവശ്യത്തിനുള്ള ഫണ്ടും മാർഗ്ഗ നിർദ്ദേശവും നൽകിയാൽ ലക്ഷ്യം നേടാവുന്നതാണ്. വിളവെടുപ്പ് അവസരങ്ങളിൽ വൻകിട വ്യാപാരികൾ വിലയിടിക്കുക സാധാരണമാണ്. അപ്പോൾ ഉല്പന്നങ്ങൾ സംഭരിച്ച് കർഷകരെ താങ്ങി നിറുത്തി വിപണനരംഗത്തെ നിർണ്ണായക ശക്തിയാകുവാൻ സഹകരണസ്ഥാപനങ്ങൾക്കു കഴിയണം.
വെയർഹൗസുകൾ ആരംഭിച്ച് അവിടെ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുകയും അവയുടെ ഈടിന്മേൽ കുറഞ്ഞ പലിശ നിരക്കിൽ സമ്പത്തികസഹായം ലഭ്യമാക്കുകയും വേണം. കമ്പോളത്തിൽ ഉല്പന്നങ്ങൾക്ക് വിലകൂടുമ്പോൾ അവ വിറ്റഴിക്കുവാനുള്ള സാദ്ധ്യത ഇതുമൂലം കർഷകർക്ക് ലഭിക്കും. ഇത്തരത്തിലുള്ള ഒരു വെയർഹൗസ് കുമളി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കണം. കാർഷിക വിളകളുടെ വില നിർണ്ണയ സമിതികൾ രൂപീകരിക്കണം. അതിൽ കർഷകർക്ക് മതിയായ പ്രാതിനിധ്യം നൽകണം.

6. ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുക്കുന്ന നല്ല ഇനം നടീൽ വസ്തുക്കൾ എല്ലാ സ്ഥലങ്ങളിലും യഥാസമയം ലഭ്യമാക്കണം. അതോടൊപ്പം കാർഷിക മേഖലകളായ 3, 4, 5, 6, 8, 9, 10, 12 വാർഡുകളിൽ അത്യുല്പാദനശേഷിയുള്ള വിത്തുകളും തൈകളും ഉല്പാദിപ്പിക്കുന്ന നേഴ്സറികൾ ആരംഭിക്കണം.

7. രോഗങ്ങളെപ്പറ്റി യഥാസമയം ഗവേഷണം നടത്തി ആരംഭദശയിൽ തന്നെ നിയന്ത്രിക്കുന്നതിന് കർഷകരെ സജ്ജമാക്കണം. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടവും ഏലത്തിന്റെ അഴുകലും വേർപുഴു ശല്യവും കാപ്പിയുടെ ചില്ലഉണക്കും, കാപ്പിക്കുരു പൊഴിച്ചിലും ഇനിയും തടയുവാൻ കഴിഞ്ഞിട്ടില്ല. രോഗപതിരോധത്തിന് പ്രകൃതിക്ക് ദോഷം വരുത്താത്ത മാർഗ്ഗ നിർദ്ദേശങ്ങളായിരിക്കണം കർഷകർക്ക് നൽകേണ്ടത്. ഈ ലക്ഷ്യം മുൻ നിർത്തി ഒരു കാർഷിക ഗവേഷണകേന്ദ്രം അഴുത ബ്ലോക്ക് തലത്തിൽ സ്ഥാപിക്കണം.

8. വിള ഇൻഷ്വറൻസ് പ്രകൃതിക്ഷോഭത്തോടൊപ്പം രോഗകീട ബാധകൾക്കും കൂടി ഏർപ്പെടുത്തണം. രാസവളം, കീടനാശിനി എന്നിവയുടെ പ്രയോഗം പരമാവധി ഒഴിവാക്കുക. വള പ്രയോഗം ആവശ്യാനുസരണം ശാസ്ത്രീയമായി ചെയ്യുകയും അതിനായി ജൈവവളങ്ങളും സസ്യജന്യമായ കീടനാശിനികളും ഉപയോഗിക്കുകയും വേണം. ഗവൺമെൻറ് സബ്സിഡി നൽകി രാസവളങ്ങളുടേയും കീടനാശിനിയുടെയും ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന രീ

തി അവസാനിപ്പിക്കണം ജൈവകൃഷിയെപ്പറ്റി കർഷകരുടെയിടയിൽ ബോധവല്ക്കരണം നടത്തുകയും പ്രോത്സാഹനാർത്ഥം സബ്സിഡി നൽകുകയും വേണം.

9. നമ്മുടെ ഉല്പന്നങ്ങൾ സംസ്കരണം നടത്തി മൂല്യവർദ്ധിത വസ്തുക്കളാക്കി വില്പന നടത്തുന്നതിന് കഴിയണം. ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഗവ.ഏജൻസികളിൽ നിന്ന് കർഷകർക്ക് നൽകണം. കുമളി പഞ്ചായത്തിൻെറ 5, 12 വാർഡുകളിൽ ആധുനിക രീതിയിലുള്ള ഇലക്ട്രിക്ക് ഏലം സ്റ്റോർ നിർമ്മിക്കണം. വെള്ളക്കുരുമുളക് (Whitepepper) പച്ചക്കുരുമുളക് (Dehydrated pepper) എന്നിവ ഉണ്ടാക്കുന്നതിനുള്ള കുരുമുളക് സംസ്കരണയൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം. ഏലം ചെറിയ പാക്കറ്റുകളിലാക്കി വില്പന നടത്തി ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാൻ സാധിക്കും. സുഗന്ധവ്യജ്ഞനങ്ങളുടെ സത്ത് (essence) എടുക്കുന്ന ഒരു ഫാക്ടറിക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്.

10. മണ്ണുപരിശോധന കാര്യക്ഷമമാക്കുന്നതിന് ഒരു മൊബൈൽ ലബോറട്ടറി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുകയും കാലവിളംബം കൂടാതെ പരിശോധനനടത്തി ഫലം കർഷകരെ അറിയിക്കുകയും വേണം.

11. ജൈവവളം ആവശ്യാനുസരണം ലഭ്യമാക്കണം. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കുന്ന ചപ്പുചവറുകൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വളമാക്കി മാറ്റുവാൻ കഴിയും. വീടുകളിൽ കമ്പോസ്റ്റ് നിർമ്മാത്തിന് പ്രാധാന്യം നൽകണം. കാലിവളർത്തൽ വ്യാപിപ്പിക്കാനുള്ള തീവ്രശ്രമം ഉണ്ടാകണം.

12. ബാങ്കുകളുടെ വായ്പാ വ്യവസ്ഥകൾ ഉദാവല്കരിക്കുക. വളരെ വർഷങ്ങൾക്കു മുൻപ് നിശ്ചയിച്ച Scale of finance കാലാനുസൃതമായി പരിഷ്ക്കരിക്കണം. കാർഷികവായ്പയുടെ പലിശ കുറയുകയും കുടിശിക വരുത്താതെ പണം തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുകയും വേണം

13. കാർഷികവൃത്തിയോട് പുതിയതലമുറയ്ക്ക് ആഭിമുഖ്യം ഉണ്ടാകുന്നതിനുള്ള കർമ്മ പരിപാടികൾ സ്വീകരിക്കണം. കർഷകരെ ആദരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള പരിപാടികൾ വിപുലീകരിക്കുക.

14. വിവിധ കാർഷിക വിളകൾക്ക് വ്യത്യസ്തമായ രീതിയിൽ തണൽ ക്രമീകരിക്കേണ്ടതുണ്ട്. ഏലം തുടങ്ങിയ നാണ്യവിളകൾക്ക് കൂടുതൽ തണൽ ആവശ്യമുണ്ട്. കൃഷിരീതിയ്ക്കനുസരണമായി മരം മുറിയ്ക്കുന്നതിനുള്ള അനുവാദം ഉപാധികൾക്ക് വിധേയമായി നൽകണം. ഒരു മരം മുറിക്കുമ്പോൾ 10 വൃക്ഷത്തൈ എങ്കിലും നട്ടിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കണം.

15. സുഗന്ധവ്യജ്ഞനങ്ങളും മറ്റും ഗുണനിലവാത്തിൽ സംസ്കരിച്ചെടുക്കാൻ ശ്രദ്ധചെലുത്തണം. ഇക്കാര്യത്തിലുള്ള ആശ്രദ്ധ നമുക്ക് ദോഷം ചെയ്യുന്നുണ്ട്. നാണ്യവിളകളും മറ്റും ഭക്ഷ്യവിളകൾ തയാറാക്കുന്ന സൂഷ്മതയോടെ ഉണങ്ങിയെടുക്കുവാനും കയറ്റുമതി ചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

16. ഗവൺമെൻറിൻെറ സൗജന്യ വിതരണപദ്ധതികൾ (തുരിശ്, കുമ്മായം, C.O.C etc.) ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തുന്നില്ല. വിതരണത്തോടൊപ്പം അവ പ്രയോഗിക്കേണ്ടരീതികളെ ക്കുറിച്ചുള്ള പരിജ്ഞാനവും നൽകിയാൽ പ്രയോജനം ചെയ്യും.

17. നിലനില്ക്കുന്ന കൃഷി (Sustainable farming) രീതി നാം അവലംബിക്കണം. ഓരോ പ്രദേശത്തിനും യോജിച്ച കൃഷികൾ ചെയ്താൽ അവയ്ക്ക് കൂടുതൽ ഉല്പാദനം തരുന്നതിനും വളരെക്കാലം കൃഷി നിലനില്ക്കുന്നതിനും ഇടയാകും. നല്ല വിലയോ ആവശ്യകതയോ ഉണ്ടെന്ന് കണ്ട് മണ്ണിന് യോജിക്കാത്ത കൃഷിചെയ്യുന്ന രീതി നിരുത്സാഹപ്പെടുത്തണം.

18. പച്ചക്കറി കൃഷിക്ക് വളരെയേറെ സാധ്യതകളുള്ളതാണ് ഇവിടുത്തെ കൃഷിഭൂമി. അത് ഫലപ്രദമായി വിനിയോഗിക്കണം.

19. പൂക്കൾ സമൃദ്ധമായി ഉണ്ടാകുന്ന ഈ മേഖലയിൽ പൂച്ചെടികൃഷി പ്രോത്സാഹിപ്പിക്കണം.

20. വാനിലകൃഷിയ്ക്ക് വേണ്ട ശ്രദ്ധകൊടുക്കണം.

21. ഔഷധച്ചെടികൾക്ക് അനുകൂല കാലാവസ്ഥയുള്ള ഇവിടെ ഔഷധച്ചെടികൃഷിക്ക് വേണ്ടത്ര ഊന്നൽ നൽകണം. 4, 5, 6, 7, 12 വാർഡുകളിൽ കൂടുതൽ മലമ്പ്രദേശമുള്ളതിനാൽ പുല്ലിനങ്ങൾ കൃഷിചെയ്യുന്നതിന് വളരെയധികം സാധ്യതയുണ്ട്. 12-ാം വാർഡിൽ തെരുവപ്പുല്ലും മറ്റുവാർഡുകളിൽ രാമച്ചക്കൃഷിയും നടത്താവുന്നതാണ്. മഞ്ഞൾകൃഷി ചെയ്യുന്നത് മണ്ണിന്റെ പ്രതിരോധശക്തി വർദ്ധിപ്പിക്കുമെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് മഞ്ഞൾ കൃഷി വ്യാപിപ്പിക്കേണ്ടതാണ്.

22. മണ്ണിര കൃഷിരീതിയ്ക്ക് പ്രോത്സാഹനം കൊടുക്കണം

23. കാർഷിക രംഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതലായി വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

24. വളരുന്ന തലമുറയിൽ കൃഷിയോട് താല്പര്യം ഉണ്ടാകുന്നതിനായി സ്കൂളുകളിലൂടെ കുട്ടികൾക്ക് തെങ്ങ്, വൃക്ഷത്തൈകൾ, വാഴ എന്നിവ സൗജന്യമായി നൽകണം. കൂടുതൽ വിളവ് ഉല്പാദിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുകയും വേണം.

25. കൃഷിഭൂമി കൂടുതൽ തുണ്ടുകളാക്കുന്ന ഇക്കാലത്ത് കൂട്ടുകൃഷി സമ്പ്രദായം വ്യാപകമാക്കേണ്ടതാണ്.

26. പാടം നികത്തുന്നത് തടയുന്ന നിയമം കർശനമായി നടപ്പാക്കണം

27. അഗ്രോക്ലിനിക്കുകൾ കൂടുതൽ ആരംഭിക്കുകയും അവയിലൂടെ കാർഷികയന്ത്രങ്ങളും ഇതര സേവനങ്ങളും ലഭ്യമാക്കുകയും വേണം.

28. ട്രൈബൽ സെറ്റിൽമെൻറ് പ്രദേശത്ത് കൃഷിത്വരിതപ്പെടുത്തുന്നതിനും അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനും വേണ്ടി കൃഷിക്കാരും, വിദഗ്ധരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട ജനകീയ കമ്മറ്റി രൂപീകരിച്ച് അവരുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും പ്രവർത്തനങ്ങൾ നടത്തണം.

29. വിവിധ കാരണങ്ങളാൽ പട്ടയം ലഭിച്ചിട്ടില്ലാത്ത പഞ്ചായത്തിൽപ്പെട്ട ഭൂമിക്ക് പട്ടയം നൽകണം.

30. കർഷകരുടെ എല്ലാ പ്രശ്നങ്ങളിലും സഹായകരമായി പ്രവർത്തിക്കുവാൻ കൃഷിഭവനുകൾക്ക് കഴിയണം. നൂതനകൃഷിരീതികൾ കർഷകരിൽ എത്തിക്കുന്നതിന് ഇന്ന് കഴിയുന്നില്ല. കർഷകരിലൊരാളായിത്തീർന്ന് അവരുടെയിടയിൽ പ്രവർത്തിക്കുവാൻ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ സന്നദ്ധരാകണം. കർഷകരുടെയിടയിൽ ശരിയായ ബോധവല്കരണം ഉണ്ടെങ്കിലേ ശാസ്ത്രീയ കൃഷിമുറകൾ അവർ പിന്തുടരുകയുള്ളു. ഇതിനായി ചർച്ചകൾ, സെമിനാറുകൾ, പഠനപര്യടനം എന്നീ തുടർ പരിപാടികൾ വേണം. കാർഷിക ക്ലബുകൾ രൂപീകരിച്ച് ഇവയുടെ ഏകോപനം സാദ്ധ്യമാക്കണം.



മേൽ വിവരിച്ച വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണെന്ന് കാണാം. അവയ്ക്ക് പരിഹാരമെന്നോണം നിരവധി സാധ്യതകളും നമ്മുടെ മുൻപിലുണ്ട്. ജനകീയാസൂത്രണം താഴേത്തട്ടിൽ നിന്നും ആരംഭിക്കുമ്പോൾ ഗവൺമെൻറിൽ നിന്നും കിട്ടുന്ന സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും പ്രാദേശികവിഭവങ്ങൾ സ്വരൂപിച്ചും, കൂട്ടായ സഹകരണത്തിലൂടെയും നിലവിലുള്ള പ്രതിസന്ധികളെ മുറിച്ചു കടക്കാൻ നമുക്ക് കഴിയും.

# 5.2 മൃഗസംരക്ഷണം



പശ്ചിമഘട്ട മലനിരകളിൽ സ്ഥിതിചെയ്യുന്ന കുമളി പഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും മൃഗസംരക്ഷണവുമാണ്. 1940 കളുടെ ആരംഭം തൊട്ടുതന്നെ കുടിയേറ്റ കൃഷിക്കാർ മൃഗസംരക്ഷണം ഒരു ഉപതൊഴിലായി സ്വീകരിച്ചിരുന്നു. ഉല്പാദനക്ഷമത കുറഞ്ഞ നാടൻ കറവമാടുകളെ തുറസ്സായ സ്ഥലങ്ങളിൽ വിട്ടുമേയ്ക്കുകയാണ് ചെയ്തിരുന്നത്. വളരെ കുറഞ്ഞ അനുപാതത്തിൽ എരുമകളെയും ആടുകളെയും കോഴികളെയും വളർത്തിയിരുന്നു. പ്രതിശീർഷ പാലുൽപാദനം 40-60 ഗ്രാം ആയിരുന്നു. എന്നാൽ 20-10-1961 മുതൽ ഒരു മൃഗാശുപത്രി (ഗവ.ഓർഡർ നമ്പർ M.S. 604/61) കുമളിയിൽ പ്രവർത്തനമാരംഭിച്ചു. ഈ സ്ഥാപനത്തിന് 1985ൽ സർക്കാർ കെട്ടിടവും 2 ഏക്കർ ഭൂമിയും അനുവദിച്ച മൃഗാശുപത്രിയിൽ 10-7-1963 മുതൽ കൃത്രിമ ബീജസങ്കലനപരിപാടി നടപ്പിലാക്കി. ഇതിൻെറ ഫലമായി നമുക്ക് അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ ലഭിച്ചു. ഇത്തരം സങ്കരയിനം പശുക്കളുടെ ഏഴോ എട്ടോ തലമുറകൾ കഴിഞ്ഞപ്പോൾ പാലുല്പാദനത്തിലും രോഗപ്രതിരോഗ ശേഷിയിലും ആദ്യതലമുറയെക്കാൾ വളരെ പിന്നോക്കം പോകുന്ന സ്ഥിതിയാണുള്ളത്. അശാസ്ത്രീയമായ മൃഗപരിപാലനവും ന്യൂനതകൾ നിരവധിയുള്ള ബ്രീഡിംഗ് പോളിസിയുമാണ് ഇതിന് കാരണമായത്.

ക്ഷീര വിപണന രംഗത്ത് കാര്യമായ നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും സഹകരണസംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിൽ കുറച്ചുമാത്രമെ ആഭ്യന്തര ഉപയോഗത്തിനുപകരിക്കുന്നുള്ളൂ. അതുകൊണ്ട് തമിഴ്നാട്ടിലെ കച്ചവടക്കാർ ഗുണനിലവാരം കുറഞ്ഞ പാൽ പഞ്ചായത്തിൽ വിറ്റഴിക്കാനിടയാകുന്നു. മിൽമയും മറ്റു ക്ഷീരോല്പാദക സഹകരണസംഘങ്ങളും സംഭരിക്കുന്നപാൽ സംസ്കരിച്ച് വിതരണം നടത്തുന്നില്ല.

പതിനാറോളം അറവുശാലകൾ റോഡു പുറമ്പോക്കുകളിൽ പ്രവർത്തിക്കുന്നു. ഇതിനാവശ്യമായ ആടുമാടുകൾ തമിഴ്നാട്ടിൽ നിന്നുമാണ് എത്തുന്നത്. യാതൊരു നിയന്ത്രണവുമില്ലാതെ സ്ഥാപിച്ചിരിക്കുന്ന അറവുശാലകളിൽ നിന്നും ലഭിക്കുന്ന മാംസം ഗുണനിലവാരമുള്ളതാണെന്ന് മുൻകൂട്ടി ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. ടൗണിനോടു ചേർന്നുകിടക്കുന്ന വാർഡുകളിൽ ചുരുങ്ങിയ തോതിൽ ബ്രോയിലർ കോഴി ഫാമുകളുണ്ട്. ഏകദേശം 750 ഓളം കോഴികളെ മാത്രമെ ഈ ഫാമുകളിൽ ഉത്പാദിപ്പിക്കുന്നുള്ളൂ. ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഉത്പാദനം 20%ൽ താഴെ മാത്രമാണ്. പന്നിവളർത്തൽ 1, 2, 4, 5, 8, 10 വാർഡുകളിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും മെച്ചപ്പെട്ടയിനം കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഈ രംഗത്തേക്കു വരാൻ കർഷകരെ നിരുത്സാഹപ്പെടുത്തുന്നു. പന്നിവളർത്തലിനാവശ്യമായ ഹോട്ടൽ വേസ്റ്റ്, പച്ചക്കറി വേസ്റ്റ്, അറവു ശാലകളിൽ നിന്നുള്ള വേസ്റ്റ് എന്നിവ ലഭ്യമാണ്.

മുട്ടയുൽപ്പാദനം വളരെകുറവാണ്. അത്യുല്പാദനശേഷിയുള്ള കോഴികളുടെയും സങ്കരയിനം കോഴികളുടെയും കുഞ്ഞുങ്ങളെ ലഭിയ്ക്കാത്തതും ആവശ്യമായ പരിജ്ഞാനം കിട്ടാത്തതും കോഴി തീറ്റയുടെ വിലവർദ്ധനവും ഈ രംഗത്തെ പ്രതികൂല ഘടകങ്ങളാണ്.

പുൽക്കൃഷി വിവിധവാർഡുകളിൽ ഉണ്ടെങ്കിലും വേനൽ കാലങ്ങളിൽ ആവശ്യത്തിനു തീറ്റപ്പുല്ല് തികയാത്തതുമൂലം തമിഴ് നാട്ടിൽ നിന്നു ലഭിയ്ക്കുന്ന വയ്ക്കോലിനെ ആശ്രയിക്കേണ്ടിവരുന്നു. പേവിഷബാധ നിർമ്മാർജ്ജന പദ്ധതിയിലൂടെ ഒരു വർഷം മൃഗാശുപത്രിയിൽ കുത്തിവയ്ക്കുന്ന നായ്ക്കളുടെ എണ്ണം വളരെ കുറവാണെന്ന് കാണാം. 1995-96ൽ 146 നായ്ക്കളെ മാത്രമെ കുത്തി വയ്പു നടത്തിയിട്ടുള്ളു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം അനവധിയാണ്. ശാസ്ത്രീയമായി നിർമ്മിച്ച തൊഴുത്തുകൾ, കൂടുകൾ എന്നിവ 5%-ൽ താഴെയാണ്. കാലിത്തീറ്റയ്ക്കാവശ്യമായ സാധനങ്ങളെല്ലാംതന്നെ തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്തുവരുന്നു. രണ്ടു മൃഗാശുപത്രികളും, ഒരുസബ്ബ് സെൻററും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന കുമളി മൃഗാശുപത്രിയിൽ ഒരു ഡോക്ടറുൾപ്പെടെ 3 ജീവനക്കാരുണ്ട്. വെള്ളാരംകുന്നി (വാർഡ് 10)ലുള്ള ഡിസ്പൻസറിയിൽ ഡോക്ടറോ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറോ ഇല്ല. മറ്റ് രണ്ടു ജീവനക്കാർ മാത്രമാണുള്ളത്. നാലാം വാർഡിലുള്ള I.C.D.P സബ് സെൻററിൽ ഒരു ജീവനക്കാരൻ മാത്രമെയുള്ളു. മറ്റുവാർഡുകളിൽ ഇത്തരം സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. മൃഗാശുപത്രികളിൽ അവശ്യമരുന്നുകൾ ഇല്ല. സ്ഥാപനങ്ങൾ ഒന്നുമില്ലാത്ത പത്തുവാർഡുകളിലും 5 മുതൽ 10വരെ കി.മീറ്റർ സഞ്ചരിച്ചാലെ മൃഗാശുപത്രിയുടെ സേവനം ലഭിക്കുകയുള്ളു.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പത്തുസെൻറു മുതൽ അമ്പതു സെൻറുവരെ തുണ്ടു ഭൂമി കൈവശമുള്ളവർക്ക് ഒരു വീട്ടിൽ ഒരു പശു, ഒരു ആട് പതിനഞ്ചുകോഴി എന്ന കണക്കിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് അവരുടെ ഉന്നമനത്തിനു സഹായകരമാകും.

## രോഗവിവരം സംബന്ധിച്ച ചില കണക്കുകൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 552 | 41 | 61 | 8 | 31 |
| 2. | ശ്വാസകോശ സംബന്ധം | 84 | 8 | 31 | | |
| 3. | ഉപാപചയബന്ധം | 19 | 2 | 8 | | |
| 4. | ത്വക്ക് രോഗങ്ങൾ | 72 | 17 | 28 | 2 | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 228 | 21 | 43 | | |
| 6. | പരാദരോഗങ്ങൾ | 71 | 15 | 19 | 27 | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയു-മായി ബന്ധപ്പെട്ടത് | 183 | 24 | 4 | | |
| 8. | വന്ധ്യത | 91 | 14 | | | |
| 9. | അകിടു വീക്കം | 207 | 21 | 17 | | |
| 10. | മുടന്തൻ പനി | 93 | 4 | | | |
| 11. | പകർച്ചവ്യാധികൾ | | | | | 272 |

## നടപ്പുപദ്ധതികൾ

### A. ക്ഷീരവികസന വകുപ്പ്

| നടപ്പുപദ്ധതിയുടെ പേര് | പദ്ധതി അടങ്കൽതുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ധനസഹായം | പദ്ധതിയുടെ ലക്ഷ്യം |
|---|---|---|---|---|
| 1. പുൽകൃഷിവികസനപദ്ധതി | | | | ലാഭകരമായ പുല്ലുൽപ്പാദനം |
| a. വാണിജ്യാടിസ്ഥാനത്തിൽ 1 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് | 30000 | 1 | അടങ്കത്തുകയുടെ 50% | |

| | | | | |
|---|---|---|---|---|
| C. 1 ഹെക്ടറിൽ താഴെ 1 സെൻറുവരെ | 1സെൻറിന് 8 രൂപ | പഞ്ചായത്തിലാകെ 8 ഹെക്ടർ ഭൂമി | 50% സബ്സിഡി | |
| 2. മാതൃകാ ക്ഷീരോൽ പ്പാദന യൂണിറ്റ് | 50000 രൂപ | 2 | 14% സബ്ബ്സിഡി | " |
| 3. ധാതുലവണ മിശ്രിതം | ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളിലൂടെ | | 50% സബ്ബ്സിഡി | പോഷകാഹാരക്കുറവു റവുമൂലമുള്ള വന്ധ്യത പരിഹരിക്കുക. |
| 4. ക്ഷീരവികസന മേള | 5000 രൂപ | വർഷത്തിലൊന്ന് പഞ്ചായത്തു തലത്തിൽ | 900 രൂപ | വിജ്ഞാനപ്രദമായമായ കാര്യങ്ങൾ പ്രചരിപ്പിക്കുക. |
| 5. കർഷകസംഗമം, ബോധവത്കരണ സെമിനാർ | 500 രൂപ | 1 വർഷം പഞ്ചായത്തു തലത്തിൽ 4 എണ്ണം | 300 രൂപ | " |
| 6. ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകൾ വനിതകൾക്ക് | 31000 രൂപ | 4 എണ്ണം | 33.5% സബ്ബ്സിഡി 1750 രൂപ | പാലുല്പന്ന നിർമ്മാണം വനിതകൾ വഴി |
| 7. കർഷകർക്ക് ഇൻഷുറൻസ് പദ്ധതികൾ | | | 50% സബ്ബ്സിഡി | |
| 8. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ധനസഹായം | 15000 രൂപ | 18 പേർക്ക് | 50% സബ്ബ്സിഡി | |

## B. മൃഗസംരക്ഷണവകുപ്പ്

| നടപ്പുപദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ധനസഹായം | പദ്ധതിയുടെ ലക്ഷ്യം |
|---|---|---|---|---|
| പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 72000 രൂപ | 90 | 50% സബ്സിഡി 36000 രൂപ | |
| വീട്ടുവളപ്പിലെ കോഴി വളർത്തൽ | 24600 രൂപ | 82 | 100% സബ്സിഡി 24600 രൂപ | |
| ഗോ രക്ഷാക്യാമ്പുകൾ | 400 | 2 | 400 രൂപ | |
| പേ വിഷ നിർമ്മാർജന പദ്ധതി | 3420 | 100 | 2650 രൂപ | |

## ക്ഷീരോല്പാദന സഹകരണ സംഘങ്ങളുടെ വിവരം (പ്രതിമാസകണക്കിൽ)

| സഹകരണസംഘത്തിന്റെ പേര് | സംഭരിക്കുന്ന പാൽ ലിറ്റർ / kg | പഞ്ചായത്തിനുള്ളിൽ വില്ക്കുന്നത് ലിറ്റർ / kg | പുറത്തേയ്ക്കയക്കുന്നത് ലിറ്റർ / kg |
|---|---|---|---|
| തേക്കടി Apcos | 4716 | 810 | 3906 |
| കുമളി Apcos | 4500 | 1500 | 3000 |
| വെള്ളാരംകുന്ന് Apcos | 2810 | 390 | 2420 |
| എയ്ഞ്ചൽ വാലി Apcos | 4134 | 322 | 3812 |
| മലനാട് ക്ഷീരോല്പാദന സഹകരണസംഘം | | | |
| " ഒന്നാം മൈൽ | 17400 | 1350 | 16050 |
| " അമരാവതി | 14800 | 850 | 13950 |
| " വെള്ളാരം കുന്ന് | 6450 | 450 | 6000 |
| " സ്പ്രിംഗ് വാലി | 4241 | 1219 | 3022 |
| ആകെ | 59051 | 6891 | 52160 |

## പ്രശ്നങ്ങൾ

1. വെള്ളാരം കുന്ന് മൃഗാശുപത്രിയിൽ അത്യാവശ്യ മരുന്നുകളില്ല. 1, 2, 6, 7, 8, 9, 11, 13 വാർഡുകളിലെ കർഷകർക്ക് തങ്ങളുടെ വളർത്തു മൃഗങ്ങൾക്കാവശ്യമായ ചികിത്സയ്ക്കും മറ്റും 5-8 കി.മീ. യാത്രചെയ്യേണ്ടതായി വരുന്നു.
2. ക്ഷീരവിപണന സൗകര്യങ്ങൾ 2,3, 7, 9, 11, 12 വാർഡുകളിലില്ല.
3. പഞ്ചായത്തിൽ കാലിത്തീറ്റ ഉത്പാദന ഫാക്ടറികളില്ല. മിതമായ വിലയ്ക്ക് തീറ്റസാധനങ്ങൾ ലഭ്യമല്ല.
4. അത്യുദ്പാദന ശേഷിയുള്ള ആട്, പന്നി, കോഴി, മുയൽ എന്നിവയുടെ കുഞ്ഞുങ്ങൾ ലഭ്യമല്ല.
5. ബയോഗ്യാസ് പ്ലാൻറുകളുടെ എണ്ണം തീരെകുറവാണ്.
6. യുവതലമുറക്ക് മൃഗസംരക്ഷണരംഗത്തോട് വേണ്ടത്ര താല്പര്യമില്ല.
7. അശാസ്ത്രീയമായ തൊഴുത്തുകളും, തൊഴുത്തിനു സമീപത്തുതന്നെ ചാണകക്കുഴികളും നിർമ്മിക്കുന്നതും സാംക്രമിക രോഗങ്ങൾ പകരുന്നതിനും പാലിൻെറ ഗുണമേന്മ കുറയുന്നതിനും ഇടയാക്കുന്നു.
8. തീറ്റപ്പുൽകൃഷി പഞ്ചായത്തിലെ മിക്ക വാർഡുകളിലും പരിമിതമായ സ്ഥലത്തുമാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ക്ഷീര വികസന വകുപ്പിൽ നിന്നും നടപ്പാക്കുന്ന പുൽക്കൃഷി വികസന പദ്ധതിയുടെ പ്രയോജനം എല്ലാ ക്ഷീരോത്പാദകർക്കും ലഭിക്കുന്നില്ല. വേനൽക്കാലങ്ങളിൽ പുല്ലിൻെറ ദൗർലഭ്യം രൂക്ഷമാണ്.
9. കിടാരികളിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന വന്ധ്യതാനിരക്ക് കൂടുതലാണ്.
10. ക്ഷീരോല്പാദർക്ക് ആവശ്യമായ പരിശീലനങ്ങൾ ലഭ്യമല്ല.
11. സാംക്രമിക രോഗങ്ങൾ തടയുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമല്ല. അശാസ്ത്രീയ കാലിവസന്ത നിർമ്മാർജ്ജന പദ്ധതി പുനഃപരിശോധിക്കാത്തത് കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്ക് പ്രതിവർഷം വലിയ സാമ്പത്തിക ബാധ്യത വരുത്തിതീർക്കുന്നു
12. യാതൊരുവിധമായ നിയന്ത്രണവുമില്ലാതെ തമിഴ്നാട്ടിൽ നിന്നും ഗുണനിലവാരം കുറഞ്ഞ പാൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജനവാസമുള്ള 1, 2, 3, 5, 6, 7 വാർഡുകളിൽ വിതരണം ചെയ്യുന്നതുമൂലം പഞ്ചായത്തിൽത്തന്നെ ഉത്പ്പാദിപ്പിക്കുന്ന പാലിന് പ്രാദേശിക ആവശ്യകത കുറയുന്നു.
13. മൂരിക്കിടാങ്ങളിൽ പോഷകാഹാരക്കുറവു മൂലമുള്ള മരണനിരക്ക് കൂടുതലാണ്.
14. മാംസം, മുട്ട തുടങ്ങിയ മറ്റ് വിഭവങ്ങൾക്ക് വിപണന സംഘങ്ങൾ കുമളി പഞ്ചായത്തിൽ നിലവിലില്ല.
15. സമഗ്ര ഇൻഷുറൻസ് സംവിധാനമില്ല. വളർത്തു മൃഗങ്ങളുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കർഷകർക്ക് താങ്ങാവുന്നതിലധികമാണ്.
16. അകിടുവീക്കം ഉണ്ടാകുന്നതുമൂലം പാലുത്പ്പാദന രംഗത്ത് വരുന്ന നഷ്ടം ഭീമമാണ്. രോഗ പ്രതിരോധ നടപടികൾക്ക് നിലവിൽ കാര്യമായ സംവിധാനമൊന്നുമില്ല. രോഗം നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന മാസ്റ്റെറ്റിസ് ലാബ് പഞ്ചായത്തിലില്ല.
17. കറവപ്പശുക്കളിലെ വന്ധ്യതാ നിരക്ക് താരതമ്യേന കൂടുതലാണ്.
18. നിലവിലുള്ള പദ്ധതി പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൊണ്ട് അത്യുത്പാദനശേഷിയുള്ള പശുക്കളെ വാങ്ങുവാൻ കഴിയുന്നില്ല. അതുകൊണ്ട് പദ്ധതിലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. കൃഷിഭൂമിയോടു ചേർന്നുകിടക്കുന്ന തരിശുവനഭൂമി ധാരാളമുള്ള കുമളി പഞ്ചായത്തിൽ തീറ്റപ്പുൽ ക്ഷാമം പരിഹരിക്കുവാൻ വനംവകുപ്പിൻെറയോ, പഞ്ചായത്തിൻെറയോ, സഹകരണസംഘങ്ങളുടെയോ, നിയന്ത്രണത്തിൽ പുൽകൃഷിചെയ്യാവുന്നതും കുറഞ്ഞനിരക്കിൽ സഹകരണവിപണിയിലൂടെ ക്ഷീരോല്പാദകർക്കു തീറ്റപ്പുൽ നല്കാവുന്നതുമാണ്. മഴക്കാലങ്ങളിൽ അധികം വരുന്നപുല്ല് ശാസ്ത്രീയമായി സംസ്ക്കരിച്ച് വരൾച്ചാ കാലങ്ങളിൽ ഉപയോഗിക്കുവാൻ കഴിയും. ആവശ്യമായ തൊഴിൽ പരിശീലനം നല്കി തൊഴിൽ രഹിതരായ യുവാക്കളെ ഇതിൽ പങ്കാളികളാക്കാൻ കഴിയും.
2. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ പ്രാദേശികലഭ്യതയനുസരിച്ച് ശേഖരിക്കുകയും, പോരാതെ വരുന്നത് തമിഴ്നാട്ടിൽ നിന്നും വാങ്ങി സഹകരണാടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതും, കാലിത്തീറ്റ നിർമ്മാണത്തിനുള്ള ഒരു ഫാക്ടറി ആരംഭിക്കേണ്ടതുമാണ്.
3. ശാസ്ത്രീയ കാലിത്തൊഴുത്തു നിർമ്മാണം, ബയോഗ്യാസ് പ്ലാൻറ് എന്നിവയ്ക്ക് നിരവധി പദ്ധതികളിലൂടെ ചെലവഴിക്കുന്ന തുക അനുവദിക്കുന്നതും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും പഞ്ചായത്തുഭരണസമിതി ഉൾക്കൊള്ളുന്ന ജനകീയ കമ്മറ്റികൾ ആയിരിയ്ക്കണം. സഹകരണാടിസ്ഥാനത്തിൽ നടത്തുകയാണെങ്കിൽ കൂടുതൽ ജനപങ്കാളിത്തം ലഭിക്കും.
4. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ പുതിയവ ആരംഭിക്കണം.
5. ബാലവാടികൾ, അംഗൻവാടികൾ, എൽ.പി.സ്കൂളുകൾ എന്നിവയിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരക്കുറവുപരിഹരിക്കുവാൻ പാലും പാലുല്പന്നങ്ങളും നല്കുക. ഇതുമൂലം നമ്മുടെ പഞ്ചായത്തിൽ സംഭരിക്കുന്ന പാലിൻെറ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിയ്ക്കുവാനും, പോഷകാഹാരക്കുറവു പരിഹരിക്കുവാനും സാധിക്കും.
6. 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി പോളിക്ലിനിക്ക് പഞ്ചായത്തുതലത്തിൽ ആരംഭിയ്ക്കുക. വാഹനഫോൺ സൗകര്യം ഏർപ്പെടുത്തുക. 1, 2, 6, 7, 8, 9, 12, 13 വാർഡുകളിൽ ഓരോ സബ്ബ് സെൻററുകൾ അനുവദിക്കുക. വെള്ളാരംകുന്ന് മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുക.
7. ക്ഷീരവിപണന സൗകര്യങ്ങൾ 2, 3, 9, 11, 12 വാർഡുകളിൽ ആരംഭിക്കുക.
8. ഗുണനിലവാരം കുറഞ്ഞ ധാതുലവണ മിശ്രിതങ്ങളും, വിറ്റാമിനുകളും, ക്ഷിരോൽപ്പാദന സഹകരണസംഘങ്ങൾ വഴിയും, അല്ലാതെയും വിറ്റഴിക്കുന്നത് കർശനമായി നിയന്ത്രിക്കുക.
9. പഞ്ചായത്തിലുള്ള സ്കൂളുകളിലെ താല്പര്യമുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് മുട്ടക്കോഴി കുഞ്ഞുങ്ങളേയും, മുയൽകുഞ്ഞുങ്ങളേയും വിതരണം ചെയ്യുകയും അതിൽ നിന്നു ജനിക്കുന്ന കുഞ്ഞുങ്ങളിൽ നിശ്ചിത എണ്ണം തിരികെവാങ്ങി വീണ്ടും വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നല്കുക. ഇതു മൂലം കുഞ്ഞുങ്ങളെ ഒരു നിശ്ചിത പ്രായം വരെ വളർത്തി വിതരണം ചെയ്യുന്ന ചെറുകിട യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ടാകുന്നു. ഇന്ന് നിലവിൽ ചെറുകിട കോഴി ഫാമുകൾക്ക് സർക്കാർ നല്കുന്ന ധനസഹായം ഇതിനുമതിയാകും. ആവശ്യത്തിൽ അധികം വരുന്ന കുഞ്ഞുങ്ങളെ വീടുവളപ്പിൽ വളർത്താവുന്നതാണ്. മൃഗസംരക്ഷമേഖലയോട് വരും തലമുറയ്ക്ക് താല്പര്യം ഉണ്ടാകാൻ ഇത് സഹായിക്കും.
10. മൂരി, പോത്ത് കിടാങ്ങളെയും, കോഴികളേയും, ശാസ്ത്രീയമായി വളർത്തുന്നതിനാവശ്യമായ പരിശീലനവും പ്രോത്സാഹനങ്ങളും കർഷകർക്കു നല്കുകയും, ഇതുവഴി മാംസോല്പാദനരംഗത്ത് ഇന്ന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഗണ്യമായി കുറയ്ക്കാൻ കഴിയും. മാംസം, മുട്ട എന്നിവയുടെ വിപണനത്തിന് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
11. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുവാൻ നിലവിലുള്ള വായ്പാ സമ്പ്രദായങ്ങൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുക.
12. പഞ്ചായത്തിൽ മാസ്റ്റെറ്റിസ് ലാബ് ആരംഭിക്കുക
13. സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക. നിലവിലുള്ള നിയമങ്ങൾ ലഘൂകരിക്കുക.
14. കറവമാടുകളിലും, കിടാരികളിലും കാണുന്ന വന്ധ്യതയ്ക്ക് പോഷകാഹാരകുറവാണ് ഒരു പ്രധാനഘടകം. വിദഗ്ദ്ധന്മാരുടെ അഭിപ്രായങ്ങളും, കർഷകർക്ക് ലഭിക്കുന്ന പരിശീലനപരിപാ

ടികളും ശാസ്ത്രീയമായ കാലി വളർത്തലിന് പ്രയോജനപ്പെടുത്തുക. മൃഗസംരക്ഷണ ത്തെക്കുറിച്ച് പഞ്ചായത്തുതലത്തിൽ ആവശ്യമായ പരിശീലനപരിപാടികൾ സംഘടി പ്പിക്കുക.

# മത്സ്യ ബന്ധനം

കുമളിപഞ്ചായത്തിലെ റോസാപ്പൂക്കണ്ടം, മന്നാക്കുടി, കൊല്ലംപട്ടട, മുരുക്കടി, പത്തുമുറി, അട്ടപ്പള്ളം, അമരാവതി എന്നീ പ്രദേശങ്ങളിലുള്ള കുളങ്ങളിലും ജലസ്രോതസ്സ് ധാരാളമുള്ള പ്ര ദേശങ്ങളിൽ കുളം നിർമ്മിച്ചും, തേക്കടി തടാകത്തിലും ഫലപ്രദമായി മത്സ്യകൃഷി നടത്താൻ കഴിയും.

## മത്സ്യബന്ധന വിവരപട്ടിക.

| | |
|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 35 |
| മത്സ്യകൃഷി കുളങ്ങളുടെ വിസ്തൃതി | 8 ഏക്കർ 13 സെൻറ് |
| അനുവദിച്ച തുക | 9756 |
| വിതരണം ചെയ്ത മത്സ്യകുഞ്ഞുങ്ങളുടെ എണ്ണം | 24390 |

1996-97-ൽ ഷെഡ്യൂൾഡ് ട്രൈബിന് ട്രൈബൽ സബ്ബ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി Rs. 15800/- വീതം 9 പേർക്ക് വീടുനിർമമാണത്തിനും, ഒരാൾക്ക് 750 രൂപ വീട് വൈദ്യുതീകരി ക്കുന്നതിനും നല്കിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. മീൻവളർത്തൽ ആദായകരമായ ഒരു കൃഷി ആണെന്നുള്ള ധാരണ സാധാരണ ജനങ്ങൾക്കില്ല.
2. മീൻവളർത്തലിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഇല്ല. മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യ തകുറവ്.
3. മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ അപര്യാപ്തത.
4. മത്സ്യക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതിന് ആവശ്യമായ തീറ്റയുടെ ലഭ്യതക്കുറവ്.
5. മത്സ്യകൃഷിയുടെ വികസനത്തിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഇടുക്കി ജില്ലയിൽ ഗവ: ഇന്ന് നിശ്ചയിച്ചിരിക്കുന്ന സ്ക്കീമുകളുടെ അപര്യാപ്ത.

## സാധ്യതകൾ

1. ഉപജീവനത്തിനുതകുന്ന ഒരു കൃഷിയാണിതെന്നുള്ള ധാരണ കൃഷിക്കാരിൽ ഉണ്ടാ കുന്നതിന് ബോധവത്ക്കരണ പ്രവർത്തനം ആവശ്യമാണ്.
2. സാങ്കേതികപരിജ്ഞാനം നൽകാൻ പദ്ധതികൾ വേണം.
3. മത്സ്യബന്ധനത്തിന് ആവശ്യമായ ഉപകരണങ്ങൾ നല്കുക.
4. ജലസ്രോതസ്സ് ധാരാളമുള്ള സ്ഥലങ്ങൾ കണ്ടെത്തി കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
5. മത്സ്യസംസ്ക്കരണ വിപണന സൗകര്യം ഉണ്ടാക്കുക.
6. ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ F.F.D.A. ആഫീസ്പ്രവർത്തിക്കുന്നെണ്ടെങ്കിലും അതി ൻെറ പ്രയോജനം ഈ പ്രദേശത്തെ കൃഷിക്ക്ാർക്കു ലഭിക്കുന്നതിനുള്ള സൗകര്യം ഏർ പ്പെടുത്തുക.
7. കുട്ടനാടൻ - ഉൾനാടൻ ജലാശയങ്ങളെ മുന്നിൽകണ്ടുകൊണ്ടു തയാറാക്കിയ മത്സ്യകൃഷി വികസന പദ്ധതികൾ വ്യത്യസ്ഥ ഭൂപ്രകൃതിയും കാലാവസ്ഥയും ഉള്ള ഇടുക്കി ജില്ലയിൽ (നമ്മുടെ പഞ്ചായത്തിലും) നടപ്പാക്കാൻ കഴിയുകയില്ല. ആയതുകൊണ്ട് നമ്മുടെ പ്രദേശത്തി ന് യോജിക്കുന്ന രീതിയിൽ ഈ പദ്ധതി പു:നസംവിധാനം ചെയ്യണം.

# 5.3 വ്യവസായം – ടൂറിസം



## വ്യവസായം

കുമളി പഞ്ചായത്തിൽ എടുത്തുപറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ ചിലയിനം വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാണ്. കാർഷികമേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ധാരാളം സാദ്ധ്യതകളുണ്ട്. കാർഷികോൽപന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സാദ്ധ്യതകളുണ്ടെങ്കിലും ആ വഴിക്കുള്ള കാര്യമായ യാതൊരു പരിശ്രമവും ഉണ്ടായിട്ടില്ല. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ധാരാളം തൊഴിൽരഹിതരുള്ള ഈ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോൽസാഹനം നൽകികൊണ്ട് ഈ മേഖല വിപുലീകരിക്കാൻ നമുക്ക് കഴിയും. സഹകരണാടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങളും നിലവിലുണ്ട്. ഇവിടെ വിളയുന്ന പച്ചക്കുരുമുളക് മറ്റു സ്ഥലങ്ങളിൽ കൊണ്ടുപോയി വ്യവസായങ്ങൾ നടത്തുന്നവർ വളരെയധികമുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനത്തിന്റെ അപര്യാപ്തതയും സാങ്കേതിക പരിജ്ഞാനം ലഭിച്ചവരുടെ അഭാവവും, ആവശ്യമായ പ്രോൽസാഹനം ലഭിക്കാത്തതുമാണ് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ. വ്യവസായം തുടങ്ങാൻ അന്യസംസ്ഥാനത്തും രാജ്യത്തുനിന്നും ഉള്ളവരെ ക്ഷണിക്കുന്ന പതിവാണുള്ളത്. ഇന്നാട്ടിലെ വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്ന നയം ഗവൺമെന്റിനില്ല. മറ്റുള്ളവരെ ക്ഷണിക്കുന്നതോടൊപ്പം ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ളവരെ കൂടി മുമ്പോട്ടു കൊണ്ടുവരാനുള്ള മനോഭാവം ഉണ്ടാകണം. റെയിൽവേയുടെ സൗകര്യമില്ലായ്മ കേരളത്തിലെ വ്യവസായമേഖലയെ പൊതുവേയും ഇടുക്കി ജില്ലയെ പ്രത്യേകമായും തളർത്തിയിട്ടുണ്ട്. തൊഴിലാളി യൂണിയനുകൾ തമ്മിലുള്ള അനാവശ്യ കിടമൽസരം, സ്ഥാപനങ്ങളിലെ യൂണിയൻ ബാഹുല്യം പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത, സ്വദേശ വിദേശ കുത്തകകളുമായുള്ള മത്സരങ്ങൾ എന്നിവയും വ്യവസായരംഗത്തെ പിന്നോട്ടടിച്ചിട്ടുണ്ട്. വൈദ്യുതിയുടെ അഭാവം, വിവിധ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, നികുതി വ്യവസ്ഥയിലെ ഐക്യരൂപ്യമില്ലായ്മ എന്നിവയും ഈ മേഖലയ്ക്ക് വളരെയേറെ ദോഷം ചെയ്യുന്നുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുകയാണ്. പല വ്യവസായങ്ങളും തുടങ്ങാൻ സുവർണ്ണാവസരങ്ങളുണ്ടായിട്ടും അതിനു മുതിരാതെ അന്യസംസ്ഥാനത്ത് നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങി ക്രയശേഷി കുറയാൻ കാരണമാക്കുന്ന സമീപനമാണ് നാം തുടർന്നു പോരുന്നത്. ലഭ്യമായ അസംസ്കൃത വസ്തുക്കളുപയോഗിച്ച് ആഭ്യന്തര ഉപയോഗത്തിനും കയറ്റുമതിക്കും ഉതകുന്നവ ഉൽപാദിപ്പിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കേണ്ടത് അന്ത്യന്താപേക്ഷിതമാണ്.

### പ്രശ്നങ്ങൾ

1. വ്യവസായങ്ങളെക്കുറിച്ചുള്ള അജ്ഞത

2. പുതിയ വ്യവസായ സംരംഭകർക്കുവേണ്ട പരിശീലനത്തിൻെറയും പ്രോൽസാഹനത്തിൻെറയും അപര്യാപ്തത
3. ചെറുകിട വ്യവസായ സംരംഭകർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
4. വൈദ്യുതിയുടെ അഭാവവും പുതിയ കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസവും
5. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക ബുദ്ധിമുട്ട്
6. വ്യവസായം തുടങ്ങുന്നതിനേക്കാൾ കൂടുതൽ ആളുകളും വെള്ളക്കോളർ ജോലി നേടുക എന്നതിന് പ്രാധാന്യം കൊടുക്കുന്നു.
7. അശാസ്ത്രീയമായ നികുതി സമ്പ്രദായവും ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും.
8. ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണികളുടെ അഭാവം.

**സാദ്ധ്യതകൾ**

1. കാർഷികമേഖലയിൽ ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനം നൽകണം.
2. പുതിയ വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനവും പ്രോൽസാഹനവും നൽകണം.
3. വ്യവസായ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുക. (വിപണനസാദ്ധ്യതയേയും തന്ത്രങ്ങളെയുംപറ്റിയുള്ള ആധുനിക പഠനം.)
4. പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ ഉപദേശകസമിതി രൂപീകരിക്കുക.
5. വ്യവസായത്തിനുള്ള വൈദ്യുതി കുറഞ്ഞ നിരക്കിലും കാലതാമസം ഇല്ലാതെ ലഭിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുക.
6. വ്യവസായ സംരംഭകർക്കുള്ള ധനസഹായം പ്രാഥമിക സഹകരണസംഘങ്ങൾ വഴിയും പൊതുമേഖലാ ബാങ്കുകൾ മുഖേനയും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
7. കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. ഈ ലക്ഷ്യത്തോടെ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് പ്രത്യേകമായി ഒരു സാമ്പത്തിക സ്ഥാപനം ആരംഭിക്കുന്നത് നന്നായിരിക്കും.
8. പരമ്പരാഗത വ്യവസായരംഗത്ത് സഹകരണാടിസ്ഥാനത്തിൽ ഈറ, നെയ്ത്ത്, കയർ, കൈത്തറി, മൽസ്യബന്ധനം തുടങ്ങിയ മേഖലകളിൽ വ്യവസായം ആരംഭിക്കാവുന്നതാണ്.
9. ആട്, കോഴി, പന്നി, മുയൽ, തേനീച്ച, കാടപ്പക്ഷി എന്നിവയെ വളർത്തുന്നതിന് ആവശ്യമായ സഹായവും പ്രോൽസാഹനവും നൽകിയാൽ ഏറെപേർക്ക് ആശ്വാസമാകും.
10. അച്ചാർ, ചിപ്സ്, പർപ്പടകം, ബേക്കറി സാധനങ്ങൾ, ധാന്യപ്പൊടി, മസാലപ്പൊടി എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്.
11. തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, ഡിറ്റർജൻറ് പൗഡർ എന്നിവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.
12. സഹകരണമേഖലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കുടനിർമ്മാണം എന്നിവ ആരംഭിക്കാൻ നല്ല സാദ്ധ്യതയുണ്ട്.
13. ഫർണിച്ചർ നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് നടത്താം.
14. സിമൻറ്, ഇഷ്ടിക, വിവിധ കോൺക്രീറ്റ് ഉൽപന്നങ്ങൾ എന്നിവ ഉൽപാദിപ്പിച്ചാൽ വിപണനസാധ്യത ഏറെയുണ്ട്.
15. പഞ്ചായത്തിൻെറ അനുയോജ്യമായ പ്രദേശങ്ങളിൽ ക്രഷർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണം.
16. ഒരു മിനറൽ വാട്ടർ യൂണിറ്റ് നിർമ്മാണം തുടങ്ങുക.
17. പാലിൽ നിന്നും ഉൽപാദിപ്പിക്കാവുന്ന വിവിധ ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിന് ഒരു ഡയറിയൂണിറ്റ് ആരംഭിക്കാവുന്നതാണ്.
18. കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
19. ആയുർവേദ ഔഷധങ്ങളുടെ ഉല്പാദനം, വിപണനം.
20. കാപ്പിപ്പൊടി, ഇൻസ്റ്റൻറ് കാപ്പി എന്നിവ
21. ഇരുമ്പുപകരണങ്ങൾ, ഫർണിച്ചർ
22. മരംകൊണ്ടുള്ള കരകൗശല വസ്തുക്കൾ, വൈദ്യുതീകരണ ജോലിക്കുപയോഗിക്കുന്ന സ്വിച്ച് ബോക്സുകൾ, കളിപ്പാട്ടങ്ങൾ മുതലായവ
23. മൽസ്യ, മാംസ സംസ്കരണ യൂണിറ്റ്
24. ബാറ്ററി അസംബ്ലിംഗ് യൂണിറ്റ്
25. വേപ്പിൻകുരു ഉപയോഗിച്ചുള്ള വേപ്പിൻ പിണ്ണാക്ക് ഫാക്ടറി
26. കയർ ഉപയോഗിച്ചുള്ള ചവിട്ടികൾ, വിരികൾ മുതലായവ
27. ഇലക്ട്രോണിക്സ് ഉൽപന്നങ്ങളുടെ നിർമ്മാണവും അസംബ്ലിംഗ് യൂണിറ്റും എന്നിവകൾക്കെല്ലാം നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യത ഏറെയാണ്.

# ടൂറിസം

ഭൂവന പ്രശസ്ത ടൂറിസ്റ്റുകേന്ദ്രമായ തേക്കടി, പുരാതനക്ഷേത്രമായ മംഗളാദേവി എന്നിവ ഈ പഞ്ചായത്തിൽ ആണ്. പഞ്ചായത്തിൻെറ ഏറിയ പങ്കും ടൂറിസവുമായി ബന്ധമുള്ള ഭാഗങ്ങളാണ്. ടൂറിസവുമായി ബന്ധപ്പെട്ടാണ് കുമളിയുടെ വികസനം ഏറിയപങ്കും നടന്നിട്ടുള്ളത്. ടൂറിസ്റ്റുകൾക്ക് എത്തിച്ചേരാനും താമസിക്കാനും വിനോദങ്ങളിൽ ഏർപ്പെടാനും ഇനിയും വളരെയേറെ കാര്യങ്ങൾ നടപ്പാക്കേണ്ടതുണ്ട്. മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞാൽ ടൂറിസം ഒരു വൻവ്യവസായമായി വളർത്തിക്കൊണ്ടുവരാനും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. വിദേശികളായ ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന തേക്കടിയിൽ കെ. ടി. ഡി. സി.യുടെ രണ്ട് ഹോട്ടലുകളുണ്ടെങ്കിലും താമസസൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അതുപോലെ തന്നെ ചെലവു കുറഞ്ഞ ഹോട്ടലുകളും ലോഡ്ജുകളും കൂടുതൽ ആരംഭിക്കണം. ഈ രംഗത്തും അടിയന്തരശ്രദ്ധയുണ്ടാകണം. തദ്ദേശിയരും, വിദേശിയരുമായ മൂന്നുലക്ഷത്തോളം ടൂറിസ്റ്റുകൾ ഒരു വർഷം ഇവിടെ എത്തുന്നുണ്ട്. അവർക്കു വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ കഴിവതും വേഗം സ്വീകരിക്കണം.

## പ്രശ്നങ്ങൾ

1. പരിമിതമായ യാത്രാസൗകര്യങ്ങളും യാത്രയിലെ പ്രതിബന്ധങ്ങളും.
2. തേക്കടി തടാകത്തിൽ ബോട്ടുയാത്രയ്ക്കുള്ള അപര്യാപ്തത
3. മംഗളാദേവിയിലേക്കുള്ള പ്രവേശന നിയന്ത്രണം
4. പരിശീലനം ലഭിച്ച ഗൈഡുകളുടെ അഭാവം
5. വിനോദത്തിനുള്ള സൗകര്യക്കുറവ്
6. ചെലവുകുറഞ്ഞ താമസ സൗകര്യമില്ലായ്മ
7. തേക്കടിയിൽ വരുന്ന വിനോദസഞ്ചാരികൾക്ക് സുഗന്ധവിള – തോട്ടവിള കൃഷിയിടങ്ങൾ ഇവ ചുറ്റിക്കാണുന്നതിനുള്ള അസൗകര്യം.

## സാദ്ധ്യതകൾ

1. തേക്കടിയിലേക്ക് ടൂറിസം ലക്ഷ്യംവച്ചുകൊണ്ട് സൗകര്യങ്ങൾ ഉള്ള വാഹന സർവ്വീസ് നടത്തുക. (പധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ച്)
2. റെയിൽവേ ലൈൻ തേനിയിൽനിന്നും ലോവർക്യാമ്പുവരെ നീട്ടുക.
3. കുമളിയിൽ ഹെലിപാഡ് നിർമ്മിക്കുക
4. തേക്കടി തടാകത്തിൽ ബോട്ടുയാത്രയ്ക്കുള്ള സൗകര്യം വർദ്ധിപ്പിക്കുക.
5. മംഗളാദേവി സന്ദർശിക്കാനാഗ്രഹിക്കുന്ന സന്ദർശകർക്ക് ആഴ്ചയിലൊരിക്കലെങ്കിലും നിയന്ത്രണവിധേയമായി സന്ദർശനാനുമതി നൽകണം.
6. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഗൈഡ് പരിശീലനം നൽകി ടൂറിസ്റ്റുകൾക്ക് ആവശ്യത്തിന് ഗൈഡുകളുടെ സേവനം ഉറപ്പുവരുത്തുക.
7. കുമളിയിലും പരിസരപ്രദേശങ്ങളിലും കൂടുതൽ വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തുക
8. ചെലവുകുറഞ്ഞ താമസസൗകര്യവും ഭക്ഷണവും ലഭ്യമാകുന്നതിനുള്ള പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. തേക്കടിയിൽ വരുന്ന വിദേശ ടൂറിസ്റ്റുകൾക്ക് സുഗന്ധവിള – തോട്ടവിള കൃഷിയിടങ്ങൾ ചുറ്റിക്കാണുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
10. ആനവച്ചാലിൽ ഒരു ടൂറിസ്റ്റ് പാർക്ക് (വൃന്ദാവൻ മോഡൽ നിർമ്മിക്കുക.)
11. തേക്കടി ടൗൺഷിപ്പ് ആയി പ്രഖ്യാപിക്കുക.
12. തേക്കടി ഡവലപ്മെൻറ് അതോറിറ്റി രൂപീകരിക്കുക
13. ടൂറിസം സോണിൽ തടിവെട്ടുൾപ്പെടെയുള്ള നശീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതു തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
14. പ്രകൃതിരമണീയമായ കുരിശുമല, ഒട്ടകത്തലമേട് ഭാഗങ്ങളിൽ ടൂറിസ്റ്റ് റിസോർട്ടുകൾ ആരംഭിക്കുക.

# 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

വിശ്വപ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ കവാടത്തിലുള്ള പട്ടണമാണ് കുമളി. അതോടൊപ്പം തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന സ്ഥലമെന്ന നിലയിലും ഏറെ പ്രാധാന്യമുണ്ട്. ശബരിമല തീർത്ഥാടനത്തിനായി ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർ അയൽസംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നും ഇതുവഴി വന്നു പോകാറുണ്ട്. ആ സമയങ്ങളിൽ കുമളി ടൗണിലുണ്ടാകുന്ന തിക്കും തിരക്കും വർണ്ണനാതീതമാണ്. 110 സർവീസ് ബസുകളും ജീപ്പ്, കാർ, ഓട്ടോ, ലോറി തുടങ്ങിയ 250–ലധികം ഇതര വാഹനങ്ങളുമുള്ള ഇവിടെ പലപ്പോഴും ഗതാഗതക്കുരുക്ക് ഉണ്ടാകാറുണ്ട്. വീതികുറഞ്ഞ റോഡുകളും വൺവേ സൗകര്യമില്ലാത്തതും ഇതിന് കാരണങ്ങളാണ്. കോട്ടയം – കുമളി റോഡ് അവസാനിക്കുന്ന ഭാഗത്ത് തമിഴ്നാട് അതിർത്തിയോടു ചേർന്നു സ്ഥിതിചെയ്യുന്ന വില്പന നികുതി ചെക്ക് പോസ്റ്റിൽ പരിശോധനയ്ക്കായി നിർത്തിയിടുന്ന വാഹനനിര ഇവിടെ മിക്കപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. റെയിൽവേ, വ്യോമഗതാഗതം, ജലഗതാഗതം എന്നിവ നിലവിലില്ല.

പഞ്ചായത്തിലൊട്ടാകെ 47.8. കി.മീ. നീളം വരുന്ന പി.ഡബ്ളിയു.ഡി. വക വിവിധ റോഡുകളും 110 കി.മീ. ദൂരം പഞ്ചായത്തുവക റോഡുകളും ഉണ്ട്. റോഡുകളെല്ലാം തകർന്ന് ഗതാഗതയോഗ്യമല്ലാതെ കിടക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏറെയാണ്. ഇവിടെയെത്തുന്നതിന് ഏക മാർഗ്ഗം റോഡാണെന്നിരിക്കെ അവയുടെ മോശമായ അവസ്ഥ വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളുടെ വരവിന് തടസ്സം സൃഷ്ടിക്കുന്നു. റോഡുകളുടെ തകർന്ന സ്ഥിതിമൂലം പലപ്പോഴും ലൈൻ ബസുകൾ സർവീസ് നിർത്തിവയ്ക്കാറുണ്ട്. റോഡുകൾക്കാവശ്യമായ അറ്റകുറ്റപ്പണികൾ യഥാസമയങ്ങളിൽ നടത്താറില്ല. മലവെള്ളപ്പാച്ചിലിലും റോഡുകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ട്. വർഷങ്ങൾക്കു മുൻപു നിർമ്മാണം ആരംഭിച്ച കുമളി – ആലടി റോഡ് ബസ് ഗതാഗതത്തിന് ഉപയുക്തമല്ല. പഞ്ചായത്തു റോഡുകൾ ഭൂരിപക്ഷവും മെറ്റലിംഗ് പോലും നടത്താത്ത മൺറോഡുകളാണ്.



### പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലേയും നിലവിലുള്ള റോഡുകൾ താറുമാറായി കിടക്കുന്നു.
2. കലുങ്കുകൾ, പാലങ്ങൾ, ചപ്പാത്തുകൾ, ഓടകൾ, റിവെറ്റ്മെൻറുകൾ എന്നിവ ആവശ്യാനുസരണം നിർമ്മിക്കുന്നില്ല.
3. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നില്ല.
4. റോഡുകൾക്ക് ആവശ്യത്തിനുള്ള വീതി ഇല്ല.
5. പണികൾ ചെയ്താലും അധികം വൈകാതെ റോഡുകൾ കുണ്ടും കുഴിയുമായിത്തീരുന്നു.
6. അന്തർ സംസ്ഥാന ബസ് സർവീസുകളുടെ അഭാവം.
7. രാത്രികാലങ്ങളിലെ ബസ് സർവീസുകളുടെ അപര്യാപ്തത
8. വെയ്റ്റിംഗ് ഷെഡ്, മൂത്രപ്പുര എന്നിവ ആവശ്യാനുസരണമില്ല.

## സാധ്യതകൾ

1. പി.ഡബ്ളിയു.ഡി. റോഡുകളും പഞ്ചായത്തു റോഡുകളും ഗതാഗതയോഗ്യമാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക.
2. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവഹിക്കുക.
3. റോഡുകളുടെ സംരക്ഷണത്തിന് ആവശ്യമുള്ള ഓടകൾ നിർമ്മിക്കുകയും ഇടയ്ക്കിടെയുണ്ടാകുന്ന തടസ്സങ്ങൾ നീക്കുകയും ചെയ്യുക. ആവശ്യാനുസരണം ചപ്പാത്തുകൾ, പാലങ്ങൾ, കലുങ്കുകൾ, സംരക്ഷണഭിത്തികൾ എന്നിവ നിർമ്മിക്കുക.
4. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കുക.
5. സംസ്ഥാന അതിർത്തി പട്ടണമായ കുമളിയിൽനിന്ന് അന്തർ സംസ്ഥാന സർവീസുകൾ ആരംഭിക്കുക. ഇവിടെ ട്രാൻസ്പോർട്ട് ഗാരേജ്, സബ് ഡിപ്പോ എന്നിവ ആരംഭിക്കേണ്ടതാണ്.
6. പുതുതായി പണിതീർക്കുന്ന റോഡുകൾപോലും വളരെ വേഗം പൊട്ടിപ്പൊളിഞ്ഞ് താറുമാറാകുന്നു. പണികളുടെ നടത്തിപ്പിലെ ക്രമക്കേടുകളാണ് ഇതിൻെറ പ്രധാന കാരണം. ജോലി പൂർത്തിയാക്കി ഒരു വർഷത്തിനകം കേടുപാടുകൾ ഉണ്ടാകുന്നപക്ഷം കരാറുകാരനിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ വ്യവസ്ഥ ചെയ്യുക.
7. ടൗണിലെ തിരക്ക് ഒഴിവാക്കാൻ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽനിന്നും അമ്പാടി ജംഗ്ഷൻ വഴി വൺവേ ഏർപ്പെടുത്തണം. കുമളി ടൗണിൽ ഫുട്പാത്ത് സൗകര്യം ഏർപ്പെടുത്തുക.
8. റെയിൽവേ ബന്ധമില്ലാത്ത ഇടുക്കി ജില്ലയിലൂടെ കടന്നുപോകുന്നവിധത്തിലും തേക്കടിയെ ബന്ധിപ്പിച്ചുകൊണ്ടുള്ളതുമായ കൊച്ചി - മധുര റെയിൽവേ ലൈൻ ആരംഭിക്കുക. നിലവിൽ തമിഴ്നാട്ടിലെ തേനിവരെയുള്ള റെയിൽവേ ലൈൻ കുമളിയിൽനിന്ന് 4 കിലോമീറ്റർ ദൂരത്തുള്ള ലോവർ ക്യാമ്പ് വരെ ദീർഘിപ്പിക്കുക.

## വാർഡുതല സാധ്യതകൾ

### വാർഡ് 1 തേക്കടി

1. കുമളി റോസാപ്പൂക്കണ്ടം - തേക്കിൻകാട് റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
2. കുമളി - തോട്ടാപ്പുര വഴിയുള്ള റോഡിൽ തിയേറ്റർ ഭാഗത്ത് വർഷകാലത്ത് വെള്ളം കെട്ടിനിന്ന് തടസ്സപ്പെടുന്നു. റോഡ് ഉയർത്തിയും കലുങ്ക് വലുതാക്കിയും ഇത് പരിഹരിക്കാവുന്നതാണ്.
3. വാർഡിലെ മറ്റു പഞ്ചായത്തു റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കണം.
4. താമരകണ്ടം-ഗാന്ധിനഗർ കോളനി റോഡ് ടാർ ചെയ്യണം.

### വാർഡ് 2 - കുമളി

ലബ്ബക്കണ്ടം - ആനവച്ചാൽ റോഡ്, കുമളി - മൂന്നാർ റോഡിൽനിന്നും കെ. കെ. റോഡിലേക്ക് വലിയകണ്ടം വഴിയുള്ള ബൈപാസ് റോഡ്, രണ്ടാം.വാർഡിൻെറ അതിർത്തിയിൽകൂടി റോസാപ്പൂക്കണ്ടം കുളത്തിൻെറ ഭാഗത്തേക്കുള്ള റോഡ്, ടെലിഫോൺ എക്സ്ചേഞ്ചിൻെറ എതിർവശത്തുകൂടി സ്റ്റേറ്റ് ബൗണ്ടറിവരെയുള്ള റോഡ്, ലബ്ബക്കണ്ടം - കുളത്തുപ്പാലം റോഡ്, ആനവച്ചാൽ - ലബ്ബക്കണ്ടം റോഡ്, കുമളി വ്യാപാരഭവൻ റോഡ് എന്നിവയുടെ കലുങ്കുകൾ, ഓടകൾ എന്നിവ നിർമ്മിച്ച് വീതികൂട്ടി ടാർ ചെയ്യണം.

### വാർഡ് 3 - കൊല്ലംപട്ട

ഹോളിഡേ ഹോമിൻെറ മുൻവശത്തുനിന്നും ആരംഭിച്ച് കുരിശുമലയിലേക്കുള്ള റോഡ്, കലുങ്ക്, സംരക്ഷണഭിത്തി എന്നിവ നിർമ്മിച്ച് മെറ്റൽ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. കൊല്ലംപട്ട പട്ടികജാതി കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യണം. കൊയിനാക്കാട് - മുരിക്കടി റോഡ്, കൊല്ലംപട്ട - കുരിശുമല റോഡ് എന്നിവ സഞ്ചാരയോഗ്യമാക്കണം. ആനവച്ചാൽ - കണ്ടംകുടി (സെറ്റിൽമെൻറ് വഴി) റോഡിൻെറ അറ്റകുറ്റപ്പണികൾ തീർക്കണം. പഞ്ചായത്തിൻെറ 1, 2, 5, 8, 10, 11, 12 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന കുമളി - ആലടി റോഡ് വീതികൂട്ടി ടാർ ചെയ്ത് ബസ് ഗതാ

ഗതത്തിന് യോഗ്യമാകണം. ഫോറസ്റ്റ് ഐ.ബി.യിൽനിന്നും വലത്തോട്ട് തിരിഞ്ഞ് പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ജീപ്പ് റോഡുകളും സഞ്ചാരയോഗ്യമാക്കണം. വാർഡിലെ പോക്കറ്റ് റോഡും കൈവഴികളും സഞ്ചാരയോഗ്യമാക്കണം.

## വാർഡ് 4 - അമരാവതി

ഒന്നാം മൈൽ – ഒട്ടകത്തലമേട് പി.ഡബ്ളിയു.ഡി. റോഡ് വീതികൂട്ടി ടാർ ചെയ്യണം. രണ്ടാം മൈൽ - എസ്. എൻ. ഡി. പി. കെട്ടിടത്തിന്റെ ഭാഗത്തുനിന്നും ആരംഭിക്കുന്ന ഒട്ടകത്തലമേട് നടപ്പാതയ്ക്ക് സ്റ്റെപ്പുകൾ കെട്ടണം. രണ്ടാം മൈൽ - എ. കെ. ജി. പടി റോഡ് ടാർ ചെയ്യണം. രണ്ടാം മൈൽ – മൂന്നാം മൈൽ റോഡ് ഗതാഗതയോഗ്യമാക്കണം. മൂന്നാം മൈൽ കുരിശുപള്ളി ഭാഗത്തുനിന്നും ആരംഭിച്ച് കുമളി പഞ്ചായത്തിന്റെ ബൗണ്ടറിയിൽകൂടി ചക്കുപള്ളത്തേക്ക് പോകുന്ന റോഡ് ഗതാഗതയോഗ്യമാക്കണം. രണ്ടാം മൈൽ – കാരകണ്ടം റോഡ്, രണ്ടാം മൈൽ – കുരിശുമല റോഡ് ഇവ വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. ഒന്നാം മൈൽ നൂലാംപാറ റോഡും ഇതിൽനിന്ന് സ്റ്റേറ്റ് ബൗണ്ടറിയിലേക്കു പോകുന്ന രണ്ട് ബൈപാസ് റോഡുകളും സഞ്ചാരയോഗ്യമാക്കണം. രണ്ടാം മൈൽ ശവക്കോട്ടമേട് വഴിയിൽ നടകൾ നിർമ്മിക്കണം.

## വാർഡ് 5 - അട്ടപ്പള്ളം

മാൻമുക്ക് – ചക്കുപള്ളം റോഡ്, ഒന്നാംമൈൽ അഡോറേഷൻ കോൺവെന്റ് വഴി അട്ടപ്പള്ളം റോഡ്, ലക്ഷംവീട് – ചെളിമട റോഡ്, ഒന്നാം മൈൽ – ചെളിമട റോഡ്, അമരാവതി സ്കൂളിന്റെ മുൻഭാഗത്തുനിന്നും ആരംഭിച്ച് വാർഡിന്റെ അതിർത്തിയിൽകൂടി സ്റ്റേറ്റ് ബൗണ്ടറിയിൽ അവസാനിക്കുന്ന റോഡ്, ഒന്നാംമൈൽ – മാമരത്തു റോഡ് എന്നിവ വീതികൂട്ടി കലുങ്കുകൾ തീർത്ത് ടാർ ചെയ്യണം. കുഴിക്കണ്ടം – ഒന്നാംമൈൽ നടപ്പാത വീതികൂട്ടി പണിയണം. അട്ടപ്പള്ളം - കുരിശുമല റോഡ് പണി പൂർത്തീകരിക്കണം. ഒന്നാംമൈൽ നെൽപ്പാടം വഴി ഒട്ടകത്തലമേട് (ഹെൽത്ത് സെന്റർ), അട്ടപ്പള്ളം – മിനി ഫോറസ്റ്റ് – ശാന്തിഗിരി റോഡ്, അട്ടപ്പള്ളം - മുരുക്കടി റോഡ്, ലക്ഷംവീട് - ആനക്കുഴി റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം.

## വാർഡ് 6 - സ്പ്രിംഗ്വാലി

66–ാംമൈൽ – സ്പ്രിംഗ്വാലി റോഡ്, 66–ാംമൈൽ – ചോറ്റുപാറ റോഡ്, 66–ാംമൈൽ – കുരിശുമല റോഡ് എന്നിവ വീതികൂട്ടി ഓടകൾ നിർമ്മിച്ച് കലുങ്കുകളും സംരക്ഷണഭിത്തിയും കെട്ടി ടാർ ചെയ്യണം. അമ്പലപ്പടി – മുല്ലയാർ റോഡ്, സ്പ്രിംഗ്വാലി – നസ്രാണിപുരം റോഡ്, 65–ാംമൈൽ – മുല്ലയാർ റോഡ് ഇവ പുതുതായി വെട്ടി ആവശ്യമായ പാലങ്ങളും കലുങ്കുകളും നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

## വാർഡ് 7 - ചോറ്റുപാറ

ചോറ്റുപാറ – മുരുക്കടി റോഡ്, ചോറ്റുപാറ – മുല്ലയാർ റോഡ്, ചോറ്റുപാറ – യാഗപ്പൻ കോളനി റോഡ്, സ്പ്രിംഗ്വാലി – മുരിക്കട് ഐ. എച്ച്. ഡി. പി. കോളനി റോഡ്, ചോറ്റുപാറ -എൽ. പി. സ്കൂൾ റോഡ് എന്നിവ ഗതാഗതയോഗ്യമാക്കണം. കെ.കെ. റോഡ് - ശവക്കോട്ട റോഡിൽ പാലം നിർമ്മിക്കണം.

## വാർഡ് 8 - മുരിക്കടി

5–ാംമ്പർ കോളനി റോഡ്, 13–ാം നമ്പർ കോളനി റോഡ്, മുരിക്കടി - മൂന്നേക്കർ റോഡ്, ശവകോട്ട മാരിയമ്മ റോഡ്, ഓടമേട് – വട്ടപ്പാറ റോഡ്, കുര്യൻ കോളനി – മുരിക്കടി റോഡ്, കൊരട്ടി കവല 66–ാംമൈൽ റോഡ്, അമരാവതി – അട്ടപ്പള്ളം റോഡ്, പൂമരം 40 ഏക്കർ വഴി – പത്തുമുറി റോഡ്, അട്ടപ്പള്ളം – മുരിക്കടി റോഡ്, പൂമരം കവല - ചോറ്റുപാറ റോഡ്, എന്നിവയുടെ അറ്റകുറ്റപ്പണികൾ തീർക്കണം. നിർദ്ദിഷ്ട സ്റ്റേറ്റ് ഹൈവേ (കൊച്ചി – തേക്കടി) മുരിക്കടി വഴി കടന്നു പോകണം.

## വാർഡ് 9 - പത്തുമുറി

കരിക്കുഴി – അളിയൻകട റോഡ്, അളിയൻകട – സ്വപ്നാ ജംഗ്ഷൻ റോഡ്, മൂങ്കിത്തൊഴു – പത്തുമുറി റോഡ്, അട്ടപ്പള്ളം – പത്തുമുറി റോഡ്, പത്തുമുറി – വെള്ളാരംകുന്ന് റോഡ്, പത്തുമുറി –

ആനവിലാസം റോഡ്, പത്തുമുറി - ശാന്തിഗിരി റോഡ്, പത്തുമുറി - മുരിക്കടി റോഡ്, വലിയവളവ് - കരിക്കുഴി റോഡ്, ഓടമേട് - കരിക്കുഴി റോഡ് അട്ടപ്പള്ളം - റീത്ത് കോളനി റോഡ് എന്നിവ വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം. രാമൻകട - ശങ്കരൻകട റോഡ് പുതുതായി വെട്ടി സഞ്ചാരയോഗ്യമാക്കണം.

## വാർഡ് 10 - വെള്ളാരംകുന്ന്

വെള്ളാരംകുന്ന് ആശ്രമം വഴി അരണകുടി റോഡ്, വെള്ളാരംകുന്ന് മഠം വഴി ചെങ്കര റോഡ്, വെള്ളാരംകുന്ന് പുതുക്കാട് പട്ടികജാതി കോളനി റോഡ്, വെള്ളാരമകുന്ന് മൂങ്കലാർ റോഡ്, ഓടമേട്-ഡൈമുക്ക് റോഡ്, ചെങ്കര - കുരിശുമല റോഡ്, കല്ലേപ്പുര - കല്ലുമേട് റോഡ് എന്നിവ ടാർ ചെയ്യണം. വെള്ളാരംകുന്ന് - ആനവിലാസം റോഡ് ടാറിംഗ് പണി ഉടനെ നടത്തണം. ചിന്നപ്പൻകട - പത്തുമുറി റോഡ് പുതുതായി നിർമ്മിക്കണം. വെള്ളാരംകുന്ന് അഴകംപ്രാപ്പടി വഴി - ആനക്കുഴി പഴയകാട് റോഡ് ടാർ ചെയ്യണം. സെൻറ് തോമസ് മൗണ്ടിലേക്ക് നട കെട്ടണം, സെൻറ് മേരീസ് സ്കൂളിൻെറ മുകൾവശത്തേക്ക് നട കെട്ടണം.

## വാർഡ് 11 - ആനക്കുഴി

ചെങ്കര - കല്ലുമേട് റോഡ് ടാർ ചെയ്യണം. ആനക്കുഴി - പുതുക്കാട് ബാപ്പുജി കോളനി റോഡ് ഗതാഗതയോഗ്യമാക്കണം. മൂങ്കലാർ- തവാരണ-വി.ജി.എം. എസ് റോഡ് പുതുതായി നിർമ്മിക്കുക.

## വാർഡ് 12 - ചെങ്കര

നിർദ്ദിഷ്ട കൊച്ചി - തേക്കടി സ്റ്റേറ്റ് ഹൈവേ ചെങ്കര, ആനക്കുഴി, വെള്ളാരംകുന്ന് വഴി കടന്നു പോകുന്നതിനുള്ള നടപടി സ്വീകരിക്കണം. ചെങ്കര - അംബേദ്കർ, ചെങ്കര - കന്നിക്കൽ, ചെങ്കര - കുരിശുമല, കല്ലുമേട് - കന്നിമല, ശങ്കരഗിരി - നിർമ്മലഗിരി, ചെങ്കര - ചപ്പാത്ത് (ഹെവൻവാലി വഴി), പാത്തുമുക്ക് - ഹെവൻവാലി എന്നീ റോഡുകൾ വീതികൂട്ടി ടാർ ചെയ്യണം. ചെങ്കര ഗ്രീൻ ലാൻഡ് വഴി കന്നിമല ആനവിലാസം റോഡ് സഞ്ചാരയോഗ്യമാക്കണം.

## വാർഡ് 13



കോളനി റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. എയ്ഞ്ചൽവാലി -കുരിശുംഭാഗം - ആറ്റുകടവ്, മുതലയം - എഴുകുംമണ്ണ് എന്നീ റോഡുകളുടെ വീതികൂട്ടി കലുങ്കുകൾ കെട്ടി, ഓടകൾ തീർത്ത് ഗതാഗതയോഗ്യമാക്കണം. എയ്ഞ്ചൽവാലി - കേരളപ്പാറ റോഡ് സഞ്ചാരയോഗ്യമാക്കണം.

# ഊർജ്ജം

പഞ്ചായത്തിൻെറ നല്ലൊരു പങ്കും അവികസിത പ്രദേശങ്ങളാണ്. ആകെയുള്ള 9570 വീടുകളിൽ 2872 വീടുകൾക്കു മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. മിനിമം ഗാരൻറി വച്ചിട്ടുള്ളവർക്കുപോലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. എൽ. ടി. ട്രാൻസ്ഫോർമർ 35 എണ്ണം സ്ഥാപിച്ചിട്ടുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ടെങ്കിലും അതിനുള്ള ശ്രമങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ചെങ്കരയിൽ കന്നിമല എന്ന സ്ഥലത്ത് ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് തുടങ്ങുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിലെ വൈദ്യുതിക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്നതാണ്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും വീട്ടാവശ്യത്തിന് വിറകാണുപയോഗിക്കുന്നത്. വനത്തിൽനിന്നും വിറക് ശേഖരിക്കാൻ വനംവകുപ്പു തടസ്സം നിൽക്കുന്നതു മൂലം വലിയ ക്ഷാമവും വില വർദ്ധനയും അനുഭവപ്പെടുന്നു. പുകയില്ലാത്ത ചെലവു കുറഞ്ഞ അടുപ്പുകളും ഗോബർ ഗ്യാസ് പ്ലാൻറുകളും വ്യാപകമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ ഊർജ്ജ പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണാൻ കഴിയും. ഇതിനായി സാങ്കേതിക പരിജ്ഞാനവും സബ്സിഡിയും നലകി കൃഷിക്കാരെ സഹായിക്കാൻ കഴിയും. വീടുകളിൽ വിറകു കഴിഞ്ഞാൽ മണ്ണെണ്ണയാണ് ഭൂരിഭാഗം ആളു

കളും ഉപയോഗിക്കുന്നത്. എന്നാൽ ആവശ്യാനുസരണം മണ്ണെണ്ണ ലഭിക്കാത്തതുമൂലം പൊതുവിപണിയിൽ മണ്ണെണ്ണയ്ക്ക് വമ്പിച്ച വിലവർദ്ധന അനുഭവപ്പെടുന്നു. വഴിവിളക്കുകൾ പഞ്ചായത്തിൽ നാമമാത്രമേയുള്ളു. 40 വോൾട്ട് ബൾബ് 382 എണ്ണവും ട്യൂബ് ലൈറ്റ് 72 എണ്ണവും സോഡിയം വേപ്പർ ലാമ്പുകൾ 12 എണ്ണവും മാത്രമാണുള്ളത്. പട്ടികജാതി – പട്ടികവർഗ്ഗ കോളനികൾ പഞ്ചായത്തിൽ എട്ടെണ്ണം ഉണ്ടെങ്കിലും 3 കോളനികളിൽ മാത്രമാണ് വൈദ്യുതീകരണം നടന്നിട്ടുള്ളത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.
2. പട്ടികജാതി – പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.
3. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ആവശ്യത്തിന് തെരുവുവിളക്കുകൾ ഇല്ല.
4. പ്രസരണനഷ്ടവും വോൾട്ടേജ് ക്ഷാമവും രൂക്ഷമാണ്.
5. ബയോഗ്യാസ് പ്ലാൻറുകൾ വിരളമാണ്.
6. പാചകവാതക കണക്ഷൻ ലഭിക്കുന്നതിന് ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.
7. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നവർ ചുരുക്കമാണ്.
8. ഇന്ധനങ്ങൾ ആവശ്യത്തിനു ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. ചെങ്കര കന്നിമലയിൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിക്കുക.
2. കാറ്റിൽനിന്നും വൈദ്യുതി: ഒട്ടകത്തലമേട്, കരിക്കുഴി മേട്, 66 കുരിശുമല, ചെങ്കര കുരിശുമല നെടുങ്കണ്ടം മേട് എന്നിവിടങ്ങളിൽനിന്ന് ഉൽപാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. പാചകഗ്യാസ് ഏജൻസി കുമളിയിൽ അനുവദിക്കുക.
4. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് കുമളിയിൽ സബ്ബ് സ്റ്റേഷൻ പണിയുകയും ആവശ്യത്തിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.
5. ബയോഗ്യാസ് പ്ലാൻറുകൾ, കാലിവളർത്തുന്ന എല്ലാ വീടുകളിലും സ്ഥാപിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സബ്സിഡിയും നൽകുക.
6. അനർട്ടിൻെറ സഹായത്തോടുകൂടി സോളാർ ലാമ്പുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
7. എല്ലാ വാർഡുകളിലും ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
8. റേഷൻകടകളിലൂടെ മണ്ണെണ്ണ ആവശ്യാനുസരണം ലഭ്യമാക്കുക.
9. കുറഞ്ഞവിലയ്ക്ക് വിറക് ലഭ്യമാക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വിറകു ഡിപ്പോ സ്ഥാപിക്കുക.
10. ദക്ഷത കൂടിയതും പുകയില്ലാത്തതുമായ അടുപ്പുകൾ സ്ഥാപിക്കുവാൻ പ്രേരിപ്പിക്കുക.

# മാർക്കറ്റ്

കുമളി പഞ്ചായത്ത് നാണ്യവിളകളുടെ ഉൽപാദന വിപണനകേന്ദ്രം ആണ്. അതുപോലെ തന്നെ പച്ചക്കറി, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, മൽസ്യം, മാംസം, മുട്ട തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ എല്ലാംതന്നെ തമിഴ്നാട്ടിൽനിന്നും ഇവിടെ എത്തുന്നുണ്ട്. എന്നാൽ കുമളിയിൽ മതിയായ വിപണനസൗകര്യങ്ങൾ ഒന്നുംതന്നെയില്ല. മൽസ്യ, മാംസങ്ങൾ പൊതനിരത്തുകളിൽ വച്ച് വില്പന നടത്തുന്നതുകൊണ്ട് പരിസര മലിനീകരണത്തിനും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും വഴിതെളിക്കുന്നു. മാർക്കറ്റ് സൗകര്യം ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## സാദ്ധ്യതകൾ

1. കുമളി, വെള്ളാരംകുന്ന്, ഒന്നാം മൈൽ, ചെങ്കര എന്നിവിടങ്ങളിൽ പൊതുമാർക്കറ്റുകൾ ആരംഭിക്കുക.
2. മൽസ്യം, മാംസം എന്നിവ വില്ക്കുന്നതിന് പ്രത്യേക സംവിധാനം കുമളിയിലും പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിലും ആരംഭിക്കണം.
3. സഹകരണ മാവേലി സ്റ്റോറുകൾ, റേഷൻകടകൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി അത്യാവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക.
4. നാണ്യവിള വിപണനകേന്ദ്രം സ്ഥാപിക്കുകയും കാപ്പിയുടെ വില നിലവാരം, മാദ്ധ്യമങ്ങളിലൂടെ കർഷകർക്ക് അറിയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
5. ടൗണിൽ ഫോറസ്റ്റ് ഡിപ്പോ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി പഞ്ചായത്തിന് നൽകുക.

# 5.5 കുടിവെള്ളം – പൊതുജനാരോഗ്യം പരിസര ശുചിത്വം



ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയെന്നത് ഏതൊരു ഗവൺമെൻറിൻെറയും പ്രഖ്യാപിത ലക്ഷ്യമാണ്. ആരോഗ്യമുള്ള മനുഷ്യനെ അദ്ധ്വാനിക്കാൻ കഴിയൂ. ആരോഗ്യപരിപാലനത്തിന് പരിസരശുചിത്വം അത്യാന്താപേക്ഷിതമാണ്. പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നത് മാലിന്യങ്ങൾ നിറഞ്ഞ വൃത്തിഹീനമായ പ്രദേശങ്ങളിലാണ്. ആരോഗ്യ പരിപാലനത്തിനുവേണ്ടി കോടിക്കണക്കിനു രൂപ സർക്കാർ ചെലവഴിക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇനിയും ബഹുദൂരം പിന്നിടേണ്ടിയിരിക്കുന്നു. ആരോഗ്യപരിപാലനത്തിനായി ലക്ഷ്യമിട്ടു നിർമ്മിച്ചിട്ടുള്ള ഐ. പി. പി. സെൻററുകൾ പ്രവർത്തനരഹിതമായി കിടക്കുന്നു. ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യത്തിനു ഡോക്ടർമാരോ, മറ്റു സ്റ്റാഫുകളോ മരുന്നോ, സജ്ജീകരണങ്ങളോ ഇല്ലാത്ത അവസ്ഥ മാറിയേ പറ്റൂ. പരിസരശുചിത്വം കർക്കശമായി പാലിക്കാൻ കഴിഞ്ഞാൽ മാത്രമേ പൊതുജനാരോഗ്യം സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. ശുദ്ധജലം ആവശ്യാനുസരണം എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്.

കുമളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികൾ, ടൗൺ, മറ്റു പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ ചീഞ്ഞളിഞ്ഞ് പരിസര ശുചീകരണത്തിനും ആരോഗ്യ സംരക്ഷണത്തിനും ഭീഷണിയായിത്തീരുന്നു. ആവശ്യമായ ബോധവത്ക്കരണവും ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുംകൊണ്ട് മാത്രമേ ഈ വിഷയങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ. പഞ്ചായത്തുതലത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിന് 65 വാട്ടർ ടാപ്പുകളും 250 വീട് കണക്ഷനുകളും 32 കുഴൽ കിണറുകളും മാത്രമാണിന്നുള്ളത്.

## ബ്ലോക്കുതലത്തിൽ നടപ്പിലാക്കിയിട്ടുള്ള സ്കീമുകൾ

| പരിപാടി നടപ്പിലാക്കിയ കാലയളവിൽ പൂർത്തിയാക്കിയ നിർമ്മാണ പ്രവൃത്തികൾ | വാർഡുകൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| കിണറുകൾ | 2 | 3 | 1 | 8 | 4 | 2 | – | 4 | 3 | 8 | 4 | 6 | |
| കുളങ്ങൾ | – | – | 1 | – | – | – | – | – | 1 | 1 | – | – | - |
| വാട്ടർ ടാങ്ക് | 2 | 3 | 1 | 5 | 3 | 2 | - | 4 | 1 | 6 | 2 | 1 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പമ്പുസെറ്റുകൾ | 2 | 3 | 1 | 5 | 3 | 2 | 1 | 8 | 1 | 5 | - | 1 | - |
| ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ അളവ് ഏക്കറിൽ | 4.50 | 6 | 4 | 10 | 12 | 6 | 3 | 9 | 7 | 17 | 12 | 15 | - |

## പ്രശ്നങ്ങൾ

1. നിലവിൽ കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ അപര്യാപ്തമാണ്.
2. വൈദ്യുതി തകരാറും പമ്പുസെറ്റുകളുടെ കേടുപാടുകൾമൂലവും ജീവനക്കാരുടെ കുറവു കൊണ്ടും ജലവിതരണം കൃത്യമായി നടക്കുന്നില്ല.
3. ടാങ്കുകളുടെ ചോർച്ച, പൈപ്പുലൈൻ തകരാറുകൾ, കേടായ ടാപ്പുകൾ എന്നിവ മൂലം ജലദൗർലഭ്യവും ഉണ്ടാകുന്നുണ്ട്.
4. കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ആവശ്യത്തിനു കിണറുകളും കുളങ്ങളും കുഴൽ കിണറുകളുമില്ല.
5. വർഷംതോറും യഥാസമയങ്ങളിൽ ശുചീകരണം നടത്തുന്നില്ല.
6. കൊടുംവേനലിൽ ആഴക്കുറവുമൂലം കിണറുകളും കുളങ്ങളും വറ്റിപ്പോകുന്നു.
7. ആവശ്യാനുസരണം പൈപ്പുലൈനില്ല.
8. കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വൻകിട ജലസംഭരണ വിതരണ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.
9. ഉയർന്ന മലമുകളിൽ പലയിടങ്ങളിലും ജല ലഭ്യതയില്ല.
10. കോളനികളിൽ കുടിവെള്ളക്ഷാമം പരിഹരിച്ചിട്ടില്ല.
11. വേനൽകാലങ്ങളിൽ മുല്ലപ്പെരിയാർ ഡാമിലെ ജലം തമിഴ്നാട് അമിതമായി ചോർത്തുന്ന

## സാദ്ധ്യതകൾ

വാർഡ് 1

1. പഞ്ചായത്ത് ഓഫീസിനു മുമ്പിലുള്ള വാട്ടർ ടാങ്കിൻെറ ചോർച്ച തടയണം. പമ്പുഹൗസിൽ സ്ഥിരം ജീവനക്കാരെ നിയമിക്കണം.
2. പൈപ്പുകളുടെയും ടാപ്പുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.
3. തേക്കടി തടാകത്തിലെ ജലനിരപ്പു താഴുന്നതനുസരിച്ച് വെള്ളം പമ്പുചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തണം.
4. വൻകിട ഹോട്ടലുകളിലെ അനിയന്ത്രിയമായ വെള്ളം ചോർത്തൽ തടയുകയും ജലദുരുപയോഗം നിയന്ത്രിക്കുകയും ചെയ്യണം. ഇതിന് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. തേക്കിൻകാട്, ഗാന്ധിനഗർ കോളനി, റേഞ്ചാഫീസ് മേട് എന്നിവിടങ്ങളിൽ പഞ്ചായത്തുകിണർ കുഴിക്കണം. അമലാംബിക മേട്ടിൽ ടാങ്കുകെട്ടി വെള്ളം പമ്പുചെയ്ത് ജലവിതരണം ഏർപ്പെടുത്തണം.
6. താമരക്കണ്ടം ഭാഗത്തു കുളം നിർമ്മിക്കണം.

വാർഡ് 2

1. കുമളി ഗവൺമെൻറ് സ്കൂളിനു പരിസരത്തുള്ള കിണർ ഉപയോഗയോഗ്യമാക്കണം.
2. റോസാപ്പൂക്കണ്ടം ഭാഗത്തുള്ള കുളം കുടിവെള്ളത്തിന് ഉപയോഗിക്കാൻ തക്കവണ്ണം ശുചീകരിക്കണം. വനത്തിൽ നിന്നും മഴക്കാലത്തുണ്ടാകുന്ന തള്ളിവരുന്ന വെള്ളത്തിൻെറ കുത്തൊഴുക്കിൽ നിന്നും ഈ കുളത്തെ സംരക്ഷിക്കുവാൻ കരിങ്കൽ ഭിത്തി കേട്ടേണ്ടതാണ്.
3. മേട്ടിൽ കോളനി, പെരിയാർ കോളനി എന്നിവിടങ്ങളിൽ പുതിയതായി ടാപ്പുകൾ ഇടുക.
4. എക്സ്ചേഞ്ച് ഭാഗത്തുള്ള പഞ്ചായത്തു കിണറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് ടാങ്കിൽ

സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5. വലിയകണ്ടം ഭാഗത്ത് തോടിനു സംരക്ഷണഭിത്തി കെട്ടി ചെക്കു ഡാം തീർത്ത് വെള്ളം ലഭ്യമാക്കണം.
6. കുമളി ഹൈസ്കൂൾ പരിസരത്ത് നിലവിലുള്ള ടാങ്ക് മാറ്റി സ്ഥാപിച്ച് ടാങ്കിന്റെ സംഭരണശേഷി ഉയർത്തണം.
7. നിലവിലുള്ള ജലവിതരണ സംവിധാനങ്ങളുടെ തടസ്സങ്ങൾ നീക്കണം.

### വാർഡ് 3

1. കുരിശുമലമേട്ടിൽ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള തേക്കടി - കുരിശുമല സ്കീം വിപുലീകരിച്ച് വെള്ളം പമ്പുചെയ്ത് 3, 6, 7 വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കണം.
2. ചെളിമട ഭാഗത്ത് പൈപ്പുലൈൻ നീട്ടി കുടിവെള്ളം ലഭ്യമാക്കണം.
3. ഗവ. ട്രൈബൽ സ്കൂൾ പരിസരത്ത് കിണറു കുഴിക്കണം.
4. അരുവിപ്പാറ ഭാഗത്ത് ചെക്കുഡാം നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

### വാർഡ് 4

1. മൂന്നാം മൈൽ, നാലാം മൈൽ, ശവക്കോട്ടമേട്, കാരക്കണ്ടം, കുരിശുമലമേട്, ഒട്ടകത്തലമേട്, ഒന്നാംമൈൽ പാണ്ടിക്കുഴി എന്നിവിടങ്ങളിൽ ആവശ്യമായ കുളങ്ങളും കിണറുകളും കുഴിച്ച് പമ്പുസെറ്റുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.
2. തേക്കടി, ചക്കുപള്ളം ശുദ്ധജലവിതരണപദ്ധതിയുടെ പൈപ്പുലൈൻ നീട്ടി പള്ളിമേട്, ഒട്ടകത്തലമേട് എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കണം.
3. നിലവിലുള്ള കിണറുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് വൃത്തിയാക്കി ഉപയുക്തമാക്കുക.

### വാർഡ് 5

1. കുഴിക്കണ്ടം, ആനക്കുഴി പുതുവൽ, എന്നിവിടങ്ങളിൽ കിണറുകളോ, കുഴൽക്കിണറുകളോ നിർമ്മിച്ച് ജലദൗർലഭ്യം പരിഹരിക്കണം. ചക്കുപള്ളം ശുദ്ധജലവിതരണ സ്കീമിലുൾപ്പെടുത്തി പൈപ്പുലൈൻ നീട്ടി 5-ാം വാർഡിൽ പൂർണ്ണമായി ശുദ്ധജലം എത്തിക്കുക.

### വാർഡ് 6

1. 6-ാംമൈൽ, സ്പ്രിംഗുവാലി, കുരിശുമല, മുല്ലയാർ, 208 ഭാഗം, അമ്പലപടി ചോറ്റുപാറ എന്നിവിടങ്ങളിൽ കിണറുകളും കുളങ്ങളും കുഴൽക്കിണറുകളും നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.
2. മുല്ലയാർ തോട്ടിൽ ചെക്കുഡാം നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കണം.
3. സ്പ്രിംഗുവാലിയിൽ അനുവദിച്ചിട്ടുള്ള കുളം നിർമ്മിച്ച് ടാങ്ക് കെട്ടി ജലം പമ്പുചെയ്ത് വിതരണം നടത്തി ജലക്ഷാമം പരിഹരിക്കണം.

### വാർഡ് 7

1. മുല്ലയാർ എസ്റ്റേറ്റ് ഭാഗത്ത് കുളം, മുരുക്കടി മേട്ടിൽ കിണർ എന്നിവ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കണം.
2. മുല്ലയാർ തോട്ടിൽ ചെക്കുഡാം നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കണം.
3. ചോറ്റുപാറ എസ്റ്റേറ്റ് അതിർത്തിയിൽ എച്ച്.എം.എൽ. വക സ്ഥലത്ത് കുളമോ, കിണറോ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുക.
4. ചോറ്റുപാറയിലുള്ള കുഴൽക്കിണറിൽനിന്നും ജലം പമ്പുചെയ്ത് യാഗപ്പൻമേട്ടിലെ ജലക്ഷാമം പരിഹരിക്കണം.

### വാർഡ് 8

1. 3 ഏക്കർ കോളനി, 5 ഏക്കർ കോളനി, മുരുക്കടി ടൗൺ എന്നിവിടങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കുടിവെള്ളം ലഭ്യമാക്കുക.

2. 40 ഏക്കർ കോളനി, 13-ാം നമ്പർ കോളനി, ഓടമേട് കോളനി, കുര്യൻ കോളനി എന്നിവിടങ്ങളിൽ കുളം നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് ശുദ്ധജലം എത്തിക്കുക.

വാർഡ് 9

1. പത്തുമുറി കുളത്തിൽനിന്നും ജലം പമ്പുചെയ്ത് പത്തുമുറി, അട്ടപ്പള്ളം, ശാന്തിഗിരി, കഞ്ഞിക്കുഴി ഈ ഭാഗങ്ങളിൽ എത്തിക്കണം.

വാർഡ് 10, 11, 12

1. വെള്ളാരംകുന്ന് ടൗണിൽനിന്നും വെള്ളം പമ്പുചെയ്ത് സെൻറ് തോമസ് മൗണ്ടിൽ ടാങ്ക് നിർമ്മിച്ച് ആനക്കുഴി, ഗാന്ധിശില, വെള്ളാരംകുന്ന് ടൗൺ തുടങ്ങിയ പരിസരപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കണം.
2. മാറാട്ടുകട ജംഗ്ഷൻ, ആശ്രമംപടി, മഠംപടി, ആലയ്ക്കാപറമ്പിൽ, ജംഗ്ഷൻ, 11-ാം വാർഡിൽ ചെങ്കര, പുതുക്കാട് എന്നിവിടങ്ങളിലും 12-ാം വാർഡിൽ 8 ഏക്കർ, അയ്യപ്പൻമല, മുത്തുമല, ഫാത്തുമുക്ക്, കന്നിമല എം.കെ.സി. എന്നിവിടങ്ങളിലും കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളം എത്തിക്കണം.
3. തവാരണമേട്ടിൽ കുളം കുഴിച്ച് താമരക്കുളം മേട്ടിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് ടി പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കണം.
4. ചെങ്കര - കുരിശുമല, തപ്പക്കുളം വിപുലീകരിച്ച് വെള്ളം പമ്പുചെയ്ത് 10, 11, 12 വാർഡു പ്രദേശങ്ങളിലും കന്നിമല പ്രദേശത്ത് പൈപ്പുലൈൻ നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കണം.
5. അംബേദ്ക്കർ കോളനിയിൽ ടാങ്ക് നിർമ്മിച്ച് പെരിയാറ്റിൽനിന്നും വെള്ളം പമ്പുചെയ്തു ജലക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള സ്കീം പ്രവർത്തനം ത്വരിതപ്പെടുത്തുക.

വാർഡ് 13

1. എഴുകുമണ്ണ്, മൂലക്കയം എന്നിവിടങ്ങളിൽ കുഴൽക്കിണർ, കുളം, കിണർ എന്നിവ ജല ലഭ്യതയനുസരിച്ച് നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക.
2. അഴുതയാറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് ജലക്ഷാമം പരിഹരിക്കണം.

**പൊതുനിർദ്ദേശങ്ങൾ**

കുമളി ടൗണിലെയും സമീപ പ്രദേശങ്ങളിലെയും ചില ഭാഗങ്ങളിലെ കിണറുകളിലേത് അശുദ്ധജലമാണ്. അവ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഗുണനിലവാരമില്ലാത്ത പൈപ്പുകളും ടാപ്പുകളും മാറ്റി മെച്ചമായത് പിടിപ്പിക്കണം. അറ്റകുറ്റപ്പണികൾ യഥാസമയം നിർവഹിക്കണം.

ജലം ദുരുപയോഗിക്കുന്നത് കർശനമായി തടയുകയും അവർക്കെതിരെ ശക്തിയായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

വ്യക്തികൾക്ക് കുളം, കിണർ എന്നിവ സ്ഥാപിക്കുന്നതിനുള്ള ധനസഹായപദ്ധതി വിപുലീകരിക്കുക.

കുടിവെള്ളത്തിന് പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം സ്ഥലനിർണ്ണയം നടത്തണം.

# പൊതുജനാരോഗ്യം

കുമളി പഞ്ചായത്തിൽ ആകെയുള്ള പൊതുചികിൽസാ സൗകര്യം പരാധീനതകൾ ഏറെയുള്ള ഒരു പ്രാഥമിക ചികിൽസാകേന്ദ്രമാണ്. ചെങ്കര, വെള്ളാരംകുന്ന്, ആനക്കുഴി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും 15 മുതൽ 30 കി. മീറ്റർ ദൂരം യാത്രചെയ്താണ് ഈ ആശുപത്രിയിൽ ജനങ്ങൾ എത്തിച്ചേരുന്നത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 35 – 40% ആളുകൾ ജലജന്യ രോഗങ്ങൾ, വായുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ, കൂടാതെ മറ്റു വിവിധ രോഗങ്ങൾ എന്നിവ പിടിപെട്ട് ആശു

പത്രിയിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്. ആവശ്യത്തിന് ഡോക്ടറോ, സ്റ്റാഫോ, മരുന്നുകളോ ആധുനിക ചികിൽസാ സംവിധാനമോ ഇവിടെ ലഭ്യമല്ല. ഈ ദുഃസ്ഥിതി മാറേണ്ടത് ആരോഗ്യപരിപാലനത്തിന് അത്യാന്താപേക്ഷിതമാണ്. പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളിൽ ചിലതെങ്കിലും സേവന മനോഭാവം വിസ്മരിക്കുന്നതിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ പ്രവണത ആരോഗ്യപരിപാലനരംഗത്ത് ദോഷം വരുത്തുവാൻ ഇടയായിത്തീരും. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ടൗൺ, കോളനികൾ എന്നീ ഭാഗങ്ങൾ പൊതുവെ മലീമസമാണ്. അതുകൊണ്ട് പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. 33722 പേർ വസിക്കുന്ന വിസ്തൃതമായ പഞ്ചായത്തിൽ ആരോഗ്യപരിപാലനരംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരിച്ചുവരുന്നതിനുള്ള സാദ്ധ്യതകൾ കണ്ടുതുടങ്ങിയിരിക്കുന്നു. മനുഷ്യന് ഏറ്റവും ഭീഷണിയായിട്ടുള്ള എയ്ഡ്സ് രോഗത്തിൻെറ അലയടികൾ ഇവിടെയും എത്തിയിട്ടുണ്ടെന്ന് അനുമാനിക്കാം. ഇവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ അത്യന്താപേക്ഷിതമാണ്. വിവിധ രോഗങ്ങളെക്കുറിച്ചുള്ള അജ്ഞതയും അവയുടെ പ്രതിരോധകാര്യങ്ങളിലുള്ള നിസംഗതയുമാണ് പലതും കടന്നുവരുന്നതിൻെറ കാരണം. ഇതിനെതിരെ ജാഗ്രത പാലിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

രണ്ടായിരാമാണ്ടിൽ സമ്പൂർണ്ണ ആരോഗ്യം എന്ന കേന്ദ്ര സർക്കാരിൻെറ പ്രഖ്യാപിത ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമ്മൾ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ആധുനിക വൈദ്യശാസ്ത്രരംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ നമുക്കും കൈവരിക്കുവാൻ കഴിയുന്ന രൂപത്തിലുള്ള സമയബന്ധിത പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്.

## രോഗങ്ങൾ സംബന്ധിച്ച വിവരം.

| വർഷം | ഇൻപേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്രോഗം | വാതരോഗം | പകർച്ചവ്യാധികൾ | വിഷ ചികിത്സ | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 92-93 | 465 | 7403 | 465 | 625 | 357 | 14 | 7403 |
| 93-94 | 561 | 9907 | 405 | 609 | 295 | 10 | 9163 |
| 94-95 | 625 | 13435 | 616 | 597 | 232 | 15 | 10432 |
| 95-96 | 527 | 14358 | 694 | 495 | 192 | 10 | 11419 |
| ആകെ | 2178 | 44203 | 2180 | 2326 | 1076 | 49 | 38417 |

## പ്രശ്നങ്ങൾ

1. ആകെയുള്ള ഒരു പി. എച്ച്. സെൻററിൽ യഥാസമയം ഡോക്ടറോ മറ്റു സ്റ്റാഫുകളോ ഇല്ലാത്തതുകൊണ്ട് അവരുടെ സേവനം ലഭിക്കുന്നില്ല.
2. ആധുനിക ചികിൽസാ സൗകര്യങ്ങളും മരുന്നുകളും ഇല്ല.
3. കെട്ടിടങ്ങളുടെ അപര്യാപ്തത
4. സർക്കാർവക ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ ഇല്ല.
5. ഐ.പി.പി. സെൻറർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
6. മാതൃശിശുസംരക്ഷണപരിപാടികൾ ഫലപ്രദമല്ല.
7. ആരോഗ്യ ശുചിത്വ പരിപാലനത്തെക്കുറിച്ചും രോഗപ്രതിരോധ നടപടികളെക്കുറിച്ചുമുള്ള ബോധവത്ക്കരണ പരിപാടി നടക്കുന്നില്ല.
8. ഗവൺമെൻറ് നടപ്പാക്കുന്ന പരിപാടികളുടെ വിലയിരുത്തലോ തുടർ നടപടികളോ യഥാകാലം നടപ്പാക്കുന്നില്ല.
9. ആരോഗ്യകേന്ദ്രത്തിൽനിന്നും ദൂരെയുള്ള പ്രദേശങ്ങളിൽ രോഗപ്രതിരോധ ചികിൽസാ നടപടികൾ ലഭിക്കുന്നില്ല.
10. ഹെൽത്ത് സെൻററുകളൽ നിന്നുള്ള ഹൗസ് വിസിറ്ററുടെ സേവനം ഫലപ്രദമായി ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. നിലവിലുള്ള പി.എച്ച്. സെൻററിൽ ഒരു വനിതാ ഡോക്ടർ ഉൾപ്പെടെ 3-ൽ കുറയാത്ത ഡോക്ടർമാരും വേണ്ടത്ര സ്റ്റാഫുകളെയും നിയമിക്കുക.
2. ആവശ്യത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക
3. ആധുനിക ചികിൽസാ സമ്പ്രദായങ്ങൾ നടപ്പിലാക്കുക.
4. എക്സ്റേ, ബ്ലഡ് ബാങ്ക്, ലാബോറട്ടറി, ഇ.സി.ജി. സൗകര്യങ്ങൾ ഏർപ്പെടുത്തുക
5. ഓപ്പറേഷൻ തിയറ്റർ അനുവദിക്കുക
6. ചെങ്കര – വെള്ളാരംകുന്ന് എന്നിവിടങ്ങളിൽ പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
7. ഐ.പി.പി. സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. മാതൃശിശു സംരക്ഷണ പരിപാടിയുടെ പോരായ്മകൾ പരിഹരിക്കുക
9. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യത്തിനു പോഷകാഹാരവും ആരോഗ്യ പരിപാലനവും നൽകുക.
10. രോഗപ്രതിരോധ നടപടികളും തുടർ നടപടികളും എല്ലാ വാർഡുകളിലും കാര്യക്ഷമമായി നടപ്പിൽ വരുത്തണം.
11. ചികിൽസാരംഗത്തെ നിലവാരത്തകർച്ച പരിഹരിക്കുക.
12. ഹെൽത്ത് സെൻററുകളിലുള്ള വിസിറ്ററുടെ സേവനം ഫലപ്രദമാക്കുക.
13. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന മായം കലർന്ന പാൽ വിതരണം ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
14. ആറുമാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിലെ ജനങ്ങൾക്കും തീരെ പാവപ്പെട്ടവർക്കുംവേണ്ടി സൗജന്യ വൈദ്യപരിശോധനയും ആവശ്യമായ ചികിത്സയും നൽകണം.
15. പാരമ്പര്യ ചികിൽസ, ബാലചികിൽസ, മർമ്മ ചികിത്സ എന്നിവ അന്യംനിന്നു പോകുന്ന സ്ഥിതിയുണ്ട്. അവരുടെ വിവരങ്ങൾ ശേഖരിച്ച് ചികിൽസാവിധികൾ നഷ്ടപ്പെടാതെ സൂക്ഷിക്കണം.
16. പഞ്ചായത്ത് മുൻകൈയെടുത്ത് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണം.
17. ആയുർവേദ, ഹോമിയോ, സിദ്ധ ചികിൽസാ സൗകര്യങ്ങൾ ആരംഭിക്കണം.

# പരിസര ശുചിത്വം

പരിസര ശുചിത്വമില്ലായ്മ കുമളിയുടെ ശാപമാണ്. ജില്ലയിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ പകർച്ചവ്യാധികളും മറ്റു സാംക്രമികരോഗങ്ങളും വ്യാപകമാണ്. വെളിമ്പ്രദേശത്തെ മലമൂത്ര വിസർജ്ജനവും ചപ്പുചവറുകൾ ചീഞ്ഞളിഞ്ഞും തമിഴ്നാട്ടിൽനിന്നും ആടുമാടുകളെ നടത്തിക്കൊണ്ടുവരുന്നതുമൂലവും പരിസര മലിനീകരണവും ശുചിത്വമില്ലായ്മയും വ്യാപകമായുണ്ട്. തദ്ദേശീയരും വിദേശീയരുമായ നിരവധി ടൂറിസ്റ്റുകൾ ഇവിടെ വന്നുപോകുന്നതുകൊണ്ട് പകർച്ചവ്യാധികൾ ഉണ്ടാകാൻ സാദ്ധ്യത ഏറെയുണ്ട്. ഇതിനെയെല്ലാം ഫലപ്രദമായി തടയാൻ ആവശ്യമായ രോഗപ്രതിരോധ നടപടിയും ബോധവത്ക്കരണവും അനിവാര്യമാണ്.

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്തു രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993–94 | 384 | 45 | 38 | 25 |
| 1994–95 | 378 | 93 | 42 | 37 |
| 1995–96 | 362 | 19 | 24 | 15 |

## പ്രശ്നങ്ങൾ

1. കുമളി ടൗണിലും പരിസരപ്രദേശങ്ങളിലുമുള്ള ഓടകൾ വൃത്തിഹീനമായി കിടക്കുന്നു.
2. ഓടകളിൽ ചപ്പുചവറുകൾ നിറഞ്ഞു ചീഞ്ഞളിഞ്ഞു ദുർഗന്ധം വമിക്കുന്നു. ഓടകൾ വെള്ളം ഒഴുകുന്നതിന് സൗകര്യമില്ലാത്തവയാണ്.
3. പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നു.
4. എല്ലാ വീടുകളിലും കക്കൂസുകൾ ഇല്ല. കോളനികളുടെ സ്ഥിതി വളരെ മോശമാണ്.
5. പൊതുനിരത്തുകളുടെയും പ്രത്യേകിച്ചു ടൗണിൻെറയും ശുചീകരണത്തിന് ആവശ്യമായ ജോലിക്കാരെ നിയമിച്ചിട്ടില്ല.
6. പൊതുനിരത്തുകളിൽ മൽസ്യമാംസങ്ങൾ വിൽക്കുന്നത് തടയുന്നില്ല.
7. പൊതുവിൽ ജനങ്ങൾ പരിസര ശുചീകരണത്തിനും ആരോഗ്യ പരിപാലനത്തിനും വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല.

## സാധ്യതകൾ

1 ടൗണും പരിസരപ്രദേശങ്ങളും ഓടകളും വൃത്തിയായി സൂക്ഷിക്കുക. ഓടകൾ ജലനിർഗ്ഗമന സൗകര്യത്തോടെ പുതുക്കിപ്പണിയുക.
2. മലമൂത്ര വിസർജ്ജനം പൊതുസ്ഥലങ്ങളിൽ നടത്തുന്നത് തടയുക.
3. എല്ലാ വീടുകൾക്കും സൗജന്യമായ കക്കൂസ് നിർമ്മിച്ചു നൽകുക. അതിനു സൗകര്യമില്ലാത്ത ഭാഗങ്ങളിൽ പൊതുകക്കൂസ് നിർമ്മിക്കുക. മേട്ടിൻഭാഗം, കിഴക്കുമേട് എന്നീ സ്ഥലങ്ങൾക്ക് മുൻഗണന നൽകുക.
4. ടൗണിലും കോളനിപ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ യഥാവസരം ചെയ്യുക. പ്രതിരോധ മരുന്നുതളി തുടർച്ചയായി നടത്തുക.
5. പൊതുനിരത്തുകളിൽ മൽസ്യം, മാംസം എന്നിവ വില്ക്കുന്നത് തടയുക. അവ സ്ലോട്ടർ ഹൗസ് നിർമ്മിച്ച് വൃത്തിയായി ഉപയോക്താവിന് ലഭ്യമാക്കുക.
6. ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുക. അവിടെ ജോലി ചെയ്യുന്നവർ സാംക്രമിക രോഗങ്ങൾ ഇല്ലാത്തവരാണെന്ന് വൈദ്യപരിശോധനയിലൂടെ സ്ഥിരീകരിക്കുകയും ചെയ്യുക.
7. ഭക്ഷ്യപദാർത്ഥങ്ങളിൽ മായം ചേർക്കുന്നവർക്കെതിരെയുള്ള നടപടികൾ കർശനമായും നടപ്പിലാക്കുക.
8. മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിനും അവ നശിപ്പിക്കുന്നതിനും പഞ്ചായത്തുവക പൊതുസംവിധാനം ഏർപ്പെടുത്തുക.
9. കുമളി യാചകനിരോധനമേഖലയാക്കുക
10. തമിഴ്നാട്ടിൽനിന്നും എല്ലാ ആഴ്ചകളിലും കാൽനടയായി കൊണ്ടുവരുന്ന അറവുമാടുകളെ വാഹനത്തിൽ കൊണ്ടുപോകുന്നതിനും അവയ്ക്ക് നിർബന്ധിത പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും സംവിധാനമുണ്ടാക്കുക.
11. കുമളിയിൽ പൊതുശ്മശാനം താമസംവിനാ സ്ഥാപിക്കുക.
12. വിദ്യാലയങ്ങളിൽ പരിസര ശുചിത്വത്തെപ്പറ്റിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
13. പരിസര ശുചീകരണത്തെ സംബന്ധിച്ച ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനോടൊപ്പം സന്നദ്ധ സംഘടനകളെ ഇതിൻെറ പ്രചാരവേലകൾ ഏല്പിക്കുക.
14. ആരോഗ്യപരിപാലകരുടെ സേവനം എല്ലാ ഗ്രാമങ്ങളിലും ലഭ്യമാക്കുക.
15. സിനിമാ തിയേറ്ററുകളിലെ ശുചിത്വം ഉറപ്പുവരുത്തുക.



# 5.6 വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് കുമളി പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ തൃപ്തികരമല്ല. 1925 ൽ 15 വിദ്യാർത്ഥികളുമായി കുമളി ടൗണിൽ ആരംഭിച്ച ഇരവിതോപ്പ് എൽ.പി.സ്കൂൾ ആണ് ഇവിടുത്തെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം. പിന്നീട് പലഘട്ടങ്ങളായി അപ്ഗ്രേഡ് ചെയ്ത് 1969-ൽ ഹൈസ്കൂളാക്കിയ പ്രസ്തുത സ്ഥാപനമാണ് ഇപ്പോഴത്തെ കുമളി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. എന്നാൽ പടിപടിയായി അപ്ഗ്രേഡ് ചെയ്ത മുരുക്കടി എം.എ.ഐ. എച്ച്.എസ് ആണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ. 20.കി.മീറ്ററിലധികം ദൂരം കാൽനടയായി സഞ്ചരിച്ചുപോലും കുട്ടികൾ ഇവിടെയെത്തി വിദ്യ അഭ്യസിച്ചിരുന്നു. അമരാവതിയിൽ ഒരു ഗവ. ഹയർ സെക്കണ്ടറി സ്കൂളും, ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ലബ്ബക്കണ്ടത്തിൽ ഗവ. ട്രൈബൽ യു.പി സ്കൂളും, ചെങ്കരയിൽ പഞ്ചായത്ത് എൽ.പി.സ്കൂളും, ചോറ്റുപാറയിൽ ഗവ.എൽ.പി. സ്കൂളും പ്രവർത്തിക്കുന്നു. ഇതുകൂടാതെ വെള്ളാരംകുന്നിൽ സെ.മേരീസ് ഹൈസ്കൂൾ, അട്ടപ്പള്ളത്ത് സെൻറ് തോമസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, സ്പ്രിംഗ്‌വാലിയിൽ സെൻറ് തെരേസാസ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ, തേക്കടിയിൽ അമലാംബിക കോൺവെൻറ് ഇംഗ്ലീഷ് മീഡിയം യു.പി.സ്കൂൾ, മുരുക്കടിയിൽ എം.എ.ഐ.എൽ.പി. സ്കൂൾ, വെള്ളാരംകുന്ന് സെൻറ്.മേരീസ് എൽ.പി.സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നു. ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളും ഒരു ഹയർ സെക്കണ്ടറി സ്കൂളും മാത്രമാണ് ഉപരിപഠനത്തിന് ആകെയുള്ള സൗകര്യങ്ങൾ, ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടിക്കാനം, കാഞ്ഞിരപ്പള്ളി കട്ടപ്പന, നെടുംകണ്ടം തുടങ്ങിയ വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ യാതൊന്നും ഇവിടെയില്ല.




**പഠനം നിർത്തിയവരുടെ വിവരം 1995-96**

| | SC / ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| ക്ലാസ്സ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 1 | - | 1 | 3 | 3 | 6 |
| 2 | 4 | 5 | 9 | 1 | 0 | 1 |
| 3 | 2 | 1 | 3 | 3 | 3 | 6 |
| 4 | 1 | 0 | 1 | 1 | 4 | 5 |
| 5 | 0 | 2 | 2 | 4 | 4 | 8 |
| 6 | 5 | 1 | 6 | 7 | 3 | 10 |
| 7 | 2 | 6 | 8 | 7 | 7 | 14 |
| 8 | 3 | 2 | 5 | 6 | 5 | 11 |
| 9 | 3 | 3 | 6 | 9 | 3 | 12 |
| 10 | 2 | - | 2 | 2 | 1 | 3 |
| | 23 | 20 | 43 | 43 | 33 | 76 |

## കുമളി ഗ്രാമപഞ്ചായത്ത്
# സ്കൂളുകൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| | സ്കൂളിന്റെ പേര് | ഉടമസ്ഥത | LP UP. HS | വിദ്യാർത്ഥികൾ | | | SC / ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ.ഹൈയർ സെക്കൻണ്ടറിസ്ക്കൂൾ അമരാവതി | ഗവൺമെൻറ് | H.S.S | 672 | 618 | 1290 | 57 | 57 | 114 | 17 | 15 | 32 |
| 2 | ഗവ.വൊക്കേഷണൽ ഹയർസെക്കൻണ്ടറി സ്കൂൾ കുമളി | ,, | V.H.S.S | 635 | 588 | 1223 | 240 | 214 | 454 | 9 | 14 | 23 |
| 3 | ഗവ. ട്രൈബൽ U P Sലബ്ബക്കണ്ടം | ,, | U P S | 280 | 282 | 562 | 166 | 179 | 345 | 5 | 12 | 17 |
| 4 | ഗവ. L.P.S ചോറ്റുപാറ | ,, | L.P.S | 80 | 85 | 165 | 50 | 56 | 106 | 3 | 3 | 6 |
| 5 | K.P.L.P.S ചെങ്കര | പഞ്ചായത്ത് | L P S | 135 | 143 | 278 | 90 | 84 | 174 | 4 | 6 | 10 |
| 6 | M.A.I. H.S മുരുക്കടി | മാനേജ്മെൻറ് | H. S | 280 | 231 | 511 | 59 | 64 | 123 | 8 | 13 | 21 |
| 7 | M.A.I.L.P.A മുരുക്കടി | ,, | L.P.S | 134 | 131 | 265. | 34 | 40 | 74 | 3 | 6 | 9 |
| 8 | സെൻറ് മേരീസ് ഹൈസ്കൂൾ വെള്ളാരംകുന്ന് | ,, | H .S | 338 | 342 | 680 | 18 | 26 | 44 | 10 | 16 | 26 |
| 9 | സെൻറ് തോമസ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ അട്ടപ്പള്ളം | | H .S | 238 | 219 | 457 | 8 | 7 | 15 | 3 | 17 | 20 |
| 10 | അമലാംബിക കോൺവെൻറ് ഇംഗ്ലീഷ് മീഡിയം U P സ്കൂൾ, തേക്കടി | ,, | U P S | 133 | 98 | 231 | 4 | 1 | 5 | - | 14 | 14 |
| 11 | സെൻറ് മേരീസ് L P S വെള്ളാരംകുന്ന് | ,, | L P S | 130 | 120 | 250 | | | | - | 7 | 7 |
| 12 | സെൻറ് തെരേസാസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്പ്രിംഗ്‌വാലി | ,, | L P S | 23 | 31 | 54 | 1 | - | 1 | - | 6 | 6 |
| | | ആകെ | | 3078 | 2888 | 5966 | 727 | 728 | 1455 | 62 | 129 | 191 |

## കുമളി ഗ്രാമപഞ്ചായത്ത്

### S.S.L.C. വിജയശതമാനം (1992 മുതൽ 1996 വരെ)

| സ്കൂളിൻെറ പേര് | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, അമരാവതി | 24% | 27% | 28% | 30% |
| എം.എ.ഐ.എച്ച്.എസ്, മുരുക്കുടി\30% | 30% | 55% | 35% | 52% |
| ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കുമളി | 24% | 35% | 50% | 41% |
| സെൻറ് മേരീസ് എച്ച്.എസ്.വെള്ളാരംകുന്ന് | - | 48% | 55% | 53.2% |

## ഭൗതിക സാഹചര്യങ്ങൾ

| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഗവ. V.H.S.S കുമളി | 1223 | 23 | 4 | - | ഉണ്ട് | ഉണ്ട് |
| 2 | ഗവ. H.S.S അമരാവതി | 1290 | 32 | 1 | - | ഉണ്ട് | ഉണ്ട് |
| 3 | ഗവ. T.U.P.S. ലബ്ബക്കണ്ടം | 562 | 17 | 1 | 1 | ഉണ്ട് | ഉണ്ട് |
| 4 | ഗവ.. L.P.S ചോറ്റുപാറ | 165 | 6 | 2 | - | ഇല്ല | ഇല്ല |
| 5 | K.P.L.P.S ചെങ്കര | 278 | 10 | - | - | ഇല്ല | ഇല്ല |
| 6 | M A I H S മുരുക്കുടി | 511 | 21 | 1 | 1 | ഉണ്ട് | ഉണ്ട് |
| 7 | M A I L P S മുരുക്കുടി | 265 | 9 | - | - | ഉണ്ട് | ഇല്ല |
| 8 | സെൻറ് മേരീസ് H.S വെള്ളാരംകുന്ന് | 680 | 26 | 2 | 1 | ഉണ്ട് | ഉണ്ട് |
| 9 | സെൻറ് തോമസ് ഇംഗ്ലീഷ് മിഡിയം H.S അട്ടപ്പള്ളം | 457 | 20 | 2 | 2 | ഉണ്ട് | ഉണ്ട് |
| 10 | അമലാംബിക കോൺവെൻറ് ഇംഗ്ലീഷ്മിഡിയം UPS തേക്കടി | 231 | 14 | 2 | 2 | ഉണ്ട് | ഉണ്ട് |
| 11 | സെൻറ് മേരീസ് L P S വെള്ളാരംകുന്ന് | 250 | 7 | - | - | ഉണ്ട് | ഇല്ല |
| 12 | സെൻറ് തെരാസേസ് ഇംഗ്ലീഷ് മിഡിയം LPS സ്പ്രിംഗ്‌വാലി | 54 | 6 | 2 | 2 | ഉണ്ട് | ഉണ്ട് |
| | ആകെ | 5966 | 191 | 17 | 7 | | |

## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത 1996 - 97

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 9 | 3 |
| ലാബ് | 6 | 6 |
| പഠനോപകരണങ്ങൾ | 9 | 3 |
| റേഡിയോ | 6 | 6 |
| ടേപ്പ് റിക്കാർഡർ | 6 | 6 |
| ടെലിവിഷൻ | Nil | 12 |
| സിനിമാ പ്രോജക്ടർ | 1 | 11 |
| സ്ലൈഡ് പ്രോജക്ടർ | 2 | 10 |
| ബ്ലാക് ബോർഡ് ആവശ്യങ്ങൾ | 141 | Nil |
| മാതൃസംഘം സജീവം | 8 | 4 |
| ക്ലാസ്സ് P.T.A. പ്രവർത്തിയ്ക്കുന്നുണ്ടോ? | 8 | 4 |
| ഓവർഹെഡ് പ്രോജക്ടർ | 1 | 11 |
| കമ്പ്യൂട്ടർ | 1 | 11 |

### പ്രശ്നങ്ങൾ

1. സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത
2. വിദ്യാഭ്യാസനിലവാരത്തകർച്ച
3. പ്രീ പ്രൈമറിസ്കൂളുകളുടെ അഭാവം
4. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത
5. അദ്ധ്യാപകരുടെ കുറവ്
6. വീടും വിദ്യാലയവും തമ്മിലുള്ള അകലം
7. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, മോശമായ ജീവിത സാഹചര്യങ്ങൾ
8. അദ്ധ്യാപകർക്കുള്ള താമസസൗകര്യകുറവ്
9. രക്ഷിതാക്കളുടെ ശരിയായ അവബോധമില്ലായ്മയും, താല്പര്യക്കുറവും
10. അദ്ധ്യാപക-രക്ഷകർത്തൃബന്ധം തൃപ്തികരമല്ല. പി.റ്റി.എ., മാതൃസംഗമം തുടങ്ങിയ സംഘടനകളിൽ പങ്കാളിത്തം കുറവാണ്.
11. പാഠ്യേതര പ്രവർത്തനങ്ങളുടെ അപര്യാപ്തത, പരിശീലനം ലഭിക്കുന്നില്ല.
12. യാത്രാ ക്ലേശം
13. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല
14. ലൈബ്രറി, ലബോറട്ടറി ഉപകരണങ്ങൾ എന്നിവയുടെ കുറവ് ഉള്ളതുതന്നെ പലപ്പോഴും കാര്യക്ഷമമായി ഉപയോഗിക്കുന്നില്ല.
15. റിട്ടയർമെൻറാകാറായതും വിദൂര സ്ഥലത്തുള്ളതുമായ പ്രഥമാദ്ധ്യാപകൻെറ നിയമനം
16. ഇടയ്ക്ക് വച്ച് പഠനം നിറുത്തുന്ന കുട്ടികൾ
17. ഫലപ്രദമായ മോണിറ്ററിംഗിൻെറ അഭാവം
18. N.C.C, സ്കൗട്ട്, N.S.S തുടങ്ങിയ പ്രസ്ഥാനങ്ങളുടെ അഭാവം
19. വിദ്യാലയ രാഷ്ട്രീയം

### സാധ്യതകൾ

1. പഞ്ചായത്തിലെ സർക്കാർ സ്കൂളുകൾക്കും പഞ്ചായത്ത് സ്കൂളിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണ്ടത്ര ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
2. വിദ്യാഭ്യാസ നിലവാരത്തകർച്ച പരിഹരിക്കുന്നതിനായി സ്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കുക. സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടൽ സാധ്യമാക്കുക.

3. എല്ലാ പ്രൈമറി സ്കൂളിനോടുമനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകൾ ആരംഭിക്കുകയും അം ഗൻവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനുവേണ്ടി അംഗൻവാടി അദ്ധ്യാപകർക്കു തുടർപരിശീലനം നൽകുകയും ചെയ്യുക.
4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
5. ബി.എഡ്, നഴ്സിംഗ്, ടൂറിസം, കേറ്ററിംഗ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുക.
6. അദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും നിയമനത്തിലെ കാലതാമസം ഒഴിവാക്കുക.
7. സമഗ്രമായ സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ളുകൾ അനുവദി ക്കുക. ചെങ്കര പഞ്ചായത്ത് എൽ.പി. സ്കൂൾ തമിഴ് മീഡിയം ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുക.
8. സ്കൂളുകളോട് അനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുക.
9. അദ്ധ്യാപക രക്ഷകർതൃബന്ധം ഫലപ്രദമാക്കുകയും രക്ഷാകർതൃസമിതിയും, മാതൃസംഗമവും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുക.
10. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾക്ക് പഠനോപകരണങ്ങളും, ഉച്ചഭക്ഷണവും, യൂണിഫോമും സൗജന്യമായി നൽകുക.
11. കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
12. പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നസമയത്ത് ലഭ്യമാക്കുക.
13. അഗ്രിക്കൾച്ചറൽ സയൻസ്, ഡയറിസയൻസ്, ഫിഷറീസ്, ഇലക്ട്രോണിക്സ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുക.
14. കുമളിയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുക
15. ലൈബ്രറി, ലബോറട്ടറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
16. തദ്ദേശീയരോ സമീപവാസികളോ ആയ അദ്ധ്യാപകരെ കഴിവതും സ്കൂളുകളിൽ നിയമി ക്കുക.
17. സ്കൂളുകളിൽ കളിസ്ഥലം നിർമിക്കുക. കലാകായിക രംഗത്ത് പരിശീലനം ലഭ്യമാക്കുക.
18. പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക.
19. പഞ്ചായത്ത് ഭരണസമിതിയും വിദ്യാഭ്യാസവകുപ്പ് അധികൃതരും, രക്ഷകർത്താക്കളും സ്കൂളി ലെ ദൈനംദിന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുക.
20. ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളിലൂടെ രക്ഷിതാക്കളെ ബോധവാന്മാരാക്കുക.
21. സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
22. വിദ്യാലയങ്ങളിൽ കക്ഷിരാഷ്ട്രീയം ഒഴിവാക്കുക.

# സാക്ഷരതാപ്രവർത്തനം

കേരളത്തിൽ സംപൂർണ്ണസാക്ഷരതായജ്ഞം ആരംഭിയ്ക്കുന്നതിന് 16വർഷം മുമ്പ് 1974-ൽ കുമളി പഞ്ചായത്തിൽ സാക്ഷരതാപ്രവർത്തനം ആരംഭിച്ചിരുന്നു. ജില്ലയിൽ കുമളി, അടിമാലി എന്നീ രണ്ടു കേന്ദ്രങ്ങളിൽ മാത്രമായിരന്നു അന്ന് ഈ പ്രവർത്തനം നടത്തിയിരുന്നത്. വൈകുന്നേരങ്ങളിൽ സാക്ഷരതാക്ലാസ്സുകൾ മാസങ്ങളോളം നടത്തിപ്പോന്നു. സംപൂർണ്ണസാക്ഷരതായജ്ഞം വിജയകരമായി നടപ്പിലാക്കി. ഇപ്പോഴത്തെ സാക്ഷരതാ നിരക്ക് 83% ആണ്.

## പ്രശ്നങ്ങൾ

1. തുടർ സാക്ഷരതാപ്രവർത്തനം ഇന്നില്ല.
2. നിരക്ഷകരെ കണ്ടെത്തി സാക്ഷരരാക്കാനുള്ള പരിപാടി ഇപ്പോഴില്ല.
3. തമിഴ്ഭാഷ സംസാരിക്കുന്നവരുടെയിടയിലും ആദിവാസികൾക്കിടയിലും സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.

## സാദ്ധ്യതകൾ

1. തുടർസാക്ഷരതാപ്രവർത്തനം പുനരാരംഭിയ്ക്കണം
2. നിരക്ഷരരെകണ്ടെത്തി സാക്ഷരരാക്കുന്നതിന് സാന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കണം
3. തമിഴ്ഭാഷസംസാരിക്കുന്നവരുടെയിടയിലും ആദിവാസികൾക്കിടയിലും സാക്ഷരതാ പ്രവർത്തനം നടപ്പാക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കണം.

# 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും



## പാർപ്പിടം

പഞ്ചായത്തിലെ ആകെയുള്ള 9570 കുടുംബങ്ങളിൽ 4700 എണ്ണം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവയാണ്. ഇതിൽ തന്നെ 1500ൽ അധികം കുടുംബങ്ങൾ വാടക വീടുകളിലും എസ്റ്റേറ്റ് ലൈനുകളിലും പുറമ്പോക്കുകളിലുമായി കഴിഞ്ഞു കൂടുന്നവരാണ്. സ്വന്തമായി വീടുള്ളവരിൽ പുല്ലുമേഞ്ഞവീടുകളിലോ, സുരക്ഷിതമല്ലാത്ത വീടുകളിലോ കഴിഞ്ഞുകൂടുന്നവരും നിരവധിയുണ്ട്. സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത കുടുംബങ്ങളും ഇവിടെയുണ്ട്. സംസ്ഥാനഅതിർത്തിയായതിനാലാണ് അനിയന്ത്രിതമായി കുടിയേറുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നത്. ഭവനരഹിതരുടെ സംഖ്യ കൂടുതലാകുന്നതിനും ഇത് കാരണമാകുന്നു.

ഇവിടെ ഹൗസിംഗ് സൊസൈറ്റികളൊന്നും പ്രവർത്തിക്കുന്നില്ല. സന്നദ്ധസംഘടനകൾ കുറെയധികം വീട് നിർമ്മിച്ച് ഭവന രഹിതർക്ക് നൽകിവരുന്നുണ്ട്. പീരുമേട് ഡെവലപ്പ്മെൻറ് സൊസൈറ്റി, കുമളി ട്രൈബൽ ഡെവലപ്പ്മെൻറ് പ്രൊജക്ട് എന്നിവ ഈ മേഖലയിൽ പ്രവർത്തനം നടത്തിവരുന്ന സംഘടനകളിൽ എടുത്തുപറയത്തക്കതാണ്. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി ഊർജ്ജിതമായി നടപ്പാക്കിയാൽ മാത്രമേ വീടില്ലാത്തവരുടെ പ്രശ്നങ്ങൾ ഒരളവു വരെ പരിഹരിക്കുവാൻ സാധിക്കുകയുള്ളു. അങ്ങനെ സ്വന്തമായി വീടില്ലാത്തവർക്കും കുടിലുകളിൽ അഭയം തേടിയിട്ടുള്ളവർക്കും "സ്വന്തമായി ഒരു വീട്" എന്നുള്ള അവരുടെ സ്വപ്നം യാഥാർത്ഥ്യമാകുവാൻ ഗവൺമെൻറിൻെറയും സന്നദ്ധസംഘടനകളുടെയും കൂടട്ടായ സഹകകരണം ആവശ്യമാണ്. അതുവഴിയായി അവരെയും സമൂഹത്തിൻെറ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുവാൻ കഴിയും.

### ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡുകളുടെ പേര് | വീട് ആവശ്യമുള്ളവർ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനിയും വീടു വേണ്ടവർ |
|---|---|---|---|---|---|
| തേക്കടി | 75 | 10 | 7 | 3 | 65 |
| കുമളി | 400 | 26 | 24 | 2 | 374 |
| കൊല്ലംപട്ടട | 375 | 159 | 158 | 1 | 216 |
| അമരാവതി | 300 | 22 | 20 | 2 | 278 |
| അട്ടപ്പള്ളം | 325 | 33 | 33 | 0 | 292 |

| | | | | | |
|---|---|---|---|---|---|
| സ്പ്രിംഗ്വാലി | 75 | 6 | 6 | - | 69 |
| ചോറ്റുപാറ | 86 | 44 | 44 | - | 42 |
| മുരുക്കടി | 205 | 46 | 46 | - | 147 |
| പത്തുമുറി | 192 | 17 | 16 | 1 | 175 |
| വെള്ളാരംകുന്ന് | 210 | 53 | 53 | - | 157 |
| ആനക്കുഴി | 112 | 58 | 57 | 1 | 54 |
| ചെങ്കര | 211 | 29 | 29 | - | 192 |
| പമ്പാവാലി | 215 | 13 | 3 | 10 | 202 |

## പ്രശ്നങ്ങൾ

1. സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ട് വീടുവയ്ക്കാൻ കഴിയുന്നില്ല.
2. നാമമാത്രമായ ഭൂമിയുള്ളവർക്ക് വീടുവയ്ക്കുന്നതിന് ആവശ്യമായ സാമ്പത്തിക ശേഷിയില്ല.
3. വീടുവയ്ക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
4. ഭവനനിർമ്മാണം നടത്തുന്നതിന് ആവശ്യമായ സഹായവും വായ്പയും ലഭിയ്ക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസവും, തടസ്സവും.
5. ഭൂമിയുടെ അമിതമായ വിലവർദ്ധന

## സാധ്യതകൾ

1. സ്വന്തമായി വീടില്ലാത്തദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സൗജന്യമായി വീടുവച്ചുകൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം.
2. പുല്ലുമേഞ്ഞതും സുരക്ഷിതത്വമില്ലാത്തതുമായ വീടുകളിൽ താമസിയ്ക്കുന്നവർക്കും സാമ്പത്തിക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗജന്യമായി വീടുവച്ചുകൊടുക്കണം.
3. കോളനികളിൽ താമസിക്കുന്ന വീടില്ലാത്ത മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സൗജന്യമായി വീടുവച്ചുകൊടുക്കണം.
4. ഹൗസിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.
5. ഭവനനിർമ്മാണ വായ്പയുടെ പലിശനിരക്കു കുറയ്ക്കുക.
6. ഹൗസിംഗ്ലോൺ ലഭിയ്ക്കുന്നതിനുള്ള തടസ്സവും, കാലതാമസവും ഒഴിവാക്കുക.
7. ചെലവുകുറഞ്ഞ വീടുനിർമ്മാണത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുക. നിർമ്മിതികേന്ദ്രത്തിൻെറ ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക
8. ഓരോപ്രദേശത്തും ഗ്രൂപ്പടിസ്ഥാനത്തിൽ ഭവനനിർമ്മാണ പദ്ധതിനടപ്പിലാക്കുക.
9. വീടുനിർമാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുക.
10. ഭൂരഹിതരായ ആളുകൾക്ക് ഭൂമിവാങ്ങി വീടുവച്ചുകൊടുക്കന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
11. കുടിയേറ്റം നിയന്ത്രിക്കുക.

# സാമൂഹ്യക്ഷേമം

കുമളിഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമവകുപ്പു നടത്തുന്നുണ്ടെങ്കിലും അർഹരായമുഴുവൻ കുടുംബങ്ങൾക്കും അതിൻെറ പ്രയോജനം ലഭിക്കുന്നില്ല. ട്രൈസം, D.W.C.R.A തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം ആശാവഹമല്ല. വളരെ കുറച്ചുകുടുംബങ്ങൾക്കു മാത്രമാണ് ഇതിൻെറ പ്രയോജനം ലഭിച്ചിട്ടുള്ളത്. ട്രൈസം പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക ലഭ്യത ഉറപ്പാക്കിയിട്ടില്ല. സാമൂഹ്യക്ഷേമവകുപ്പുവഴി അന്ധന്മാർക്കും വികലാംഗർക്കും, മന്ദബുദ്ധികൾക്കും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള വിവിധ സ്കീമുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കുന്നില്ല.

മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവകാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നില്ല.

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലനം | പരിശീലനം ലഭിച്ചവർ | തൊഴിൽ നേടിയവർ | ഇതര തൊഴിൽ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 2 | പ്രിൻറിംഗ് | 1 | - | - | - |
| 3 | എംബ്രോയിഡറി | 1 | 1 | - | - |
| 4 | തയ്യൽ | 5 | 5 | - | - |
| 5 | തയ്യൽ | 5 | 5 | - | - |
| 7 | തയ്യൽ | 7 | 7 | - | - |
| 8 | പ്ലാസ്റ്റിക് വർക്ക് | 1 | 1 | - | - |
| 10 | കാർപ്പെൻററി | 1 | 1 | - | - |
| 12 | തയ്യൽ | 10 | 10 | - | - |

## ബ്ലോക്ക് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപദ്ധതികൾ

**I.R.D.P** : കുമളി പഞ്ചായത്തിലെ 3 ദേശസാൽക്കൃത ബാങ്കുകൾ, 2 സർവീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖാന്തിരം 60.പേർക്ക് സഹായം നൽകുന്നു.

**ട്രൈസം** I.R.D.P ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 13 പേർക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നല്കുന്നു.

**D.W.C.R.A** 5 വനിതകളെ ഉൾപ്പെടുത്തി പലഹാരനിർമ്മാണ യൂണിറ്റ് കുമളി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വഴി നല്കുന്നു.

**I.A.Y** 13 വാർഡുകളിലായി 75 പേർക്ക് ഭവന നിർമ്മാണ ധനസഹായം നല്കുന്നു.

**J.R.Y.** എല്ലാവാർഡുകളിലും ഭവനനിർമ്മാണപ്ദധതി നടപ്പിലാക്കി വരുന്നു. റോഡുനിർമ്മാണം, ജലസേചനത്തിനുള്ള നിർമ്മാണം എന്നിവയും നടത്തിവരുന്നു.

**C.RS.P** സാനിട്ടറി, ലാട്രിൻ പദ്ധതി എല്ലാവാർഡുകളിലും നടപ്പിലാക്കിവരുന്നു.

**C.D.** സ്കീം - കിണർകുഴിക്കൽ, കിണർ നന്നാക്കൽ, എന്നിവ നടപ്പിലാക്കുന്നു.

## കൈത്തൊഴിൽ ഉപകരണവിതരണപദ്ധതി.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതാനാവശ്യമായ നവീനതൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്നു.

## തൊഴിലുറപ്പു പദ്ധതി (E.A.S)

ഗ്രാമപ്രദേശങ്ങളിലുള്ള തൊഴിൽ ഇല്ലാത്തവർക്കു വർഷത്തിൽ 100ദിവസത്തെ തൊഴിൽ 100 ദിവസത്തെ തൊഴിൽ എങ്കിലും ലഭിയ്ക്കുന്നതിന് റോഡുനിർമ്മാണം,. സ്ക്കൂൾ കെട്ടിട നിർമ്മാണം, അംഗൻവാടികെട്ടിട നിർമ്മാണം ജലസേചനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തുന്നു.

## ജനശിക്ഷൺ നിലയങ്ങൾ

ചെങ്കര, അട്ടപ്പള്ളം എന്നീ പ്രദേശങ്ങളിൽ ആയി 2 എണ്ണം അനുവദിച്ചു.

## ദേശീയ സമ്പാദ്യപദ്ധതി

ബ്ലോക്കിൻെറ കീഴിൽ M.P.K.B.Y. ഏജൻറന്മാർ വീടുകളിൽപോയി R.D. അക്കൗണ്ടുകളിൽ തുകശേഖരിക്കുന്നു.

## പെൻഷനും, ധനസഹായവും സംബന്ധിച്ച വിവരങ്ങൾ

വിധവാ പെൻഷൻ, വികലാംഗപെൻഷൻ വാർദ്ധക്യകാലപ്രൻഷൻ, ക്ഷയരോഗിപെൻഷൻ

ക്യാൻസർ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ

## ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം.

| വാർഡ് നമ്പർ | കുടുംബ ങ്ങൾ | ഇതിൽ SC / ST കുടുംബങ്ങൾ | സഹായം ലഭിച്ച | ഇതിൽ SC / ST വരുമാനം ഉയർന്നവർ | സഹായം ലഭിച്ചതുവഴി | താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 137 | 38 | 9 | 6 | 8 | 129 |
| 2 | 624 | 195 | 20 | 12 | 17 | 607 |
| 3 | 670 | 440 | 16 | 14 | 14 | 656 |
| 4 | 532 | 64 | 29 | 10 | 25 | 507 |
| 5 | 414 | 162 | 20 | 10 | 16 | 398 |
| 6 | 108 | 11 | 5 | 4 | 4 | 104 |
| 7 | 160 | 85 | 14 | 12 | 11 | 149 |
| 8 | 410 | 173 | 15 | 8 | 13 | 197 |
| 9 | 365 | 65 | 6 | 3 | 6 | 359 |
| 10 | 328 | 122 | 14 | 11 | 12 | 316 |
| 11 | 180 | 93 | 17 | 12 | 16 | 164 |
| 12 | 588 | 238 | 33 | 15 | 27 | 555 |
| 13 | 560 | 220 | 19 | 13 | 10 | 541 |

## പ്രശ്നങ്ങൾ

1. ദാരിദ്രനിർമ്മാർജ്ജന പദ്ധതികളിൽ വളരെ കുറച്ച് കുടുംബങ്ങൾക്കു മാത്രം പ്രയോജനപ്പെടുന്നുള്ളൂ.
2. ക്ഷേമപദ്ധതികളുടെ വിവരങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
3. ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകപ്പെടുന്നില്ല.
4. ഐ.ആർ.ഡി.പി. പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നവരിൽ അനർഹരായ കുടുംബങ്ങളുണ്ട്.
5. അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും ഐ.ആർ.ഡി.പി. പദ്ധതികളിൽ നിലനില്ക്കുന്നു.
6. തൊഴിൽ പരിശീലനപദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ല.
7. അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മോശമാണ്.

## സാദ്ധ്യതകൾ

1. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതികൾ, പരിഷ്കരിക്കുകയും അർഹരായ എല്ലാവർക്കും കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
2. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കുക. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സൗകര്യം ഉറപ്പുവരുത്തുക.
3. അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുകയും, ആവശ്യമായ കളിക്കോപ്പുകളും മറ്റുപകരണങ്ങളും നല്കുകയുംവേണം.
4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. പോഷകാഹാരപരിപാടികളും പ്രതിരോധ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുക. ആരോഗ്യക്ലാസ്സുകൾ സംഘടിപ്പിച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കുക.
5. D.W.C.R.A. പദ്ധതി പ്രകാരം കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭ്യമാക്കുകയും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.
6. I.R.D.P. പദ്ധതിയുടെ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള അർഹരായ മുഴുവൻ ആളുകൾക്കും ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുക.
7. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിയ്ക്കുകയും, സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
8. തൊഴിലാളി വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പ്രസ്തുതസ്ഥാപനം തൊഴിലാളികളുടെ സാംസ്കാരിക പുരോഗതിയ്ക്കുള്ള കേന്ദ്രമാക്കണം.
9. സാമൂഹ്യക്ഷേമ പരിപാടികളിൽ സാമൂഹ്യ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക. പാഴായിപ്പോകുന്ന മനുഷ്യശക്തി വളരെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ ഏറെ നേട്ടങ്ങൾ അതുമൂലം കൈവരിക്കാൻ സാധിക്കും.
10. ആവിഷ്കരിക്കുന്ന പല പദ്ധതികളും നടപ്പിൽ വരുത്തിക്കഴിയുമ്പോൾ ഉദ്ദേശം നേടുന്നില്ലായെന്ന് കാണാം. അവയെക്കുറിച്ച് വിലയിരുത്തൽ, അവലോകനം എന്നിവ നടത്തി കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തണം.

# 5.8 വനിതാക്ഷേമം



വനിതകളേയും വനിതാക്ഷേമത്തെയുംപറ്റി ഇപ്പോൾ വ്യാപകമായ ചർച്ചകൾ നടക്കുകയാണല്ലോ? ഭാരതീയ സങ്കല്പം അനുസരിച്ച് സ്ത്രീ ദേവതയും ഐശ്വര്യവും കുടുംബത്തിന്റെ വിളക്കുമാണ്. ആധുനിക യുഗത്തിലെ സ്ത്രീ, ഗൃഹാന്തരീക്ഷത്തിൽനിന്നും സാമൂഹ്യ സാമ്പത്തികരംഗങ്ങളിലേക്ക് പടിപടിയായി മുന്നേറിയിട്ടുണ്ട്. ഇത് സ്ത്രീകളെ സംബന്ധിച്ച് ആശാവഹമായ കാര്യമാണെന്ന് പറയാം. എന്നാൽ ഈ വളർച്ചയുടെ ഫലം വിലയിരുത്തുമ്പോൾ, സ്ത്രീ സമൂഹത്തിലൊട്ടാകെ ഇതുണ്ടായിട്ടില്ല എന്ന വസ്തുത ഗൗരവമായിത്തന്നെ വീക്ഷിക്കണം. സ്ത്രീകളെ പരമാവധി സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക ഔന്നത്യത്തിലേക്കു കൊണ്ടുവരികയെന്നത് പരിഷ്കൃതജനതയുടെ കടമയും ലക്ഷ്യവുമാകുന്നു. ഇങ്ങനെ ഉയർന്നു ചിന്തിച്ചാൽ മാത്രമേ സ്ത്രീകളുടെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഭരണഘടനാ ഭേദഗതിയിലൂടെ രൂപം നൽകിയ പഞ്ചായത്തുരാജ് നിയമത്തിൽ ഭരണപരമായ കാര്യങ്ങളിലടക്കം സ്ത്രീകൾക്ക് 30% സ്ഥാനങ്ങൾ സംവരണം ചെയ്തതുതന്നെ ഈ ലക്ഷ്യംവച്ചുകൊണ്ടാണ്. ഇതിൽത്തന്നെ പട്ടികജാതി – പട്ടികവർഗ്ഗ വനിതകൾക്കും സ്ഥാനങ്ങൾ നീക്കിവച്ചിരിക്കുന്നു.

ഈ അടിസ്ഥാനത്തിൽ സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ അത് എപ്രകാരം എന്നു പരിശോധിക്കാം. പഞ്ചായത്തിലെ ജനസംഖ്യയിൽ 16491 പേർ സ്ത്രീകളാണ്. 17231 പേരാണ് പുരുഷന്മാർ. സ്ത്രീ പുരുഷ അനുപാതം വച്ചു നോക്കുമ്പോൾ സ്ത്രീകളെക്കാൾ 740 പുരുഷന്മാർ കൂടുതലുള്ളതായി കാണാം. ആകെയുള്ള സ്ത്രീജനങ്ങളിൽ 3615 പേർ പട്ടികജാതിക്കാരായ വനിതകളും 886 പേർ പട്ടികവർഗ വനിതകളുമാകുന്നു.

കേരളത്തിലെ പൊതുസ്ഥിതിയിൽനിന്ന് വ്യത്യസ്തമായി ഗ്രാമപഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കുറഞ്ഞുപോയിട്ടുള്ള കാര്യം ശ്രദ്ധിക്കുമല്ലോ. തമിഴ്നാട് അടുത്ത് സ്ഥിതി

ചെയ്യുന്ന ഇന്നാട്ടിൽ അവിടെനിന്ന് വിവിധ തൊഴിലുകൾക്കായി സ്ത്രീകളെക്കാളേറെ പുരുഷന്മാർ വന്ന് താമസിക്കുന്നുണ്ട്. അതോടൊപ്പം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ, ഹോട്ടൽ ബിസിനസുമായി ബന്ധപ്പെട്ടു പണിയെടുക്കുന്നവർ, വ്യാപാരരംഗത്തുള്ളവർ എന്നീ വിഭാഗങ്ങളിലും പ്രസ്തുത അന്തരം ഉണ്ട്. ഇവരിൽ കുറെയാളുകളെങ്കിലും കാനേഷുമാരിയിൽ ഉൾപ്പെട്ടതുകൊണ്ടാകാം പുരുഷന്മാരുടെ എണ്ണത്തിൽ വർദ്ധനവ് വന്നത്.

സ്ത്രീകളുടെ ആരോഗ്യാവസ്ഥ പൊതുവിൽ തൃപ്തികരമാണെങ്കിലും അൻപതു വയസ്സു മുതൽ മുകളിലേക്കു പ്രായമുള്ളവരുടെ ആരോഗ്യം അത്രതന്നെ മെച്ചപ്പെട്ടതല്ലെന്ന് പറയാം. പഞ്ചായത്തിൽ തൊഴിൽ എടുക്കുന്ന വളരെ സ്ത്രീകളുണ്ട്. കാർഷികരംഗം, പ്ലാന്റേഷൻ മേഖല, നിർമ്മാണ പ്രവർത്തനങ്ങൾ, കാലിവളർത്തൽ, തയ്യൽ തൊഴിൽ, അംഗൻവാടി തുടങ്ങിയ രംഗങ്ങളിലാണ് സ്ത്രീകൾ പ്രധാനമായും തൊഴിൽ ചെയ്യുന്നത്. അതോടൊപ്പം സുഗന്ധവ്യഞ്ജനങ്ങൾ ക്ലീൻ ചെയ്യുന്നതിലും തരം തിരിക്കുന്നതിലും കുറെയാളുകൾ ഏർപ്പെട്ടിരിക്കുന്നു. തൊഴിൽരംഗത്തുനിന്ന് സ്ത്രീകൾ കാര്യമായി വിട്ടുപോകുന്നതായി കണക്കാക്കപ്പെടുന്നില്ല. മേൽപ്പറഞ്ഞ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഏകദേശം 25% പേർ കഴിഞ്ഞാൽ ബാക്കിയുള്ള സ്ത്രീകൾ ഗൃഹജോലിയിലും കുടുംബപരമായ ഉത്തരവാദിത്വങ്ങളിലും വ്യാപൃതരായിരിക്കുന്നു.

സ്ത്രീകൾക്ക് ചെയ്യാവുന്ന തൊഴിലുകൾക്ക് വേഗം വളർന്നു വരാൻ പറ്റിയ ഭൂമിശാസ്ത്രപരമായ സൗകര്യങ്ങളോ സാമൂഹ്യ സാമ്പത്തിക സ്ഥിതിയോ ഇവിടെയില്ല. ഇതിലേക്കുള്ള പശ്ചാത്തല സൗകര്യങ്ങളും കുറവാണ്. സമൂഹത്തിലെ സ്ത്രീകളിൽ അധികം പേരും സ്വന്തമായി വരുമാനം ഇല്ലാത്തവരാണെന്നത്; സ്ത്രീകളുടെ സാമൂഹ്യമായും സാമ്പത്തികമായുമുള്ള പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്. ആ രംഗങ്ങൾ മെച്ചപ്പെട്ടതോടുകൂടി സ്ത്രീകളോടുള്ള സമീപനത്തിലും മാറ്റം വരാൻ ഇടയാക്കും.

തുടർച്ചയായി അനുവർത്തിച്ചുപോരുന്ന ഒരു കീഴ്വഴക്കമെന്ന നിലയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള കൂലിയിൽ വ്യത്യാസമുണ്ട്.

അമ്മമാരായ സ്ത്രീകൾ സുലഭമായ ഭക്ഷ്യവസ്തുക്കളുപയോഗിച്ച് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് കുറഞ്ഞ ചെലവിൽ പോഷകാഹാരം കൊടുക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തുന്നില്ല. കൂടുതൽ പേരും ബേബി ഫുഡിനെ ആശ്രയിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളിൽ കുറെപ്പേർ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽപ്പെട്ട സ്ത്രീകൾ തീറ്റപ്പുല്ലിനും അതുപോലെ താഴ്ന്ന വരുമാനക്കാർ ഇന്ധനത്തിനുള്ള വിറകിനും ഏറെ ബുദ്ധിമുട്ടുന്നുണ്ട്.

സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ മേഖലകൾ വികസിപ്പിക്കാനും മെച്ചപ്പെടുത്താനും വേണ്ടി പ്രവർത്തിക്കുന്ന ഡി. ഡബ്ള്യു. സി. ആർ. എ. എന്ന ഗവൺമെന്റ് ഏജൻസി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കുറെ പ്രവർത്തനവും പരിശ്രമവും നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും 5 സ്ത്രീകൾ ഉൾപ്പെട്ട ഗ്രൂപ്പുകൾക്ക് കറിപൗഡർ, മെഴുകുതിരി, സോപ്പ്, അഗർബത്തി എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇവ മിക്കവാറും അടച്ചുപൂട്ടുകയോ കാര്യമായി പ്രവർത്തിക്കാത്തവയോ ആണ്. സന്നദ്ധ സംഘടനകൾ ഈ രംഗത്തു വനിതകൾക്കു തൊഴിൽ കിട്ടുമാറാക്കുന്ന ചില പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അത് ഒരുപരിധിവരെ വിജയിച്ചു കാണുന്നുണ്ട്. ചെറുകിട തൊഴിൽ മാനേജ്മെന്റ് രംഗത്ത് വേണ്ടത്ര വൈദഗ്ദ്ധ്യം ഇല്ലാത്തതും ഉൽപന്നങ്ങളുടെ മാർക്കറ്റ് കണ്ടെത്താൻ കഴിയാത്തതിലുള്ള പ്രശ്നങ്ങളുമാണ് ഇത്തരം പരാജയത്തിന് കാരണം എന്നു പറയാം.

കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മഹിളാ സംഘടനകൾ ഏതാനുമെണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മതവിഭാഗങ്ങളുടെ വനിതാസംഘടനകളുടെ നേതൃത്വസ്ഥാനത്തും കുറെപ്പേർ പ്രവർത്തിച്ചുവരുന്നു.

ബഹുജനസംഘടനകളിലെ വനിതാ നേതൃത്വം എടുത്തുപറയാനില്ല. അവയിലെ വനിതാ

അംഗത്വവും പങ്കാളിത്വവും പഞ്ചായത്തിലെ സ്ത്രീകളുടെ ജനസംഖ്യവച്ചു നോക്കുമ്പോൾ താരതമ്യേന തീരെ കുറവാണെന്നു കാണാം.

കുടുംബപരമായ ഭാരിച്ച ഉത്തരവാദിത്വംകൊണ്ടും പൊതുരംഗത്തോടുള്ള താല്പര്യക്കുറവ് നിമിത്തവും അപവാദങ്ങളെ ഭയന്നും; സ്ത്രീകൾ പൊതുരംഗത്തു വരാൻ മടി കാണിക്കുന്നു. മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ അത്ര സജീവമല്ലെന്നു കാണാം. സ്ത്രീധനത്തിനുവേണ്ടി സ്ത്രീകളെ പീഡിപ്പിക്കുന്ന പ്രവണതയും സംഭവങ്ങളും അപൂർവ്വമായി കാണുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അക്രമം കാര്യമായി റിപ്പോർട്ട് ചെയ്തിട്ടില്ല. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമാ പോസ്റ്ററുകൾ, ഫോട്ടോകൾ ഇവ പരസ്യങ്ങളുടെ പേരിൽ ഇറങ്ങുന്നുണ്ട്.

സ്ത്രീകളുടെ സാംസ്ക്കാരികരംഗത്തെ പ്രവർത്തനങ്ങളെപ്പറ്റിയും പരാമർശിക്കട്ടെ. ലൈബ്രറികളിലെ സ്ത്രീകളുടെ അംഗത്വം ഏതാനും പേരിൽ ഒതുങ്ങി നിൽക്കുന്നു. വായനയിൽ സ്ത്രീകൾ കുറെപേരെങ്കിലും ശ്രദ്ധിക്കുന്നുവെന്നത് ശരിയാണ്. എന്നാൽ അവരിൽ ഭൂരിപക്ഷവും വായനയ്ക്കു തെരഞ്ഞെടുക്കുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വേണ്ടത്ര നിലവാരമില്ലാത്തവയാണെന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. ചർച്ചകൾ, സെമിനാർ, സിംപോസിയം തുടങ്ങിയ പരിപാടികളിലെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾക്കുവേണ്ടി മാത്രം അത്തരം പരിപാടികൾ സന്നദ്ധ സംഘടനകൾ, മതവിഭാഗങ്ങളുടെ വനിതാസംഘടനകൾ തുടങ്ങിയവ നടത്താറുണ്ടെങ്കിലും അതിലും ചുരുക്കം സ്ത്രീകളെ പങ്കെടുക്കാറുള്ളൂ.

സ്ത്രീകൾ ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ ഗൗരവപൂർവ്വം നോക്കിക്കാണുകയും നിലവിലുള്ള സാഹചര്യങ്ങൾക്കുള്ളിൽനിന്ന് പ്രവർത്തിക്കുകയും വേണം. ഗൃഹാന്തരീക്ഷത്തിൽ കുടുംബാംഗങ്ങളെ പരിചരിക്കുകയും വളരുന്ന തലമുറയുടെ സ്വഭാവ രൂപവൽക്കരണത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നതോടൊപ്പം സ്ത്രീകൾ സാമൂഹ്യ പ്രവർത്തനരംഗത്തും സജീവമായി കടന്നുവരേണ്ടതാണ്. അക്കാര്യത്തിൽ പൊതുവേ സമൂഹത്തിന്റെയും, വിശേഷിച്ചും പുരുഷന്റെയും സഹായവും സഹകരണവും അനുഭാവവും അത്യന്താപേക്ഷിതമാണ്. സ്ത്രീകളെ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിവുള്ളവരാക്കിക്കൊണ്ട് അവഗണിക്കപ്പെടുന്ന സ്ത്രീ സമ്പത്തിനെ നാടിന്റെ വികസനത്തിനായി വിനിയോഗിക്കാം.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ
2. സ്ത്രീകൾക്ക് സ്വന്തമായി വരുമാനം ഇല്ലാത്തത്
3. സ്ത്രീകളുടെയിടയിലെ തൊഴിലില്ലായ്മ
4. തൊഴിലുകൾ ചെയ്യുന്നതിനുള്ള പരിശീലനത്തിന്റെ അഭാവം
5. സ്ത്രീധന സമ്പ്രദായം
6. ദാരിദ്ര്യം
7. ഗൃഹനാഥന്റെ മദ്യപാനം
8. നേതൃത്വത്തിലേക്കു കടന്നുവരുന്നതിനുള്ള പ്രോൽസാഹനം ലഭിക്കുന്നില്ല. ചിലപ്പോൾ കടുത്ത എതിർപ്പുകളും നേരിടേണ്ടിവരുന്നു.
9. ആരോഗ്യപരിപാലനരംഗത്തെ പ്രശ്നങ്ങൾ.
10. കോളനികളിലും മറ്റുമുള്ള ശുചിത്വത്തിന്റെയും സാനിട്ടറി സൗകര്യങ്ങളുടെയുമ പോരായ്മ
11. കുടിവെള്ളം, വിറക് എന്നിവയുടെ ലഭ്യതക്കുറവ്
12. സ്ത്രീകളുടെ ഉന്നമനത്തിനായി ഡി. ഡബ്ള്യു. സി. ആർ. എ. പോലുള്ള സമിതികൾ നടത്തുന്ന പദ്ധതികളിലെ അശാസ്ത്രീയതയും പോരായ്മയും

### സാദ്ധ്യതകൾ

1. സ്ത്രീകൾക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ വീട്ടുജോലി കഴിഞ്ഞിട്ടുള്ള സമയത്ത് ചെയ്യാൻ കഴിയുന്ന കൈത്തൊഴിലുകൾ പ്രോൽസാഹിപ്പിക്കാം. (റെഡിമെയ്ഡ് ഡ്രസ് നിർമ്മാ

ണം, പൂച്ചെടി വളർത്തൽ, കൂൺ കൃഷി, കോഴി, ആട് ഇവയെ വളർത്തൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ)

2. സ്ത്രീകളുടെ സഹകരണസംഘം രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനും ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിപണനം നടത്തുവാനും കഴിയും.
3. മദ്യനിരോധനം ഏർപ്പെടുത്തണം. മദ്യം, മയക്കുമരുന്ന് എന്നിവയെപ്പറ്റിയും അതിൻെറ ദൂഷ്യവശത്തെപ്പറ്റിയും ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പ്രചാരണങ്ങൾ നടത്തണം.
4. സ്ത്രീകളെ പൊതുരംഗങ്ങളിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയണം.
6. ഗ്രാമീണ വ്യാപാര - തൊഴിൽമേഖലയിൽ സ്ത്രീകൾക്ക് അവസരങ്ങൾ നൽകുക
7. സ്ത്രീധനം, സ്ത്രീപീഢനം എന്നീ സാമൂഹ്യ തിന്മകൾക്കെതിരെ പചാരണം സംഘടിപ്പിക്കുകയും ഇത്തരം സന്ദർഭങ്ങളിൽ കൂട്ടായ ചെറുത്തുനില്പ് സാദ്ധ്യമാക്കുകയും ചെയ്യുക. സ്ത്രീപീഢനത്തിനെതിരെ നടപടി സ്വീകരിക്കാൻ രൂപീകരിച്ച വനിതാ സെല്ലിൻെറ പ്രവർത്തനം വ്യാപകമാക്കുകയും ഈ സെല്ലിന് കൂടുതൽ അധികാരങ്ങളും നൽകുക.
8. ശുചിത്വം പാലിക്കാൻ സ്വയം ശ്രമിക്കുകയും പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ സഹായം തേടുകയും ചെയ്യാം. ഇതിനായി പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനം വിപുലീകരിക്കണം.
9. മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും വേണ്ടി ഐ. സി. ഡി. എസ്.-ൽനിന്നും വിതരണം നടത്തുന്ന പോഷകാഹാരപദ്ധതി തുടർച്ചയായും കാര്യക്ഷമമായും നടപ്പാക്കണം. കുറഞ്ഞ ചെലവിൽ കുഞ്ഞുങ്ങൾക്ക് പോഷകാഹാരം കൊടുക്കുന്ന രീതിയെപ്പറ്റി അവരെ പഠിപ്പിക്കുക. ഇതിലേക്ക് ജനകീയസമിതികളുടെ സഹായം തേടാവുന്നതാണ്.
10. സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി പഠിപ്പിക്കുവാനുള്ള പദ്ധതി അതതു പഞ്ചായത്തിൽ തയ്യാറാക്കാവുന്നതാണ്.
11. വിധവകൾ, താഴ്ന്ന വരുമാനക്കാർ എന്നിവരുടെ മക്കളെ വിവാഹം കഴിച്ചയയ്ക്കുന്നതിനുള്ള ധനസഹായം 5000 (അയ്യായിരം) ആയി ഉയർത്തണം.
12. വനിതാക്ഷേമ ബോർഡിൻെറ പ്രവർത്തനം വിപുലീകരിക്കുകയും പഞ്ചായത്ത്തല സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.
13. സാമൂഹ്യ തിന്മകൾക്കെതിരെയും അനാചാരങ്ങൾക്കെതിരെയും പ്രവർത്തിക്കുവാൻ സ്ത്രീകളെ പ്രോൽസാഹിപ്പിക്കുകയും തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ധാരണ വളർത്തുന്നതിനുപകരിക്കുന്ന ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളുപയോഗിച്ചുള്ള പഠന ക്ളാസുകളും നടത്തുക.
14. മഹിളാ സമാജങ്ങൾ പുനരുദ്ധരിച്ച് സ്ത്രീകൾക്ക് ഒന്നിച്ചു കൂടുവാനും ആശയങ്ങൾ പങ്കുവയ്ക്കുവാനും അവസരങ്ങൾ ഒരുക്കുക.

## വാർഡുകളിൽ ഉൾപ്പെട്ടവ

വാർഡ് 3: സാക്ഷരതാ പ്രവർത്തനം തുടർച്ചയായി നടത്തണം. കോളനിയിൽ വനിതാക്ഷേമത്തിനുള്ള പരിപാടികൾ തയ്യാറാക്കി നടപ്പാക്കണം. ഇത് എല്ലാ കോളനി പ്രദേശത്തും നടപ്പാക്കേണ്ടതാകുന്നു.

| | |
|---|---|
| വാർഡ് 5: | ആനക്കുഴി അട്ടപ്പള്ളം ഭാഗത്ത് ഒരു അംഗൻവാടി സ്ഥാപിക്കണം. |
| വാർഡ് 6: | തയ്യൽ സ്കൂൾ ആരംഭിക്കണം. |
| വാർഡ് 11: | സാക്ഷരാ പ്രവർത്തനം ആരംഭിക്കണം. |
| വാർഡ് 9, 12: | തയ്യൽ കേന്ദ്രങ്ങൾ ആരംഭിക്കണം. |
| വാർഡ് 13: | അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ചികിൽസയ്ക്കായും അവരുടെ ആരോഗ്യപരിപാലനത്തിനും പ്രത്യേകം ആശുപത്രി അനുവദിക്കണം. |



# 5.9 സഹകരണ മേഖല

കുമളിഗ്രാമപഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചുനോക്കിയാൽ സഹകരണമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. കാർഷിക മേഖലയായ കുമളിയിലെ ചെറുകിട പരിമിത കർഷകർക്ക് വായ്പകൾ ലഭ്യമാക്കുവാനോ അത്യാവശ്യസമയത്ത് അവരെ സഹായിക്കുവാനോ നിലവിലുള്ള സഹകരണസംഘങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്ന് ഇതുസംബന്ധിച്ച പഠനങ്ങൾ വ്യക്തമാകുന്നു.

## നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ

| പേര് | അംഗങ്ങൾ |
|---|---|
| അമരാവതി സർവീസ് സഹകരണബാങ്ക് | 3847 |
| ചെങ്കര സർവീസ് സഹകരണബാങ്ക് | 1318 |
| ഗിരിജൻ സഹകരണ സംഘം | 574 |
| ഹരിജൻ സഹകരണ സംഘം | 383 |
| പീരുമേട് മാർക്കറ്റിംഗ് സഹകരണ സംഘം | 136 |
| മലനാട് കാർഷികവികസന ബാങ്ക് | 323 |
| ക്ഷീരോല്പാദകസംഘം (APCOS) | 285 |
| മലനാട് ക്ഷീരോല്പാദകസംഘം | 410 |
| ആകെ അംഗങ്ങൾ | 7276 |

മുപ്പത്തിരണ്ടായിരത്തോളം ജനസംഖ്യയുള്ള കുമളി പഞ്ചായത്തിൽ സഹകരണ മേഖലയുമായ് ബന്ധപ്പെട്ടിരിക്കുന്നവർ ഏഴായിരത്തോളം മാത്രമേയുള്ളൂ. ഈ വസ്തുത സഹകരണ രംഗത്തിൻെറ ദുർബലമായ അവസ്ഥയാണ് വ്യക്തമാക്കുന്നത്. കൃഷിക്കാർക്ക് നേരിട്ട് വായ്പനൽകുവാൻ സംവിധാനമുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ അമരാവതി സർവ്വീസ് സഹകരണബാങ്കും, ചെങ്കര സർവ്വീസ് സഹകരണ ബാങ്കുമാണ്. ഇടുക്കിജില്ലാ സഹകരണബാങ്കിൻെറയും മലക്കാട് കാർഷിക വികസന ബാങ്കിൻെറയും ഓരോശാഖകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഹരിജൻ-ഗിരിജൻ മേഖലകളിൽ ഓരോ സംഘങ്ങളും വ്യാപാരരംഗത്ത് കുമളി ടൗൺ കേന്ദ്രമാക്കി മാർക്കറ്റിംഗ് സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. ക്ഷീര കർഷകരെ സഹായിക്കുന്നതിനായി 'മിൽമ'യു

ടെ നേതൃത്വത്തിലുള്ള APCOS സഹകരണസംഘം 3 എണ്ണവും മലനാട് ക്ഷീരോല്പാദകസംഘം 4 എണ്ണവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ചെറുകിട പരിമിത കർഷകർക്കു ആവശ്യാനുസരണം വായ്പലഭിക്കുന്നില്ല.
2. കാർഷികാവശ്യങ്ങൾക്ക് പണം വിനിയോഗിക്കേണ്ട സമയത്ത് ലഭിക്കാത്തതുമൂലം കർഷകർ വിഷമിക്കുന്നു.
3. വാണിജ്യബാങ്കുകളുമായുള്ള മത്സരത്തിൽ സഹകരണസംഘങ്ങൾ പിൻതള്ളപ്പെടുന്നു.
4. രാഷ്ട്രീയ ഇടപെടലുകൾ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു.
5. കാർഷികോല്പന്ന സംഭരണ വിപണനരംഗത്ത് സഹകരണസംഘങ്ങൾ കാര്യമായ പങ്കു വഹിക്കുന്നില്ല.
6. ഉല്പന്ന വിപണന രംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാത്തതുമൂലം കർഷകർ മറ്റു മാർഗ്ഗങ്ങൾ അവലംബിക്കുന്നു.
7. സ്വകാര്യ മേഖലയുടെ അനിയന്ത്രിതമായ കടന്നുകയറ്റം (ഉദാ: വളം, കീടനാശിനി, വ്യാപാരരംഗം) കർഷകരെ ചൂഷണത്തിനും വിധേയരാക്കുന്നു.

## സാദ്ധ്യതകൾ

1. ഓരോ മേഖലയിലും പ്രത്യേകമായി മാത്രം സഹകരണസംഘങ്ങൾ പ്രവർത്തിക്കണം.
2. പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക പ്രാധാന്യം നൽകി പ്രവർത്തിക്കണം.
3. വ്യാപാരം, ഭവനനിർമ്മാണം, വാഹനം വാങ്ങൽ, മറ്റുകാർഷികേതര വായ്പകൾ എന്നിവ നൽകാൻ അർബൻ ബാങ്ക് പ്രവർത്തനം ആരംഭിക്കുക.

കാർഷികോല്പന്ന സംഭരണ, വിപണന രംഗത്ത് സഹകരണസംഘങ്ങൾകാര്യക്ഷമമായി പ്രവർത്തിക്കണം. കുടിൽ വ്യവസായം, കരകൗശലവസ്തുനിർമ്മാണരംഗം, ആതുരശുശ്രൂഷാ രംഗം, ഭവനനിർമ്മാണം, കൺസ്യൂമർ, വനിതാ വികസനം എന്നിവയ്ക്കായ് പ്രത്യേക സഹകരണസംഘങ്ങൾ പ്രവർത്തനമാരംഭിക്കണം. തേക്കടി, കുമളി ടൗൺ കേന്ദ്രമാക്കി കരകൗശല വിപണനസംഘം ആരംഭിക്കണം. ഹരിജൻ ഗിരിജൻ മേഖലയായ 3-ാം വാർഡിൽ മത്സ്യ വ്യവസായ സംഘം കാര്യക്ഷമമാക്കുകയും പരമ്പരാഗത തൊഴിൽ രംഗത്ത് നൂതന സംരഭങ്ങൾ ആരംഭിക്കുകയും വേണം. പ്രവർത്തനക്ഷമമല്ലാത്ത സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വിപുലീകരിക്കുകയും കർഷകരുടെ സൗകര്യാർത്ഥം 12, 13 വാർഡുകളിൽ ക്ഷീര വിപണരംഗത്തും, പരമ്പരാഗത തൊഴിൽ വികസനരംഗത്തും, സഹകരണസംഘങ്ങൾ ആരംഭിക്കുകയും വേണം. നിലവിലുള്ള മാർക്കറ്റിംഗ് സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കി സഹകരണമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. വെള്ളാരംകുന്നിൽ ഒരു സർവീസ് സഹകരണബാങ്ക് ആരംഭിക്കുകയോ പ്രസ്തുത ബാങ്കുകളുടെ ശാഖ ആരംഭിക്കുകയോ വേണം.

# 5.10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം പണ്ടുകാലം മുതൽ സാമൂഹ്യനീതി നിഷേധിക്കപ്പെട്ട് അടിമത്തം അനുഭവിച്ചിരുന്ന സമൂഹമാണല്ലോ? നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ കാലംമുതൽ ഈ വിഭാഗത്തെ സാമൂഹ്യമായി ഉയർത്തിക്കൊണ്ടു വരാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. നാട്ടിലെ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും, പുരോഗമന പ്രസ്ഥാനങ്ങളും, വ്യക്തികളും, കിസ്ത്യൻ മിഷനറിമാരും ഇവരുടെ സാമൂഹ്യപുരോഗതിയ്ക്കായി നടത്തിയയിട്ടുള്ള പ്രവർത്തനങ്ങളും സേവനങ്ങളും വിലപ്പെട്ടതാണ്. ഇതിൻെറ ഫലമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ സ്വതന്ത്രരും സമൂഹത്തിൻെറ മുൻനിരയിലേയ്ക്ക് എത്താൻ കുറെയെങ്കിലും കഴിഞ്ഞിട്ടുള്ളവരുമാണ്. മുൻകാലങ്ങളിൽ പദ്ധതികളുടെ ഭാഗമായി ഇവർക്കു വേണ്ടി നടപ്പാക്കിയിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമായിരുന്നില്ല. ഇവരുടെ വിദ്യാഭ്യാസം, തൊഴിലില്ലായ്മ, സാംസ്കാരിക നിലവാരം തുടങ്ങിയമേഖലയിലെ പരിഹരിക്കപ്പെടേണ്ട നിരവധിപ്രശ്നങ്ങൾ ഇപ്പോഴും ബാക്കിയുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 21% പട്ടികജാതിയിലും 5% പട്ടികവർഗ്ഗത്തിലും ഉൾപ്പെട്ടവരാണ്. ഇവർ പ്രധാനമായും മൂന്നു ഗോത്രങ്ങളായി അധിവസിക്കുന്നു. പഞ്ചായത്തിൽ 7253 പട്ടികജാതിക്കാരും, 1787 പട്ടികവർഗ്ഗക്കാരും ഉണ്ട്. 8 ഹരിജൻ കോളനികളും ഒരു ഗിരിവർഗ്ഗകോളനിയും പഞ്ചായത്തിൽ നിലവിൽ ഉണ്ട്. ഈ കോളനികൾക്കും പുറമെ പഞ്ചായത്തിലെ ചില വാർഡുകൾ ഒഴിച്ചാൽ ഒട്ടുമിക്ക വാർഡുകളിലും പട്ടികജാതിക്കാർ അധിവസിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിൽ പലതും കോളനികൾ ആയി അംഗീകരിക്കപ്പെടേണ്ടതാണ്. ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള കോളനികളിൽ തന്നെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ ജനവിഭാഗങ്ങളുടെ പൊതുവായ അവസ്ഥയും മെച്ചപ്പെട്ടതാണെന്നു പറയാൻ പറ്റുകയില്ല.

ഈ ജനസമൂഹത്തിനിടയിൽ കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസം സ്വായത്തമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. എന്നാൽ ചില പ്രദേശങ്ങളിലെ ഏതാനും കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ ജീവിത പ്രാരാബ്ധങ്ങളുടെയും. ചില പ്രതികൂല സാഹചര്യങ്ങളുടെയും ഫലമായി വിദ്യാഭ്യാസം ഇടയ്ക്കു വച്ചു നിറുത്തിപ്പോകുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ തൊഴിൽ തേടുന്നത് മുഖ്യമായും കർഷിക മേഖലയിലാണ്. എന്നാൽ ഈ മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന പുതിയതലമുറ തൊഴിലിനു വേണ്ടി മറ്റുമേഖലകളേയും ആശ്രയിക്കുന്നുണ്ട്. നിരക്ഷരരുടെ എണ്ണം ഇവരുടെ ഇടയിൽ കുറവാണെന്നു പറയാം. സ്വന്തമായി വീടില്ലാത്ത ആളുകൾ ഏകദേശം 22 ശതമാനത്തോളം വരും. വി

വിധ സംഘടനാ പ്രവർത്തനരംഗത്തായി പട്ടികജാതിയിൽ നിന്നും 77 പേരും ഗിരിജൻ വിഭാഗത്തിൽ നിന്നും 6 പേരും പ്രവർത്തിക്കുന്നുണ്ട്. ഇവർ ഗ്രാമതലത്തിലും, പഞ്ചായത്ത് ബ്ലോക്കു തലത്തിലും പ്രവർത്തിച്ചു വരുന്നു. ഇതിൽ അഞ്ചുപേർ വനിതകളാണ്. ഈ വിഭാഗത്തിൽ നിന്നും ആറുപേരെ ഗ്രാമപഞ്ചായത്തിലേയ്ക്കും ഒരാളെ ബ്ലോക്കു പഞ്ചായത്തിലേയ്ക്കും തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ രണ്ടു സീറ്റ് പട്ടികജാതി സംവരണവും ഒരോസീറ്റുവീതം പട്ടികജാതി വനിതാ സംവരണവും, പട്ടി കവർഗ്ഗസംവരണവുമാണ് ഒരാളെ ബ്ലോക്കു പഞ്ചായത്തിലേയ്ക്ക് പട്ടിക ജാതിസംവരണത്തിലും തെരഞ്ഞെടുത്തിട്ടുണ്ട്. ഒരുവനിതയും, ഒരു പുരുഷനും ജനറൽ സീറ്റുകളിൽ നിന്നും തെരഞ്ഞെടു ക്കപ്പെട്ടിട്ടുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ പ്രകടമായി കാണാനില്ലെങ്കിലും ഇത് കുറെയെങ്കി ലും നിലനില്ക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. പട്ടികജാതി വിഭാഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹച്ചടങ്ങുകൾക്കും മറ്റും ഇതരസമുദായക്കാരും പങ്കെടുക്കാറുണ്ട്. ഭൂരിപക്ഷം ആളുകളും ഈ ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ അവിടെനിന്നും ഭക്ഷണവും കഴിക്കാറുണ്ട്. എന്നാൽ ഗിരിവർഗ്ഗവി ഭാഗങ്ങൾ ഇത്തരംചടങ്ങുകളിലേയ്ക്ക് മറ്റുസമുദായക്കാരെ ക്ഷണിക്കാറില്ല.

ജാതിപറഞ്ഞു വിളിയ്ക്കുന്ന രീതി ഇവിടങ്ങളിൽ തീരെ ഇല്ലെന്നു തന്നെ പറയാം. വിവാഹം ശവസംസ്ക്കാരം തുടങ്ങിയ സാമൂഹ്യചടങ്ങുകളിലും, ആപൽഘട്ടങ്ങളിലും പൊതു സാമൂഹ്യ പ്രശ്നങ്ങൾ വരുമ്പോഴും ജാതിസമുദായവ്യത്യാസം കൂടാതെ എല്ലാവരും യോജിച്ചു പ്രവർത്തി ക്കാറുണ്ട്. പഞ്ചായത്തിലെ 70% പട്ടികജാതിക്കാരും 80% പട്ടികവർഗ്ഗക്കാരും ദാരിദ്ര്യരേഖയ്ക്കു താ ഴെയാണെന്നുകാണാം. ഇന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പ്പെട്ട വനിതകളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി ഒരു തരത്തിലും മെച്ചപ്പെട്ടതല്ല. ഇവരിൽ ഗണ്യ മായ പങ്കും കൂലിവേലയിലും, മറ്റേതെങ്കിലും കഠിനാദ്ധ്വാനത്തിലും ഏർപ്പെട്ട് കുടുംബം പുലർത്തി പ്പോരുന്നു. പഞ്ചായത്തിൽ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പൊതുവാ യ പ്രശ്നങ്ങൾ മിക്കവാറും എല്ലാവാർഡുകളിലും ഉള്ളതാകുന്നു. ആകയാൽ പൊതുവയിട്ടുള്ള പ്രശ്നങ്ങളും സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും താഴെചേർക്കുന്നു.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത. (ഹരിജനങ്ങൾ തിങ്ങിപാർ ക്കുന്നതും കോളനികളായി അംഗീകരിക്കപ്പെടാത്തതുമായ പ്രദേശത്തേയും ഇതിലുൾപ്പെടു ത്തേണ്ടതാണ്)
2. ക്ഷേമപ്രവർത്തനങ്ങളെ പ്പറ്റിയുള്ള അജ്ഞതയും കാലതാമസവും.
3. ഇടനിലക്കാരുടെ ചൂഷണം.
4. കോളനികൾക്കു പുറത്തെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ പ്രശ്നങ്ങൾ
5. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത.
6. ആരോഗ്യസംരക്ഷണ കാര്യങ്ങളിലെ അശ്രദ്ധയും സൗകര്യങ്ങളുടെ കുറവും.
7. സാംസ്ക്കാരിക പിന്നോക്കാവസ്ഥ
8. ഹരിജൻ-ഗരിജൻ വിഭാഗത്തിൻെറ ഭദ്രതയെക്കുറിച്ചുള്ള ആശങ്ക.
9. ഗവൺമെൻറ് ഏജൻസിയുടെ സഹായം ഫലപ്രദമായി ഈ വിഭാഗങ്ങൾക്കെത്താത്തത്.
10. പ്രത്യേകതൊഴിൽ പരിശീലനത്തിൻെറ അഭാവം.
11. സർക്കാർ സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിലെ സങ്കീർണ്ണതയും കാലതാമസവും.
12 തൊഴിലില്ലായ്മ

13. സാമ്പത്തികമായ പിന്നോക്കാവസ്ഥ.

14. പട്ടികജാതി പട്ടികവർഗ്ഗത്തിൻെറ കൈവശ ഭൂമിയിൽ സ്ഥിരാവകാശം നേടാൻ കഴിയാത്തതിൻെറ ചിലപ്രശ്നങ്ങൾ

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പട്ടികജാതികോളനികളിലെ വീടുകൾ വാസയോഗ്യമാക്കണം. അവിടെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം, ലഭ്യമാക്കാൻ കിണറുകളും, മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തണം. ഇതോടൊപ്പം സാനിട്ടറിസൗകര്യങ്ങൾ, പൊതുശ്മശാനം ഇവനിർമ്മിച്ചു നൽകുക. വൈദ്യുതിലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തേണ്ടതാണ്.

2. ഇവർക്കു വേണ്ടി ഗവൺമെൻറു നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ സുതാര്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുകയും ചെയ്യണം.

3. കോളനികൾക്കുപുറത്ത് കൂട്ടായിതാമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാൻ ഇവരേയും കോളനിയുടെ പരിധിയിൽ കൊണ്ടുവരുക.

4. വിദ്യാഭ്യാസം, നിർബന്ധിതവും സാർവ്വത്രീകവുമാക്കണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിയ്ക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ട്യൂഷൻ കാര്യക്ഷമമാക്കുക. കുമളിയിൽ ഒരു ഹരിജൻ ഹോസ്റ്റൽ ആരംഭിക്കുക, നിലവിലുള്ള പട്ടിക വർഗ്ഗ ഹോസ്റ്റലിൻെറ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വിദ്യാർത്ഥികൾക്കുള്ള ആഹാരം മെച്ചപ്പെടുത്തുക.

5. പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലും, അവർതിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കേന്ദ്രീകരിച്ച് മെഡിക്കൽ പരിശോധനയും മെഡിക്കൽ ക്യാമ്പുകളും സമയബന്ധിതമായി സംഘടിപ്പിക്കുക, ഈജനവിഭാഗങ്ങൾക്കിടയിൽക്കാണുന്ന ചില പാരമ്പര്യ ചികിത്സാ രീതികൾ, ഒറ്റമൂലി പ്രയോഗങ്ങൾ, മർമ്മചികിത്സ എന്നിവയിൽ പരിചയമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും, അവ അന്യം നിന്നു പോകാതെ സംരക്ഷിക്കുകയും ചെയ്യുക.

6. പട്ടികജാതി പട്ടികർഗ്ഗക്കാരുടെ കോളനികളിലും അവർ തിങ്ങിപ്പാർക്കുന്ന മേഖലയിലും നിലവിലുള്ള വായനശാലകളോ കലരംഗത്ത് ഊന്നൽ കൊടുത്തു പ്രവർത്തിക്കുന്ന ക്ലബ്ബുകളോ ഉണ്ടെങ്കിൽ അതിൻെറ പ്രർത്തനത്തെ പ്രോത്സാഹിപ്പിക്കണം. ഇതോടൊപ്പം ഇവ ഇല്ലാത്ത മേഖലയിൽ പുതിയവ ആരംഭിക്കുകയും. ഈ സ്ഥാപനങ്ങളിൽ വർത്തമാന പത്രങ്ങൾ എത്തിക്കുകയും ടി.വി സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യാൻ നടപടികൾ സ്വീകരിക്കണം. കമ്മ്യൂണിറ്റിഹാൾ മുൻഗണനാ ക്രമത്തിൽ പണികഴിപ്പിച്ച് പ്രവർത്തനം ആരംഭിക്കണം. ഇവരുടെ സാമൂഹ്യജീവിതത്തിൽ സിനിമകളും മറ്റ് ഇലക്ട്രോണിക് മാദ്ധ്യമങ്ങളും ചെലുത്തുന്ന ഗുണപരമല്ലാത്ത പ്രവണതകൾക്കെതിരെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.

7. പട്ടികജാതി പട്ടികവർഗ്ഗകോളനികളെ കേന്ദ്രീകരിച്ചും, അല്ലാതെയും ഏതാനും സഹകരണസംഘങ്ങൾ ഉണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇവരുടെ ഇടയിൽ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖല ഇന്ന് തകർച്ചയെ നേരിടുകയാണ്. ഇവരുടെ കാർഷികോൽപ്പന്നങ്ങൾ ഇടത്തട്ടുകാർ ചൂഷണം ചെയ്യുകയാണ്. ഇക്കാര്യത്തിൽ ഇവർക്ക് സഹകരണ മേഖലയിൽ നിന്ന് ലഭിക്കാവുന്ന വമ്പിച്ച സഹായങ്ങൾ വലിയ ഒരളവുവരെ പാഴാക്കുകയാണ്. ഇത് അവരെ ബോദ്ധ്യപ്പെടുത്തുകയും പരിഹാരമുണ്ടാക്കുവാൻ പഞ്ചായത്ത് ഭരണസമിതി ഫലപ്രദമായി ഇടപെടുകയും ചെയ്യേണ്ടതാണ്. ഇതിലേയ്ക്ക് അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉപദേശകസമിതി രൂപീകരിക്കണം.

8. വനം-വന്യജീവി വകുപ്പ് കുമളി പഞ്ചായത്തിൽ ആവിഷ്കരിച്ചിരിക്കുന്ന പരിസ്ഥിതി സംരക്ഷണ പരിപാടികളും (eco-development scheme) ഗവൺമെൻറ് ഇതര പദ്ധതികളും ഇവരുടെയിടയിൽ നടപ്പാക്കുമ്പോൾ മേൽപ്പറഞ്ഞ സമിതിയുടെ ഉപദേശം തേടേണ്ടതാണ്.

9. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ ഒരു തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക. പഞ്ചായത്തിലെ സ്വകാര്യ സംരംഭങ്ങളിൽ ഈ വിഭാഗങ്ങളെ കൂടി പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കണം.

10. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജാതി വരുമാനം, മറ്റ് വിവരങ്ങൾ ഇവ ഉൾപ്പെടുന്ന രജിസ്റ്റർ മുൻകൂട്ടി തയ്യാറാക്കി ബന്ധപ്പെട്ട ആഫീസുകളിൽ സൂക്ഷിക്കണം. ഇവർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനുള്ള അന്വേഷണത്തെ ഇത് സഹായിക്കുമെന്ന് മാത്രമല്ല കാലതാമസം കുറയ്ക്കുകയും ചെയ്യും.

11. തൊഴിലില്ലായ്മ പരിഹരിക്കുന്നതിൻെറ ഭാഗമായി സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും കരകൗശലവസ്തുക്കളുടെ നിർമ്മാണം ആരംഭിക്കണം. പരമ്പരാഗത വ്യവസായങ്ങളുടെ പ്രാദേശിക സാദ്ധ്യതകൾക്ക് അനുസൃതമായി ചെറുകിട കുടിൽ വ്യവസായങ്ങളും പാൽ സംഭരണവും ആരംഭിക്കണം, സഹകരണസ്ഥാപനങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ മതിയായ വാഹനം അനുവദിക്കണം. മാർക്കറ്റിംഗ് ഫെഡറേഷനും ഇതര ഗവ. ഏജൻസികളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിച്ച് ഒരു സ്ഥിരം സംവിധാനമുണ്ടാക്കണം. ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും വായ്പകൾ അനുവദിക്കുകയും വേണം.

12. വിനോദസഞ്ചാരവികസന പ്രവർത്തനങ്ങളിൽ ഇവരുടെ പങ്ക് ഉറപ്പു വരുത്തണം.

13. മത്സ്യകൃഷിയും, കാലിവളർത്തലും ഇവർക്കിടയിൽ പരമാവധി പ്രോത്സാഹിപ്പിക്കണം.

14 ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ കിട്ടുന്നതിനുള്ള തടസ്സങ്ങളും കാലതാമസവും ഒഴിവാക്കണം.

15. 1, 2, 3, 8, 12, 13, വാർഡുകളിൽ ശ്മശാനം നിർമ്മിക്കണം.

## വാർഡ്തല സാദ്ധ്യതകൾ

വാർഡ് 13. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവാത്ത നിലയിൽ മണൽ വാരാൻ അനുവദിക്കണം.

വാർഡ് 8 തമിഴ്മീഡിയം സ്കൂളിൻെറ ശോച്യാവസ്ഥ പരിഹരിക്കണം.

ഗവൺമെൻറും ഇതര ഏജൻസികളും നൽകുന്ന ആനുകൂല്യങ്ങളോടൊപ്പം ഓരോ മേഖലയിലും ആർജ്ജിക്കാൻ കഴിയുന്ന വിഭവങ്ങളും സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. മുൻഗണനാക്രമത്തിലും സമയബന്ധിതമായും ഓരോരുത്തരും മുൻകൈയെടുത്ത് കൂട്ടായ പ്രവർത്തനം സംഘടിപ്പിച്ചാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലുള്ള അസമത്വവും സാമ്പത്തിക പിന്നോക്കാവസ്ഥയും ഇതര സാമൂഹ്യപ്രശ്നങ്ങളും പടിപടിയായി പരിഹരിക്കുവാൻ കഴിയുന്നതാണ്.

# 5.11 സംസ്കാരം



വിനോദസഞ്ചാരികളുടെ പറുദീസയായ തേക്കടിയുടെ സാമീപ്യംകൊണ്ട് ലോകം അറിയപ്പെടുന്ന കുമളി പശ്ചിമഘട്ട മലനിരകളിലെ മനോഹരമായ ഒരു ഗ്രാമമാണ്. ഭൂമിശാസ്ത്രപരമായി തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന ഇവിടെ മണ്ണിനെ പൊന്നാക്കുന്ന കർഷകരുടെ അദ്ധ്വാനത്തിൻെറ സൗന്ദര്യവും സംസ്കാരവും എല്ലാം ലയിച്ചു ചേർന്നിട്ടുണ്ട്.

ആദ്യകാല കുടിയേറ്റക്കാർ പരസ്പരം അദ്ധ്വാനം പങ്കിടുന്നതിനുവേണ്ടി നടത്തുമായിരുന്ന മാറ്റാൾപണിയോടൊത്ത് അവർ ഉള്ളം തെളിഞ്ഞു പാടിയ "മാറ്റാൾ പാട്ടു"കളായിരിക്കാം ഒരുപക്ഷേ കുമളി ഗ്രാമത്തിൻെറ കലയുടെയും സംസ്കാരത്തിൻെറയും ആദ്യത്തെ ഉറവിടം. മഹാരാജാക്കന്മാരുടെ കാലത്ത് അവരെ സ്വീകരിക്കാൻ അന്നത്തെ കുമളി നിവാസികൾ പാടിയ രാജഭക്തി സ്തുതിഗാനങ്ങളും, കാട്ടുവർഗക്കാരുടെ വേടൻപാട്ടുകളും നൃത്തവും ഇങ്ങനെ എത്രയോ സങ്കേതങ്ങൾ നമ്മുടെ പഴയ ചരിത്രത്തിൽ കാണാം.

ഏതാണ്ട് 40 – 45 വർഷങ്ങൾക്കു മുൻപ് കുമളിയുടെ സാംസ്ക്കാരിക ചരിത്രത്തിന് അടിത്തറ പാകിയെന്നു പറയാം. പുരോഗമനവാദിയും തികഞ്ഞ ഗാന്ധിയനും ധിഷണാശാലിയുമായ അച്യുതൻ മാഷ് എന്ന മാന്യവ്യക്തി മുൻകൈയെടുത്ത് ഇവിടെ ആരംഭിച്ച വായനശാലയാണ് കുമളിയിലെ ആദ്യകാല ഗ്രാമീണ വായനശാല. ഇപ്പോഴത്തെ ലേക് ക്യൂൻ എന്ന സ്ഥാപനത്തിൻെറ സ്ഥാനത്ത് ചതുപ്പുനിറഞ്ഞ വയലിൽ കരിങ്കൽ കെട്ടി ഉയർത്തിയ തൂണിൽനിന്നിരുന്നതും മരപ്പലകകൊണ്ട് നിർമ്മിച്ചിരുന്നതുമായ ഈ കെട്ടിടം കുമളിയിലെ കുറെ ആളുകളെങ്കിലും ഓർക്കുമല്ലോ? ആങ്കുർ ജന്മിമാരുടെ വകയായിരുന്ന ഈ കെട്ടിടത്തിൽ 4 രൂപ (നാല് രൂപ) പ്രതിമാസ വാടകയ്ക്കാണ് വായനശാല പ്രവർത്തിച്ചത്. ഇതിനു മുൻപുതന്നെ മുരുക്കടിയിൽ ഒരു ചെറിയ വായനശാലയുടെ പ്രവർത്തനം തുടങ്ങിയിരുന്നു. കുറെ വർഷങ്ങൾ കൂടി കഴിഞ്ഞപ്പോഴേക്കും കുമളിയിൽ പത്രങ്ങൾ എത്തിത്തുടങ്ങി. ഏറെ താമസിയാതെ ഈ വായനശാല കുമളിയിലെ പബ്ലിക് ലൈബ്രറിയെന്ന പരിഗണനയിലേക്കുയർന്നു.

കുമളിയുടെ ആദ്യകാല സാംസ്ക്കാരിക ചരിത്രത്തിൽ കൊല്ലംപട്ടടക്കുള്ള സ്ഥാനം വളരെ വലുതാണെന്നു കാണാം. കൊല്ലംപട്ടടയുടെ ചരിത്രവും കോളനിയായി പ്രഖ്യാപിച്ചതുമായ കാര്യങ്ങൾ ചരിത്രത്തിൻെറ അദ്ധ്യായത്തിൽ പരമാർശിക്കുന്നുണ്ടല്ലോ. ഈ കോളനി ആ കാലത്ത് നാടൻ കലകളുടെയും നാടൻ

ആചാരങ്ങളുടെയും വിളഭൂമിയായിരുന്നുവെന്നു പറയാം. ഇവിടെ ഓണക്കാലത്തും മറ്റും കടുവാകളി, ചെമ്പഴുക്കാ കളി, കുടമൂത്തു് പുലിക്കളി, കോൽക്കളി, തുമ്പിതുള്ളൽ എന്നിങ്ങനെ ധാരാളം പ്രാചീന കലാപ്രകടനങ്ങൾ അവതരിപ്പിച്ചിരുന്നു. അതുപോലെ കുട്ടികൾക്ക് വളരെ ആയാസപ്രദവും ഉല്ലാസവും ലഭിക്കുന്ന ചില കളികളായ കുഴിപ്പന്ത്, പശുവും പുലിയും തുടങ്ങിയ ഇനങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവയിൽ പലതിനെപ്പറ്റിയും പുതിയ തലമുറയ്ക്ക് കേട്ടറിവേ ഉണ്ടായിരിക്കുകയുള്ളൂ. ഈ പ്രാചീന കലാരൂപങ്ങൾ ഒക്കെത്തന്നെയും ശാരീരിക വ്യായാമത്തിനും ഗ്രാമത്തിലെ ജനങ്ങളുടെ മാനസിക ഐക്യത്തിനും സന്തോഷത്തിനും ഉതകുന്നവയായിരുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. അക്കാലത്ത് ജനങ്ങളുടെ വിനോദത്തിന് പുതിയ അവസരമുണ്ടാക്കിക്കൊണ്ട് "ഫിലിപ്പ് ടാക്കീസ്" എന്ന സിനിമാശാല പ്രവർത്തനം ആരംഭിച്ചു.

ഈ കാലയളവിൽ കുമളി ദേശീയ കലാവേദി എന്ന സ്ഥാപനം ഉദയംകൊണ്ടു. തുടർന്ന് അട്ടപ്പള്ളം സെൻറ് തോമസ് ആർട്സ് ക്ലബ്, ജവഹർ റിക്രിയേഷൻ ക്ലബ്, ഇതിഹാസ് തിയറ്റേഴ്സ്, കോസ്മോസ്, ആരണ്യ റിക്രിയേഷൻ ക്ലബ് ആൻഡ് ലൈബ്രറി, കൈരളി ലൈബ്രറി ആൻഡ് റിക്രിയേഷൻ ക്ലബ്, വൈസ്മെൻസ് ക്ലബ്, ശക്തി ക്ലബ് എന്നീ സാമൂഹ്യ സാംസ്ക്കാരിക സ്ഥാപനങ്ങൾ വിവിധ കാലഘട്ടങ്ങളിലായി കുമളിയിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഇതിൽ അട്ടപ്പള്ളം സെൻറ് തോമസ് ദേവാലയം കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിവന്ന സെൻറ് തോമസ് ആർട്സ് ക്ലബ് കുമളിയുടെ ആദ്യകാല സാംസ്ക്കാരിക ചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്ലബിൻെറ ആഭിമുഖ്യത്തിൽ അവതരിപ്പിച്ചിരുന്ന പല നാടകങ്ങളും പ്രൊഫഷണൽ നിലവാരമുള്ളവയായിരുന്നു.

നിലവിലുള്ള ആറു വായനശാലകൾ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ആരണ്യാ റിക്രിയേഷൻ ക്ലബ് & ലൈബ്രറി, കൈരളി വായനശാല, ജയകേരള വായനശാല, സ്വപ്നാ ലൈബ്രറി, നാഷനൽ പ്രോഗ്രസീവ് ക്ലബ് & ലൈബ്രറി, കുമളി പഞ്ചായത്ത് ലൈബ്രറി എന്നിവയാണ് അവ. പ്രവർത്തനം മന്ദീഭവിച്ചതും നിയമപരമായ നിബന്ധനകൾക്കു വിധേയമല്ലാതെയും ഉള്ള ക്ലബുകളും കലാസമിതികളും പഞ്ചായത്തിൻെറ മിക്ക വാർഡുകളിലും ഉണ്ട്.

സാമൂഹ്യ സാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്ന കുമളിയിലെ പ്രമുഖ പ്രസ്ഥാനങ്ങളാണ് വൈ. എം. സി. എ., ചൈതന്യാ ഫിലിം സൊസൈറ്റി, ശാസ്ത്ര സാഹിത്യ പരിഷത്ത്, ഉപാസന, സമഭാവന, നവധാരാ, ഫാർമേഴ്സ് ക്ലബ്ബ് എന്നിവ. സിനിമകൾ, നാടകങ്ങൾ, നൃത്തം തുടങ്ങിയ കലാപരിപാടികൾ എന്നിവ പ്രദർശിപ്പിക്കുവാനും സാംസ്ക്കാരിക നായകന്മാരുടെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുവാനും ചൈതന്യാ ഫിലിം സൊസൈറ്റി എന്നും മുൻപന്തിയിലുണ്ട്. കുമളി ടൗണിൽ സ്വന്തമായി 50 സെൻറ് സ്ഥലവും കെട്ടിടവും ജിംനേഷ്യവും കോർട്ടും ഉള്ള വൈ. എം. സി. എ.യിലെ സൗകര്യങ്ങൾ കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഇവിടെ പഞ്ചായത്ത് സാംസ്ക്കാരികനിലയവും റൂറൽ സ്പോർട്സ് സെൻററും പ്രവർത്തിക്കുന്നുണ്ട്. സാംസ്ക്കാരിക നിലയത്തിന് ദിനപ്പത്രങ്ങൾ നൽകുന്നതൊഴിച്ചാൽ പഞ്ചായത്തിൻെറ കാര്യമായ സഹായം ഉണ്ടാവുന്നില്ല. വായനശാല വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും നടത്തുന്നില്ല.

പഞ്ചായത്തിൽ എല്ലാ വർഷവും തുടർച്ചയായി നടത്തുന്ന ഒരു പൊതു ആഘോഷമാണ് വന്യജീവി വാരാഘോഷം. അടുത്തകാലത്തായി ഇതിൽ പൊതുജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി കാണുന്നു.

പഞ്ചായത്തിൽ ഹിന്ദുക്കൾ, മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ എന്നിവരാണു പ്രബല മതവിഭാഗങ്ങൾ. കുമളി ശ്രീ മഹാഗണപതി ഭദ്രകാളി ക്ഷേത്രം, തേക്കടി ദേവീക്ഷേത്രം എന്നിവിടങ്ങളിലെ ഉൽസവങ്ങൾ, കുമളി ലൂർദ്ദ് ദേവാലയം, അട്ടപ്പള്ളം സെൻറ് തോമസ്, കുമളിയിലെ മാർത്തോമ്മാ, ഓർത്തഡോക്സ്, യാക്കോബായ പള്ളികളിലെയും തിരുനാളുകൾ, കുമളി ഷംസുൽ ഇസ്ലാം ജുമാ മസ്ജിദിലെ നബിദിനം, കുമളി ട്രൈബൽ സെറ്റിൽമെൻറിലെ രണ്ട് കുടികളിലെയും ഉൽസവങ്ങൾ എന്നിവയുമാണ് പ്രധാന മതപരമായ ആഘോഷങ്ങൾ. ഈ ആഘോഷങ്ങളിൽ, ഉൽസവങ്ങൾ പൊതു പണപ്പിരിവു നടത്തിയും ക്രിസ്ത്യൻ പള്ളികളിൽ തിരുനാളിന് ഇടവക അംഗങ്ങളിൽനിന്ന് സമാഹരിച്ചും ചിലർ പൊതു പണപ്പിരിവ് നടത്തിയുമാണ് ചെലവുകൾക്കുള്ള മാർഗ്ഗം കണ്ടെത്തുന്നത്. മുസ്ലിം സമുദായത്തിൻെറ ആഘോഷങ്ങൾ സമുദായ അംഗങ്ങൾക്കിടയിൽനിന്ന് ധനം

സമാഹരിച്ച് നടത്തുന്നു.

മേൽവിവരിച്ച വിവിധ മത ആഘോഷങ്ങൾ നടക്കുന്ന സമയത്ത് പ്രദക്ഷിണം, എഴുന്നള്ളിപ്പ് എന്നീ മത ചടങ്ങുകളെ അന്യമതസ്ഥർ സ്വീകരിച്ച് ബഹുമാനിക്കുന്ന ഒരു നല്ല വഴക്കം കുമളിയിൽ കണ്ടിരുന്നു. ഇത് വളരെ മാതൃകാപരവും അഭിനന്ദനം അർഹിക്കുന്ന സംഗതിയുമാണ്. ഈ മാതൃക തുടരാൻ നമുക്കു കഴിയേണ്ടതാണ്.

ഗ്രാമീണ വായനശാല പ്രയോജനപ്പെടുത്തുന്നത് മുഖ്യമായും ചെറുപ്പക്കാരും യുവാക്കളുമാണ്. നിലവാരമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നതിൽ ജാഗ്രത പുലർത്തുന്നവർ പൊതുവിൽ കുറവാണെന്നു പറയാം. മേന്മയും മൂല്യങ്ങളുമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്തു വായിക്കാൻ ശ്രമിക്കുന്ന കുറെ പേരെങ്കിലും നമ്മുടെ ഗ്രാമത്തിലും ഉണ്ടെന്നത് ആശാവഹമാണ്. സാമൂഹ്യ ഉൾക്കാഴ്ചയുള്ളതും മൂല്യങ്ങളുള്ളതുമായ ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്ത് വായിക്കാൻ വേണ്ട പ്രചാരണവും ഇതിലേക്കുള്ള മാർഗ്ഗനിർദ്ദേശവും ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് നടക്കേണ്ടതായുണ്ട്. ഇതിന് പ്രയോജനപ്പെടുന്ന രീതിയിലുള്ള സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. പഞ്ചായത്തിൽ പ്രചാരംകൊണ്ട് പൈങ്കിളി സാഹിത്യമാണ് മുൻപിൽ നിൽക്കുന്നത്. നിലവാരമുള്ള പ്രസിദ്ധീകരണങ്ങൾ ചെറിയതോതിൽ ആളുകൾ വാങ്ങാറുണ്ട്.

കേരളത്തിൽ പ്രചാരത്തിലുള്ള മുഴുവൻ വർത്തമാനപത്രങ്ങളും എണ്ണത്തിൽ ഏറിയും കുറഞ്ഞും ഇവിടെ പ്രചരിക്കുന്നുണ്ട്. ഇംഗ്ലീഷ്, തമിഴ് ഭാഷകളിലെ പ്രമുഖ ദിനപത്രങ്ങളും കുറഞ്ഞ കോപ്പികൾ പ്രചാരത്തിലുണ്ട്. കുട്ടികൾക്കുവേണ്ടി പുറത്തിറക്കുന്ന ചിത്ര - ഹാസ്യകഥാ പ്രസിദ്ധീകരണങ്ങളും ധാരാളം എത്തുന്നുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘടനകളിൽ കുറെ എണ്ണം അക്ഷരാർത്ഥത്തിൽ കടലാസ് സംഘടനകളാണെന്ന് കാണാം. എന്നാൽ ചിലത് പ്രവർത്തിച്ചാൽ മുന്നോട്ടുവരാൻ കഴിയുന്നവയാണ്. ഗ്രാമീണ വായനശാലകളും ക്ലബുകളും തമ്മിലും അനാരോഗ്യകരമായ കിടമൽസരം കണ്ടുവരുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. ഇതും തിരുത്തപ്പെടേണ്ടതാണ്. ഗ്രാമീണ ഗ്രന്ഥശാലകളും സമാനപ്രസ്ഥാനങ്ങളും നമ്മുടെ ചുറ്റുപാടിൽ എങ്ങനെ പ്രവർത്തിക്കണം എന്നതിനെപ്പറ്റി വേണ്ടത്ര ധാരണ ഇല്ലായ്മ ഇതിന് കാരണമായി കരുതാം. സമൂഹത്തിലെ പരമാവധി ആളുകളെയും സ്ത്രീകളെയും ഗ്രന്ഥശാലയിൽ അംഗങ്ങളാക്കുകയും പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളിലും സാംസ്ക്കാരികവേദികളിലും ഇന്ന് പലപ്പോഴും കടന്നുവരുന്ന കക്ഷി രാഷ്ട്രീയ അതിപ്രസരവും അതേത്തുടർന്നുള്ള അഭിപ്രായ വ്യത്യാസങ്ങളും ഇത്തരം പ്രസ്ഥാനങ്ങളുടെ മുൻപോട്ടുള്ള പ്രവർത്തനത്തെ പലപ്പോഴും ദോഷപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വേദികളിലെങ്കിലും കക്ഷി രാഷ്ട്രീയം വിഷയമായി എടുക്കാതെ ഗ്രാമത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നതായാൽ ഈ അഭിപ്രായ വ്യത്യാസം നമുക്ക് ഒഴിവാക്കുവാൻ കഴിയും.

ഇലക്ട്രോണിക് ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളുടെ തള്ളിക്കയറ്റം നമ്മുടെ കുട്ടികൾക്കിടയിലും അനാരോഗ്യകരമായ പ്രവണതകൾ രൂപപ്പെടുത്തുവാൻ കാരണമായി. ഗ്രാമാന്തരീക്ഷത്തിലെ ഓടിക്കളികളും അയലത്തെ കൂട്ടുകാരെ കണ്ടെത്താനുള്ള മനസും അച്ഛനമ്മമാരേയും സഹോദരങ്ങളേയും സ്നേഹിക്കാനുള്ള ബോധവും അവന് നഷ്ടപ്പെടുന്നു. കേബിൾ ടി.വി. യിലെ മായിക ലോകവും പോപ്പ് സംഗീതത്തിൻെറയും ലഹരി കുഞ്ഞുങ്ങളെയും ബാധിച്ചിരിക്കുന്നു. ഗ്രാമാന്തരീക്ഷം ഉപേക്ഷിച്ച അവൻ ഇന്ന് ക്രിക്കറ്റിൻെറ പിന്നാലെയാണ്. അവൻെറ ആരാദ്ധ്യർ ഇന്ന് വിദേശത്തെ ക്രിക്കറ്റ് താരങ്ങളാണെന്നു കാണാം. ഇക്കാരണത്താൽ തന്നെ വളർന്നു വരുന്ന തലമുറയിൽ എത്രപേർക്ക് നമ്മുടെ നാടിനെ സ്നേഹിക്കാൻ കഴിയുമെന്ന കാര്യം കണ്ടറിയേണ്ടിയിരിക്കുന്നു. ആധുനിക ലോകത്തിലെ ഇതര സംസ്കാരങ്ങളിൽനിന്ന് ഉൾക്കൊള്ളാവുന്നവ സ്വീകരിച്ചും, നമ്മുടെ പാരമ്പര്യവും ശ്രേഷ്ഠമായ ധാർമ്മിക മൂല്യങ്ങളും സാംസ്ക്കാരിക പാരമ്പര്യവും നിലനിർത്തി മുന്നോട്ടു പോകുവാനും നമുക്കു കഴിയണം. യുവാക്കളുടെ ഇടയിലെ പ്രശ്നങ്ങൾ ഇതിലും ഗൗരവം നിറഞ്ഞതും സങ്കീർണ്ണവുമാണെന്ന് കാണാം. കമ്പോള സംസ്ക്കാരത്തിൻെറയും ആഗോളവൽക്കരണത്തിൻെറയും ഉൽപാദന വിപണനത്തിൻെറയും മുഖ്യ ഉപാധിയായ ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്കും കച്ചവട സിനിമയ്ക്കും അടിമപ്പെട്ടു പോകുന്ന ഇവർ വായനക്കായി

സമയം കണ്ടെത്താറില്ല. കുറെ പേരെങ്കിലും മദ്യം, മയക്കുമരുന്ന്, മറ്റ് ക്രിമിനൽ പ്രവൃത്തികൾ എന്നീ സാമൂഹിക തിന്മകളിൽപെട്ടു . നശിച്ചു പോകുന്നുണ്ട്. തൊഴിലില്ലായ്മയും മറ്റ് സാമൂഹ്യപ്രശ്നങ്ങളും ഭാവിയെപ്പറ്റി ഇവർക്ക് ആശങ്ക വർദ്ധിക്കാൻ കാരണമാകുന്നു. യുവതി യുവാക്കളുടെ സാമൂഹ്യ പ്രശ്നങ്ങൾ പലപ്പോഴും മാതാപിതാക്കൾക്കും ചില ഇടങ്ങളിൽ സമൂഹത്തിനുതന്നെയും തലവേദനയായിത്തീരുന്ന സന്ദർഭങ്ങളും ഉണ്ട്. കുടുംബം – സമൂഹം എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കാനും ഈ വക പ്രശ്നങ്ങളെ കഴിയുന്നത്ര സൂക്ഷ്മമായി വിലയിരുത്തുവാനും നമ്മുടെ യുവതലമുറ തയ്യാറാകേണ്ടതുണ്ട്. നമ്മുടെ സാംസ്ക്കാരിക രംഗത്തെ പ്രവർത്തനത്തിൽ ഇതിനെ മുൻകൂട്ടി കണ്ട് ചില പദ്ധതികൾ രൂപപ്പെടുത്തണം. വനിതകളുടെ രംഗത്തും ഇത്തരം സാംസ്കാരിക പ്രശ്നങ്ങൾ കണ്ടെത്താം. അവയൊക്കെ വനിതാക്ഷേമം എന്ന അദ്ധ്യായത്തിൽ കണ്ടുവല്ലോ. അതിവിടെ വീണ്ടും ആവർത്തിക്കുന്നില്ല.

കായികരംഗത്ത് കുമളിയുടെ സംഭാവന നിസ്സാരമല്ല. കഴിഞ്ഞകാലത്ത് കുറെ കായികപ്രേമികളും കായികപ്രതിഭകളും ഉണ്ടായിരുന്നുവെങ്കിലും അവരുടെ പിൻതലമുറ ഈ രംഗത്ത് ഉഷാറായില്ലെന്നു കാണാം. ഇപ്പോൾ കുറെ ചെറുപ്പക്കാർ ഈ രംഗത്ത് താല്പര്യമുള്ളവരായി വന്നിട്ടുണ്ട്. അവരെ പ്രോൽസാഹിപ്പിക്കാനും ഉയർത്തിക്കൊണ്ടുവരാനുമുള്ള ഒരു കായിക നേതൃത്വം നമുക്കാവശ്യമാണ്. റൂറൽ സ്പോർട്സ് സെൻറർ പ്രവർത്തിക്കുന്നുവെങ്കിലും ഈ രംഗത്ത് ഇനിയും പോരായ്മകൾ ധാരാളമാണ്. കളരികളേക്കാൾ കരാട്ടേയ്ക്കു പ്രചാരം ഏറിയിട്ടുണ്ട്. സ്കൂളുകളിലെ കായിക പ്രവർത്തനവും പരിശീലനപരിപാടികളും ഊർജ്ജിതമല്ല.

ഗ്രാമങ്ങളിലെ ചെറുമൈതാനത്തുനിന്നും കായികപരിശീലനത്തിനുള്ള പാഠങ്ങൾ കുട്ടികളിൽ ചെറുപ്രായത്തിൽതന്നെ ആരംഭിക്കേണ്ടതാണെന്ന ധാരണ നമുക്ക് ഇനിയും ഉണ്ടായിട്ടില്ല. ഇപ്പോൾ നമുക്കുള്ള അതുല്യ കായിക പ്രതികളിൽ പലരും സ്വന്തം ഗ്രാമങ്ങളിലെ ചരൽ നിറഞ്ഞ റോഡുകളിലും വേനൽകാലത്ത് കൊയ്ത് ഒഴിഞ്ഞ് ഉണങ്ങിയ വയലുകളിലും ഓടി പരിശീലിച്ചവരാണ്. കായികമേഖല എടുത്താൽ ഇന്നു നാം ആദ്യമായി ചിന്തിക്കുന്നത് സ്പോർട്സ് സ്കൂളുകളെപ്പറ്റിയാണ്. നമ്മുടെ ഗ്രാമത്തിലെ സ്കൂളുകളിൽ പലതിന്റെയും വിശാലമായ ഗ്രൗണ്ടുകൾ നാം പ്രയോജനപ്പെടുത്തി കുട്ടികൾക്കു പരിശീലനം നൽകാൻ ശ്രമിക്കേണ്ടതാണ്.

കായികരംഗത്തെപ്പറ്റി പറയുമ്പോൾ ഒരു കാര്യം കൂടി സൂചിപ്പിക്കേണ്ടതുണ്ട്. കുമളിയിലെ കായികപ്രേമികൾ തങ്ങളുടെ കായിക മൽസരങ്ങക്കും പരിശീലനത്തിനും ആദ്യകാലം മുതൽ ഗ്രൗണ്ടായി ഉപയോഗിച്ചിരുന്നത് തേക്കടി വനാതിർത്തിയിൽ ഉൾപ്പെട്ടു കിടന്നിരുന്ന ആനവാച്ചൽ മൈതാനമാണ്. എന്നാൽ വനംവകുപ്പ് ഈ മൈതാനത്തിലേക്കുള്ള പ്രവേശനം നിരോധിക്കുകയും മണ്ണിട്ടു നികത്തി നിരവധി കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. കുമളി നിവാസികൾക്ക് കായികവിനോദങ്ങൾക്കായി ഇപ്പോൾ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല. പ്രസ്തുത ആനവാച്ചൽ ഗ്രൗണ്ടിനു എതിർവശത്തായി വനത്തിന്റെ യാതൊരു സ്വഭാവത്തിലും പെടാത്ത കുറെയധികം ഏക്കർ ഭൂമി വെറുതെ കിടപ്പുണ്ട്. കുമളിയിലെ ജനങ്ങളുടെ പൊതു ആവശ്യമെന്ന നിലയിലും കായികതാരങ്ങളുടെ പരിശീലനത്തിന് അത്യന്താപേക്ഷിതമെന്ന നിലയിലും ഈ ഭൂമിയിൽനിന്നും കുറെഭാഗം സ്റ്റേഡിയത്തിനായി പഞ്ചായത്തിന് സൗജന്യമായി തരേണ്ടതാണ്. എന്നാൽ അപ്രകാരം വിട്ടുതരുന്നതിന് ഏതെങ്കിലും നിയമതടസ്സം ഉള്ളപക്ഷം ടി ഭൂമി പാട്ട വ്യവസ്ഥയിൽ വിട്ടുതരേണ്ടതാണ്.

ഈ പ്രദേശത്തോടു വളരെയടുത്താണ് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കോളനികൾ സ്ഥിതിചെയ്യുന്നത്. അവരുടെ വിനോദങ്ങൾക്കും പരിശീലനത്തിനും ഇത് ഏറെ സഹായിക്കുമെന്നതും പ്രത്യേകം പറയട്ടെ.

കുമളിയിലെ ഹോളിഡേ ഹോം ആഡിറ്റോറിയം കുമളി നിവാസികൾക്ക് എന്നല്ല എല്ലാ പ്രദേശത്തെയും ജനങ്ങൾക്ക് ഇത് ഏറെ പ്രയോജനമുള്ളതാകുന്നു. ഇതിൽ പ്രതിധ്വനി ഒരു വലിയ പ്രശ്നമാണ്. ഇത് മാറ്റാൻ കാലാകാലങ്ങളായി നിർദ്ദേശമുണ്ടെങ്കിലും നടക്കുന്നില്ല. ഈ ആഡിറ്റോറിയം പ്രതിധ്വനി ഇല്ലാതാക്കി ആധുനീകരിക്കേണ്ടതാകുന്നു.

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളുടെ അപര്യാപ്തതയും, ഉള്ളവ പ്രയോജനപ്പെടുത്തുന്നതിലെ പിഴവും
2. കലാ സാംസ്കാരികരംഗത്ത് ലക്ഷ്യബോധം വളർത്തുവാൻ പോരുന്ന പ്രവർത്തനത്തിന്റെ

പോരായ്മ

3. വിദ്യാലയങ്ങളിലെ കലാ - കായികരംഗത്തെ പ്രവർത്തനങ്ങളിലെ കാര്യക്ഷമത കുറവ്

4. ഗ്രാമീണ കലാ സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ നേരിടുന്ന പരാധീനതകൾ

5. ക്ലബുകളും വായനശാലകൾ തമ്മിലും ക്ലബുകൾ തമ്മിൽ തമ്മിലും ഉണ്ടാവുന്ന ആരോഗ്യകരമല്ലാത്ത മൽസരബുദ്ധി.

6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ചില പ്രദേശങ്ങളിൽ കണ്ടുവരുന്ന സാംസ്കാരിക അധഃപതനം.

7. ഇലക്ട്രോണിക് രംഗത്തെ ദൃശ്യ - ശ്രാവണ്യമാദ്ധ്യമങ്ങൾ വിശേഷിച്ചും കേബിൾ ടിവിയുടെയും സ്വാധീനത്തിൽപ്പെട്ട് ഉണ്ടാവുന്ന ജീർണ്ണതയും മൂല്യതകർച്ചയും.

8. മദ്യപാനം - വ്യഭിചാരം തുടങ്ങിയ അസാന്മാർഗ്ഗിക തിന്മകൾ ഉയർത്തുന്ന ദോഷ പ്രവണതകൾ

9. വിവാഹച്ചടങ്ങുകൾക്കും കുടുംബങ്ങളിലെ മറ്റു വിശേഷങ്ങൾക്കും ഒരുക്കുന്ന ആർഭാടങ്ങൾ.

10. കുട്ടികൾ, യുവാക്കൾ, യുവതികൾ ഇവരുടെ ഇടയിൽ പ്രത്യക്ഷപ്പെട്ടു കാണുന്ന നിലവാരത്തകർച്ച.

11. വിദേശ ടൂറിസ്റ്റുകൾ ഉയർത്തുന്ന സാംസ്ക്കാരിക ജീർണ്ണതകൾ

12. സ്ത്രീകളെ ഉപഭോഗ വസ്തുവാക്കാനുള്ള വ്യഗ്രത വർദ്ധിച്ചുകാണുന്നത്.

13. പൊതുരംഗത്തെ ധൂർത്ത്, അഴിമതി, ആർഭാടം, സ്വജനപക്ഷപാതം, അധികാര ദുർവിനിയോഗം. എന്നിങ്ങനെയുള്ള സാമൂഹ്യ തിന്മകൾ ഉയർത്തുന്ന പ്രശ്നങ്ങൾ.

## സാധ്യതകൾ (പൊതുവായ കാര്യങ്ങൾ സംബന്ധിച്ച്)

1. പഞ്ചായത്തിലെ മിക്ക വാർഡുകളിലുമുള്ള ഗ്രന്ഥശാലകൾ പരിഷ്കരിക്കുകയും ആയത് നവീകരിച്ച് പ്രവർത്തനം നടത്തേണ്ടതുമാണ്. ഈ സൗകര്യമില്ലാത്ത വാർഡുകളിൽ പുതിയവ ആരംഭിക്കുകയും ചെയ്യുക. ഗ്രന്ഥശാലകൾക്കു നൽകുന്ന ഗ്രാൻറ് ഉയർത്തുക.

2. കലാ സാംസ്കാരികരംഗത്ത് ലക്ഷ്യബോധം ഉണ്ടാകത്തക്കവിധമുള്ള പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്. ലൈബ്രറികളുടെ രംഗത്ത് മൂല്യമുള്ള പുസ്തകങ്ങൾ വായിക്കുവാൻ ആളുകളെ പ്രേരിപ്പിക്കത്തക്കവിധത്തിൽ സെമിനാറുകൾ, ചർച്ചാ സമ്മേളനങ്ങൾ, ക്ലാസുകൾ ഇവ സംഘടിപ്പിക്കുക, സഞ്ചരിക്കുന്ന (മൊബൈൽ) ലൈബ്രറികൾ തുടങ്ങുക.

3.(എ) വിദ്യാലയങ്ങളിൽ കലാ - കായിക പരിശീലനങ്ങളും മൽസരങ്ങളും ഇന്നുള്ള മുരടിപ്പും ജീർണ്ണതയും മാറ്റി അവ നല്ല രീതിയിൽ നടത്തണം.

(ബി) യു. പി. ക്ലാസുകളിൽ കലാ കായിക മൽസരരംഗത്ത് നല്ല പ്രകടനം നടത്തി വിജയികളാവുന്ന കുട്ടികൾക്ക് കലാ - കായിക രംഗത്തെ അവരുടെ മെരിറ്റിൻെറ അടിസ്ഥാനത്തിൽ "ടാ



ലൻറ് കാർഡ്" ഏർപ്പെടുത്താൻ കഴിയും. തുടർന്നുള്ള ക്ലാസുകളിൽ ഇങ്ങനെയുള്ളവരെ വേഗത്തിൽ കണ്ടെത്തി തുടർ പരിശീലനം കൊടുക്കാൻ ഇതു സഹായിക്കും.

4. ഗ്രാമീണ കലാ - കായികരംഗത്ത് ആത്മാർത്ഥതയുള്ള നേതൃത്വത്തിന്റെ അഭാവവും പ്രവർത്തകരുടെ കുറവുമുണ്ട്. ഇത് പരിഹരിക്കാൻ നിസ്വാർത്ഥരായ കൂടുതൽ ആളുകളെ ഈ പ്രസ്ഥാനങ്ങളിൽ ബന്ധപ്പെടുത്തുവാൻ പരിശ്രമിക്കുക. ഗ്രാമത്തിലെ ജനങ്ങളെ യൊചിപ്പിച്ച് കൂട്ടായ ശക്തിപ്പെടുത്തുവാനുതകുന്നതരത്തിൽ ഗ്രാമോൽസവം നടത്തേണ്ടതാണ്.

5. സാംസ്ക്കാരിക പ്രവർത്തനം അവരവരുടെ സംഘടനകളുടെ അതിർത്തിയിൽ നിർത്തിക്കൊണ്ട് അതാത് പ്രസ്ഥാനങ്ങൾ മെച്ചപ്പെടുന്നതിനുള്ള ശ്രമം നടത്തുക. ക്ലബുകളുടെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മാനദണ്ഡം കൊണ്ടുവരിക.

6. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ മതിയായ തോതിൽ സാംസ്ക്കാരിക കലാപ്രവർത്തനം സംഘടിപ്പിക്കുക. നാടൻ കലകൾ, ആദിവാസി കലകൾ, തമിഴ് പാരമ്പര്യകലകൾ എന്നിവ കണ്ടെത്തി പ്രോൽസാഹിപ്പിക്കാൻ കലാ - കായികരംഗത്ത് താല്പര്യമുള്ളവരുടെ ഒരു പ്രത്യേക സമിതി തന്നെ പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

7. ഇലക്ട്രോണിക് ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾ അടിസ്ഥാന പഠനത്തിന് വിധേയമാക്കി ഇവയുടെ ഗുണ - ദോഷവശങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പോരുന്ന തരത്തിൽ പ്രചാരണങ്ങൾ നടത്താവുന്നതാണ്. ഇതിലേക്ക് ടിവി പ്രേക്ഷകരുടെ മേഖല തിരിച്ചുള്ള ആസ്വാദക ക്ലബ് രൂപീകരിച്ചുകൊണ്ട് ജനങ്ങളെ പ്രവർത്തനനിരതരാക്കണം.

8. മദ്യം, മയക്കുമരുന്ന്, സാമൂഹ്യ തിന്മകൾ എന്നിവയ്ക്കെതിരെ നല്ല പ്രചാരണം സംഘടിപ്പിക്കണം. ഇതിന്റെ ദോഷവശങ്ങൾ ചൂണ്ടിക്കാണിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

9. വിവാഹംപോലെയുള്ള ചടങ്ങുകളുടെ ആർഭാടം പരമാവധി കുറച്ചുകൊണ്ടുവരാനുള്ള ഉയർന്ന ബോധം ഉണ്ടാകേണ്ടതാണ്.

10. കുട്ടികൾ, യുവാക്കൾ, യുവതികൾ ഇവരിൽ ലക്ഷ്യബോധവും, സാമൂഹ്യബോധവും ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ അവരുടെ ഇടയിൽ കലാ - കായിക സാംസ്ക്കാരിക പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം ഉണ്ടാവണം.

11.(എ) ടൂറിസത്തിന്റെയും ടൂറിസം പുരോഗതിയുടെയും മറ്റും പേരിൽ സ്ത്രീകളെ ഉപഭോഗ ചരക്ക് ആക്കുന്ന പ്രവണത ഏറി വരുകയാണ്. ഇതിനെതിരെ ശക്തമായ പ്രചരണവും ചെറുത്തുനില്പും വേണം. ടൂറിസം വ്യവസായപുരോഗതിയുടെ പേരിൽ ധാർമ്മികമൂല്യങ്ങളെ ബലികഴിക്കുന്നതിന്റെ പൊള്ളത്തരങ്ങളെ തുറന്നുകാട്ടാനും നമുക്കു കഴിയണം.

(ബി) ടൂറിസം രംഗത്തു പ്രവർത്തിക്കുന്ന ഹോട്ടലുകളും ലോഡ്ജുകളുമായി ബന്ധപ്പെട്ടവർ ഗൈഡുകൾ അതോടൊപ്പം ഈ മേഖലയുമായി സഹകരിച്ചു പ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം ധാർമ്മിക സദാചാര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ ശ്രമിക്കേണ്ടതാണ്.

12. പൊതുരംഗത്ത് ഇന്ന് കാണുന്ന ധൂർത്തും ആർഭാടവും അഴിമതിയും നിയന്ത്രിക്കപ്പെടേണ്ടതാണ്

## വാർഡുകളിലെ നിർദ്ദേശങ്ങൾ

വാർഡ് 1: ഇവിടെ ഒരു വായനശാല സ്ഥാപിക്കേണ്ടതാകുന്നു.

വാർഡ് 1, 2: ഈ വാർഡുകൾ കേന്ദ്രീകരിച്ച് പൊതു ടിവി സെറ്റുകൾ അനുവദിക്കണം.

വാർഡ് 3: ആനവാച്ചാൽ മൈതാനം വനംവകുപ്പ് എടുത്ത സ്ഥിതിക്ക് മൈതാനത്തിന്റെ മുൻപിൽ കിടക്കുന്ന സ്ഥലത്തുനിന്നും ഒരു കളിസ്ഥലത്തിന് ആവശ്യമുള്ള സ്ഥലം പഞ്ചായത്തിന് സൗജന്യമായി തരേണ്ടതാകുന്നു. കുമളി ഹോളിഡേ ഹോമിലെ പ്രതിധ്വനി ഇല്ലാതാക്കി ആധുനീകരിക്കുക.

വാർഡ് 11: ആനക്കുഴിയിൽ ടിവി പ്രദർശനകേന്ദ്രം അനുവദിക്കണം.

വാർഡ് 13: പമ്പാവാലി ഒരു സാംസ്ക്കാരനിലയത്തിന്റെ പ്രയോജനം ഉണ്ടാകത്തക്കവിധം കെട്ടിടവും സ്ഥലവും അനുവദിക്കണം. കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തുമ്പോഴും ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ നടത്തുമ്പോഴും ഈ വാർഡിന് മുൻഗണന നൽകുക.

# കുമളി ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ വിവരം

| നമ്പർ | പേര് | പുസ്തകങ്ങളുടെഎണ്ണം | വരുത്തുന്ന ദിനപ്പത്രങ്ങൾ | സ്വന്തമായി വാരിക/മാസിക | സ്ഥലം/കെട്ടിടം |
|---|---|---|---|---|---|
| 1. | കൈരളി ലൈബ്രറി റിക്രിയേഷൻ ക്ലബ് 1-ാം മൈൽ | 5304 | 5 | 10 | ഉണ്ട് |
| 2. | ജയകേരള വായനശാല അമരാവതി | 2883 | 4 | 10 | ” |
| 3. | നാഷണൽ പ്രോഗ്രസീവ് ക്ലബ്ബ് / ലൈബ്രറി സ്പ്രിംഗ് വാലി | 2223 | 1 | 7 | ” |
| 4. | സ്വപ്ന ലൈബ്രറി റിക്രിയേഷൻ ക്ലബ്ബ് വെള്ളാരംകുന്ന് | 2200 | 2 | 10 | ” |
| 5. | ആരണ്യാ ലൈബ്രറി റിക്രിയേഷൻ ക്ലബ് തേക്കടി | 2018 | 5 | 4 | ” |
| 6. | പഞ്ചായത്ത് സാംസ്കാരികനിലയം | 1066 | 10 | 1 | ” |

# 5.12 വിഭവ സമാഹരണം




ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഉൾപ്പെടുന്ന കുമളി ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. തേക്കടി എന്ന വിനോദസഞ്ചാരകേന്ദ്രത്തിൻെറ സാമീപ്യമാണ് കിഴക്കൻ മലനിരകളിലെ ഈ കൊച്ചുപട്ടണത്തിന് ഏറെ പ്രശസ്തി നൽകിവരുന്നത്. അതോടൊപ്പം ലോകത്തെമ്പാടുനിന്നും ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന നാടെന്ന നിലയിൽ കുമളി ടൗണിനെ കേന്ദ്രീകരിച്ച് വളരെയധികം വികസന പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. വിദേശനാണ്യം നേടിത്തരുന്ന വ്യവസായം എന്ന നിലയിൽ ടൂറിസത്തെ പ്രോൽസാഹിപ്പിക്കേണ്ടതും അതുവഴി ഒരു പ്രധാന വരുമാനമാർഗ്ഗമായി മാറ്റേണ്ടതും കുമളിയുടെ പുരോഗതിക്ക് അവശ്യഘടകമാണ്. ഇതോടൊപ്പം പഞ്ചായത്തിലെ ഭൂരിപക്ഷം ജനവിഭാഗങ്ങളും ആശ്രയിക്കുന്ന കാർഷികമേഖലയുടെ വളർച്ചയെ ലക്ഷ്യമാക്കി ഉൽപാദനക്ഷമമായ കാര്യങ്ങളിലേക്കും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൻെറ തനതു വരുമാനമാർഗ്ഗങ്ങളിൽ മാത്രം ആശ്രയിക്കാതെ ടൂറിസം മേഖലയിൽനിന്നും വ്യാപാരമേഖലയിൽനിന്നും പുതിയ വരുമാനമാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടും ഭരണച്ചെലവ് കുറച്ചുകൊണ്ടും കുമളിയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾക്ക. ഗതിവേഗം കൂട്ടേണ്ടതാണ്.

## കുമളി ഗ്രാമപഞ്ചായത്തിൻെറ വരവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 9,17,663.70 | 5,78,573.80 | 3,39,089.90 |
| തൊഴിൽ നികുതി | 5,03,181.00 | 2,59,420.00 | 2,43,7611 |
| വിനോദനികുതി | 41,944.40 | 41.944.40 | NIL |
| അഡീ. നികുതി | 25,292.60 | 25292.60 | NIL |
| പ്രദർശന നികുതി സർചാർജ് | 3733.00 | 3733.00 | NIL |
| ബസ് സ്റ്റാൻഡ് | 58,850.00 | 58,850.00 | NIL |
| കെട്ടിട വാടക | 1,77,084.00 | 1,34,132.00 | 22,952.00 |

| | | | | |
|---|---|---|---|---|
| ലൈസൻസ് ഫീ | 32,553.00 | 32,533.00 | NIL | |
| വസ്തു കൈമാറ്റ വരവ് | 8,28,474.00 | 8,28,474.00 | NIL | |
| ഡെപ്പോസിറ്റ് | 1,47,575.00 | 1,47,575.00 | NIL | |
| മറ്റു വരവുകൾ | 63,703.20 | | NIL | NIL |
| വസ്തു കൈമാറ്റം | 1,63,272.00 | 1,63,272.00 | NIL | |
| ലേലം | 44,517.00 | 44,517.00 | NIL | |
| അൺടൈഡ് ഫണ്ട് | 25,292.60 | 25,292.60 | NIL | |
| ആകെ | 30,24,135.60 | 23,43,604.40 | 6,05,802.90 | |

## ചെലവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| ഭരണം | 10,30,409.00 |
| പൊതുമരാമത്ത് | 9,50,209.00 |
| ജലവിതരണം | |
| ഓടകൾ, പൊതുജനാരോഗ്യം | 2,95,522.00 |
| തെരുവുവിളക്കുകൾ | 79,371.00 |
| മറ്റുള്ളവ | 2,72,068.00 |
| ആകെ | 26,27,579. |

## പൊതു സാമ്പത്തികനില

| പൊതുക്കണക്ക് | മൂലധന കണക്ക് | കടം | |
|---|---|---|---|
| വരവ് | 23,45,252.90 | 3,00,000.00 | 10,000.00 |
| ചെലവ് | 23,53,204.00 | 2,65,875.00 | 8500 |

## ധനകാര്യ സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ട്രാവൻകൂർ, കുമളി, ബ്രാഞ്ചുകൾ ചെങ്കര

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇടുക്കി ജില്ല

സഹകരണബാങ്ക്, അമരാവതി സർവ്വീസ് സഹകരണബാങ്ക്, ചെങ്കര സർവ്വീസ് സഹകരണബാങ്ക് എന്നിവയാണ് ഈ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ. പഞ്ചായത്തിലെ സാമ്പത്തിക ഇടപാടുകൾ ഏറെക്കുറെ കാര്യക്ഷമമെങ്കിലും മുഴുവൻ കൃഷിക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റുവാൻ ഈ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. വാണിജ്യബാങ്കുകൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് ആനുപാതികമായി ഈ പ്രദേശത്തു വായ്പ നൽകുന്നില്ല. കൂടാതെ വൻകിട തോട്ടമുടമകൾക്ക് വലിയ സംഖ്യ വായ്പ നൽകിക്കൊണ്ട് ടാർജറ്റ് പൂർത്തിയാക്കാനാണ് ഇത്തരം ബാങ്കുകൾ ശ്രമിക്കുന്നത്. സഹകരണ ബാങ്കുകളിലെ വർദ്ധിപ്പിച്ച പലിശനിരക്ക് സാധാരണക്കാരെ വിഷമിപ്പിക്കുന്നതാണ്.

വിദേശങ്ങളിൽപോയി മടങ്ങിവന്നവരും അവിടെ ജോലി ചെയ്യുന്നവരുമായ ആളുകളുടെ പണം ഫലപ്രദമായും ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തിയും വിനിയോഗിക്കണം. പഞ്ചായത്തിൽ നിന്നും പൊതുജനക്ഷേമത്തിനായി വിനിയോഗിക്കുന്ന പണം അഴിമതി ഇല്ലാതാക്കി നൂറുശതമാനം ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ സംവിധാനമുണ്ടാക്കണം. എല്ലാ വാർഡുകളിലും മാനുഷികശേഷി വിനിയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. വിഭവ സമാഹരണത്തിനു

പ്രതിബന്ധമായി പഞ്ചായത്തിൽ നിലനിൽക്കുന്ന ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ:

1. പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിലേറെ പണം കെട്ടിടനിർമ്മാണം തുടങ്ങിയവയ്ക്കായി ചെലവഴിക്കുന്നു. ഇവിടെ നിർമ്മിക്കാവുന്ന പലതും അന്യനാട്ടിൽനിന്ന് വാങ്ങി പണം അങ്ങോട്ട് ഒഴുകുന്നു.
2. നികുതി പിരിവ് കാര്യക്ഷമമല്ല
3. സംസ്ഥാന അതിർത്തി ആയതിനാലും നികുതി വ്യത്യാസമുള്ളതിനാലും നികുതിയിനത്തിൽ വൻതുക നഷ്ടപ്പെടുന്നു.
4. വ്യക്തികളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും നികുതി ശരിയാംവണ്ണം ലഭിക്കുന്നില്ല.
5. നികുതി പിരിവ് ഉദ്യോഗസ്ഥർ സത്യസന്ധത പുലർത്തുന്നില്ല.
6. ആഡംബരപ്രേമവും വിവാഹം തുടങ്ങിയ ആചാരങ്ങൾക്കുമായി ധൂർത്ത് നടത്തുന്നു.
7. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും ഗവൺമെൻറ് തലത്തിൽപോലും ആഘോഷങ്ങൾക്കായി പണം ചെലവഴിക്കുന്നു.
8. വിനോദനികുതി പൂർണ്ണമായും ലഭിക്കുന്നില്ല.
9. കുമളിയിൽ പ്രവർത്തിക്കുന്ന അന്യസംസ്ഥാനത്തെ വ്യാപാരികളും വ്യവസായികളും തൊഴിലാളികളും പണം ഇവിടെ വിനിയോഗിക്കുന്നില്ല.
10. അന്യസംസ്ഥാനങ്ങളിലെ ലോട്ടറി വില്പന ഇവിടെ വ്യാപകമാണ്.
11. മലയോരജില്ലയെന്ന ജില്ലയിൽ അനുവദിക്കുന്ന പദ്ധതികളിൽ ഏറെയും തൊടുപുഴ താലൂക്കിനാണ് ലഭിക്കുന്നത്. ഇതര താലൂക്കുകൾക്ക് അർഹതപ്പെട്ടത് ലഭിക്കുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്തിനു ലഭിക്കേണ്ട നികുതി പൂർണ്ണമായും പിരിച്ചെടുക്കുക.
2. നികുതി വെട്ടിപ്പ് തടയുകയും കൂടുതൽ മുതൽ മുടക്കുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുകയും ചെയ്യുക.
3. മുദ്രപ്പത്ര നികുതി വെട്ടിപ്പു തടയുക
4. തേക്കടിയിൽനിന്നുള്ള ടൂറിസം വരുമാനത്തിൻെറ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിനു ലഭ്യമാക്കുക.
5. ഭരണച്ചെലവ് കുറയ്ക്കുക
6. ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന് ആനുപാതികമായി കാർഷികമേഖലയിലും ടൂറിസം മേഖലയിലും വായ്പകൾ അനുവദിക്കുക.
7. സഹകരണമേഖലയെ ശക്തിപ്പെടുത്തുക.
8. ഉൽപാദന വർദ്ധനവിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
9. ശാസ്ത്രീയ കൃഷിരീതികൾ, പുഷ്പകൃഷി വികസനം നടപ്പാക്കുക
10. സർക്കാർ കണ്ടുകെട്ടുന്ന വാഹനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുക.
11. ടൂറിസം മേഖലയിൽ കൂടുതൽ മുതൽമുടക്കുക.

12. പി.ഡി.എസ്., എം.ഡി.എസ്. പോലുള്ള സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുക.

13. എല്ലാ വാർഡുകളിലും കർമ്മസേനകൾ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ ജനകീയസമിതികൾ വഴി നടപ്പാക്കുക.

14. അന്യസംസ്ഥാനങ്ങളിലെ ലോട്ടറി വില്പന നിരോധിക്കുക.

15. ജില്ലയിലെ താഴ്ന്ന പ്രദേശമായ (low range) തൊടുപുഴ താലൂക്കിലെ ഇടുക്കി ജില്ലയിൽനിന്ന് വേർപെടുത്തുക.

16. മലയോര ജില്ലയെന്ന പ്രത്യേക പരിഗണനവച്ച് അനുവദിക്കുന്ന പദ്ധതികൾ അതിനു യോജ്യമായ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ നടപ്പാക്കുക.

17. പ്രത്യുല്പാദനപരമായ മേഖലകളിൽ പണം നിക്ഷേപിക്കാനുള്ള പ്രേരണയും അതിനുള്ള പ്രോൽസാഹനവും നൽകണം.

18. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, മാംസം പാൽ, പച്ചക്കറി, മുട്ട, തുടങ്ങിയ ഇവിടെ ഉൽപാദിപ്പിച്ചാൽ അതിനുവേണ്ടി നിലവിൽ ചെലവഴിക്കുന്ന തുക സംസ്ഥാനത്തുതന്നെ വിനിയോഗിക്കാൻ കഴിയും.

19. വ്യക്തികളുടെ ധൂർത്തും ആഡംബരപ്രേമവും കുറച്ചുകൊണ്ടുവരുന്നതിനുള്ള കർമ്മപരിപാടികൾ വേണം. വിവാഹം, ജന്മദിനം തുടങ്ങിയ ചടങ്ങുകളോടനുബന്ധിച്ച് നടത്തുന്ന വിരുന്നുസൽക്കാരങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

20. സർക്കാർതല ആഘോഷപരിപാടികൾ പരിമിതപ്പെടുത്തുക.

21. സീസൺ വ്യാപാരികൾ യാതൊരു അനുമതിയുമില്ലാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അവരിൽനിന്നും ന്യായമായ ഫീസ് ഈടാക്കണം.

22. വില്പനനികുതി തുടങ്ങിയവ അന്യസംസ്ഥാനങ്ങളുടേതിന് തുല്യമാക്കുക.

# വനം

പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയിരിക്കുന്ന വനങ്ങളും അവയിലെ ജൈവ വൈവിധ്യങ്ങളും നിലനിർത്തുവാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്. മരം വളർത്തുക എന്നുള്ളത് പരമ്പരാഗതമായി നമ്മുടെ കൃഷിവികസന സങ്കല്പത്തിൻെറ ഭാഗമാണ.. ഈ ശീലത്തിന് പുതിയ മാനങ്ങൾ നൽകേണ്ടിയിരിക്കുന്നു. പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങൾ വനാന്തരങ്ങളോടൊപ്പം വനങ്ങളുമായി തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. അന്താരാഷ്ട്ര പ്രാധാന്യമുള്ള തേക്കടിയിലെ സംരക്ഷിത വനഭൂമിയിലെ മഴമേഘക്കാടുകളുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരുന്നു. കാലാവസ്ഥയിലും മറ്റും ഇതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ആപത്കരമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കുമളി മേഖലയിൽ സാമൂഹ്യ വനവൽക്കരണരംഗത്ത് യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. പഞ്ചായത്തിലുടനീളം വൃക്ഷത്തൈകൾ നടുന്നതിനുള്ള ജനകീയ സംരംഭം 9-ാം പദ്ധതി കാലത്തുതന്നെ ആവിഷ്കരിച്ചു നടപ്പാക്കാത്തപക്ഷം വൃക്ഷങ്ങൾ നമുക്ക് അന്യമായിത്തീരും. സാധാരണ ആവശ്യങ്ങൾക്കുവേണ്ടിയുള്ള മരത്തിൻെറ ഉപയോഗം വ്യാപകമായിത്തീർന്നിരിക്കുന്നു. അതോടൊപ്പം ഊർജ്ജരംഗത്തെ പ്രതിസന്ധിമൂലം വിറകിനുവേണ്ടിയുള്ള മരത്തിൻെറ ഉപയോഗം ക്രമാതീതമായി

വർദ്ധിച്ചുവരുന്നു. ജെ.ആർ.വൈ. ഫണ്ടിൻെറ 20% വനവൽക്കരണത്തിന് വിനിയോഗിക്കണമെന്നു നിഷ്കർഷത പാലിക്കപ്പെടുന്നില്ല.

## പ്രശ്നങ്ങൾ:

1. വനസംരക്ഷണം വേണ്ടവണ്ണം നടപ്പാക്കാൻ കഴിയുന്നില്ല.
2. വനവൽക്കരണത്തിനാവശ്യമായ വൃക്ഷത്തൈകൾ ലഭ്യമല്ല.
3. വിറകിനും തടിക്കുംവേണ്ടി അമിതമായി വനം ചൂഷണം ചെയ്യപ്പെടുന്നു.
4. സാമൂഹ്യവിരുദ്ധരുടെ വനംകൊള്ള തടയുവാൻ നിലവിലുള്ള സംവിധാനത്തിലൂടെ കഴിയുന്നില്ല.
5. വനസംരക്ഷണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തമില്ലായ്മ

## സാധ്യതകൾ

1. ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് ദക്ഷത കൂടിയ അടുപ്പുകളും ബയോഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണവും പ്രോൽസാഹിപ്പിക്കുക.
2. എൽ.പി.ജി. കണക്ഷനുകൾ കൂടുതലായി അനുവദിക്കുക.
3. റോഡ് പുറമ്പോക്കുകളിൽ തണൽമരങ്ങൾ നട്ടുവളർത്തുന്നതിനും സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുക.
5. ആവശ്യമായ മരത്തൈകൾ ഉൽപാദിപ്പിച്ചു വിതരണം ചെയ്യുക.
6. സാമൂഹ്യവനവൽക്കരണത്തെക്കുറിച്ചും മരങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കുക.
7. കൃഷിരീതിയുടെ പ്രത്യേകതകൾക്കനുസരിച്ച് മരങ്ങൾ നീക്കം ചെയ്യേണ്ട അത്യാവശ്യ സന്ദർഭങ്ങളിൽ ഒരു മരം വെട്ടുമ്പോൾ 10 വൃക്ഷത്തൈകൾ നടുവാനുള്ള വ്യവസ്ഥയ്ക്കു വിധേയമായി അനുവദിക്കാവുന്നതാണ്.
8. വനം, വന്യജീവി എന്നിവയെ സംരക്ഷിക്കാനായി നിയോഗിക്കപ്പെടുന്ന വ്യക്തികൾക്ക് പരിശീലനം നലകുക. പ്രകൃതി സ്നേഹികളായ ആളുകളെ ഇത്തരം സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കണം. വനസംരക്ഷണത്തിന് അവർക്ക് ആവശ്യമായ ആധുനിക സംവിധാനങ്ങളും നൽകണം.



# ജനകീയാസൂത്രണ പ്രസ്ഥാനം
# കുമളി ഗ്രാമപഞ്ചായത്തിൽ
# നാളിതുവരെ

| | |
|---|---|
| പ്രാഥമിക ആലോചനായോഗം | 26-8-96 |
| ഒന്നാംഘട്ട ജില്ലാതല പരിശീലനം (ഡി.ആർ.പി. | 11-9-96 മുതൽ 13-9-96 |
| ഒന്നാം ഘട്ട ഡി.ആർ.പി. ക്യാമ്പിൽ പഞ്ചായത്തിൽനിന്ന് പങ്കെടുത്തവർ | 17 |
| ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനം (എൽ.ആർ.പി.) | 20-9-96 |
| ഒന്നാംഘട്ട എൽ.ആർ.പി. ക്യാമ്പിൽ പങ്കെടുത്തവർ | 162 |
| ഗ്രാമസഭകൾ നടന്ന തീയതി | സെപ്റ്റംബർ 29<br>ഒക്ടോബർ 2<br>ഒക്ടോബർ 6 |
| പഞ്ചായത്തുതല അവലോകന യോഗം | 17-10-96 |
| രണ്ടാംഘട്ട ഡി.ആർ.പി. ക്യാമ്പ് | 2-11-96 മുതൽ 4-11-96 |
| രണ്ടാംഘട്ട ഡി.ആർ.പി. ക്യാമ്പിൽ പഞ്ചായത്തിൽനിന്ന് പങ്കെടുത്തവർ | 12 |
| രണ്ടാംഘട്ട എൽ.ആർ.പി. ക്യാമ്പ് | 12-11-96 |
| രണ്ടാംഘട്ട എൽ.ആർ.പി. ക്യാമ്പ് പങ്കെടുത്തവർ | 115 |
| പഠനപര്യടനം | 4 മേഖലകൾ<br>13-11-96<br>15-11-96 തീയതികളിൽ |
| ചരിത്രപഠനം, കാരണവർ സംഗമം | 19-11-96 |
| വികസന സെമിനാർ | 4-12-96 |



# കുമളി ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണ പ്രസ്ഥാനം
## ഗ്രാമസഭകളിലൂടെ

| ഗ്രാമസഭ ചേർന്ന തീയതി | വാർഡ് | സ്ഥലം | ഗ്രാമസഭയിൽ പങ്കെടുത്തവർ |
|---|---|---|---|
| 29-9-96 | 1 | തേക്കടി | 254 |
| 29-9-96 | 2 | കുമളി | 1058 |
| 29-9-96 | 3 | കൊല്ലംപട്ടട | 243 |
| 29-9-96 | 4 | അമരാവതി | 350 |
| 29-9-96 | 5 | അട്ടപ്പള്ളം | 138 |
| 29-9-96 | 6 | സ്പ്രിംഗ്‌വാലി | 359 |
| 2-10-96 | 7 | ചോറ്റുപാറ | 89 |
| 2-10-96 | 8 | മുരുക്കടി | 177 |
| 2-10-96 | 9 | പത്തുമുറി | 157 |
| 2-10-96 | 10 | വെള്ളാരംകുന്ന് | 220 |
| 2-10-96 | 11 | ആനക്കുഴി | 80 |
| 2-10-96 | 12 | ചെങ്കര | 241 |
| 6-10-96 | 13 | പമ്പാവാലി | 250 |

# ജില്ലാതല പരിശീലനം ലഭിച്ചവർ

1. അച്ചൻകുഞ്ഞ് കെ. ആർ.
2. വി. ആർ. ബാലകൃഷ്ണൻ
3. സി. എ. ഹസ്സൻ റാവുത്തർ
4. കെ. കെ. കൃഷ്ണൻകുട്ടി
5. ജോണി ചെരിവുപറമ്പിൽ
6. ജോസ് തോമസ്
7. ജോൺ പി. ജെ.
8. റവ. റോയി പി. തോമസ്
9. എൽ. രാജൻ
10. എൻ. സദാശിവൻ
11. ഷെനോയി പുതിയിടത്ത്
12. ടി. ടി. തോമസ് തെക്കേക്കുറ്റ്
13. എ. എം. തോമസ് ആലഞ്ചേരി
14. എം. എം. വർഗീസ്
15. വക്കച്ചൻ ആലക്കാപ്പറമ്പിൽ
16. വിൻസൻറ് കടപ്ലാക്കൽ
17. വിൻസൻറ് ജി.



# കുമളി ഗ്രാമപഞ്ചായത്ത്
## 1996 നവംബർ 1 പുനരർപ്പണദിനം



കുമളി ഗ്രാമപഞ്ചായത്തിൽ പൊതുജന പങ്കാളിത്തത്തോടെ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ.

| വാർഡ് | |
|---|---|
| 1 | താമരക്കണ്ടം റോഡ് ഓട നിർമ്മിച്ച് പുതുക്കിപ്പണിയുക. |
| 2. | റോസാപ്പൂക്കണ്ടം ഓടനിർമ്മാണം |
| | ലബ്ബക്കണ്ടം - ആനവച്ചാൽ റോഡു നിർമ്മാണം |
| | പെരിയാർ കോളനി ശുചീകരണം |
| 3. | കൊല്ലംപട്ടട - ഹരിജൻ കോളനി റോഡ് |
| 4. | ഒന്നാം മൈൽ - ഒട്ടകത്തല റോഡ് പുനർ നിർമ്മാണം |
| 5. | ഒന്നാം മൈൽ - ഒട്ടകത്തല റോഡ് പുനർ നിർമ്മാണം |
| 6. | 66-ാംമൈൽ സ്പ്രിംഗ് വാലി റോഡ് പുനർ നിർമ്മാണം അമ്പലപ്പടി - മുല്ലയാർ റോഡ് |
| 7. | മുരുക്കടി 66-ാംമൈൽ റോഡ് നിർമ്മാണം |
| 8. | അമരാവതി - പത്തുമുറി റോഡ് |
| 9. | അട്ടപ്പള്ളം - ശാന്തിഗിരി റോഡ് |
| 10, 11, 12 | വെള്ളാരംകുന്ന് - ചെങ്കര റോഡ് |
| 13 | മൂക്കൻപെട്ടി - എഴുമണ്ണ് റോഡ് |

കുമളി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും നവംബർ 1-ന്റെ പുനരർപ്പണദിനത്തോടനുബന്ധിച്ച് പൊതുജന പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയുണ്ടായി. ഏകദേശം 700 ആളുകൾ ഈ സംരംഭത്തിൽ പങ്കാളികളായി. എസ്റ്റിമേറ്റ് തുകയിൽ 25% (58,750) രൂപയുടെ ജോലികൾ ജനങ്ങൾതന്നെ നടത്തുകയുണ്ടായി. ജനങ്ങൾ വർദ്ധിത ആവേശത്തോടെ ജോലികൾ തുടർന്നും നടത്തിവരികയാണ്. ഒരുലക്ഷത്തി എഴുപത്തയ്യായിരം രൂപയോളം പഞ്ചായത്ത് ഉപാധിരഹിത ഫണ്ടിൽനിന്ന് ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുമ്പോൾ ആറുലക്ഷം രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തതോടെ നടത്തുവാൻ കഴിഞ്ഞുവെന്നു ബോദ്ധ്യപ്പെടുന്നതാണ്.

# കുമളി ഗ്രാമപഞ്ചായത്ത്
## മുൻ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

### ആദ്യസമിതി (26-12-1953)

- ശ്രീ. എൻ. വിശ്വനാഥ അയ്യർ (പ്രസിഡൻറ്)
- ശ്രീ. ഏബ്രഹാം ചോറ്റുപാറ (വൈസ് പ്രസിഡൻറ്)
- ശ്രീ. സി. ആൻറണി പാലത്തിങ്കൽ
- ശ്രീ. പി. കെ. ഹസ്സൻ റാവുത്തർ
- ശ്രീ. അച്ചുതൻനായർ
- ശ്രീ. ഔസേഫ് കരിമ്പനാൽ
- ശ്രീ. കെ. എം. രാമചന്ദ്രൻ കൂന്തലിൽ (1956-ൽ രാജിവച്ചു)
- ശ്രീ. എം. ടി. തേവർ (1956 മുതൽ കെ. എം. രാമചന്ദ്രൻ രാജിവച്ച ഒഴിവിൽ)

### 1964Rs

- ശ്രീ. വി. സി. കുര്യൻ (പ്രസിഡൻറ്) (1964-65)
- ശ്രീ. എൻ. വിശ്വനാഥ അയ്യർ (പ്രസിഡൻറ്) (1965 - 1973)
- ശ്രീ. പി. കെ. ജോസഫ് (പ്രസിഡൻറ്) (1973-1980)

(ശ്രീ. വി. സി. കുര്യൻ രാജിവച്ച ഒഴിവിൽ മെംബറായി 7-8-'65-ൽ തെരഞ്ഞെടുക്കപ്പെട്ടു)

- ശ്രീ. എം. ബി. ഹമീദ് (വൈസ് പ്രസിഡൻറ്)
- ശ്രീ. ടി. കെ. നീലകണ്ഠൻ
- ശ്രീ. എം. പി. അപ്പി
- ശ്രീ. ത്രേസ്യാമ്മ ആൻറണി
- ശ്രീ. വി. ആർ. കുഞ്ഞുകൃഷ്ണപിള്ള
- ശ്രീ. കെ. ഐ. കുരുവിള
- ശ്രീ. എസ്. മൈക്കിൾ
- ശ്രീ. എം. അന്തോനിമുത്തു

### 1980

- ശ്രീ. എം. കെ. പുരുഷോത്തമൻ (പ്രസിഡൻറ്) (1980-1982)
- ശ്രീ. ടി. കെ. എസ്. പണിക്കർ (പ്രസിഡൻറ്) (1982-1988)
- ശ്രീ. ജോസ് ഐക്കര (വൈസ് പ്രസിഡൻറ്)
- ശ്രീ. ചാക്കോ കെ. എ.
- ശ്രീ. എം. എസ്. വേണുഗോപാൽ
- ശ്രീ. തേവൻ പഞ്ചൻ
- ശ്രീ. കെ. സി. മാണി
- ശ്രീ. എസ്. പളനിസ്വാമി തേവർ
- ശ്രീ. കെ.സ. ജോസഫ്
- ശ്രീ. പി. എ. ജോസഫ്
- ശ്രീ. സെൽവരാജ് പെരുമാൾ
- ശ്രീ. പൊന്നമ്മ മാത്യു

# മുൻ ഭരണസമിതി &
# ഇപ്പോഴത്തെ ഭരണസമിതി

## 1988

- ശ്രീ. കെ. ജെ. ജോസഫ് (പ്രസിഡൻറ്)
- ശ്രീ. പി. ജെ. സെബാസ്റ്റ്യൻ (വൈസ് പ്രസിഡൻറ്)
- ശ്രീ. ടി. എൻ. ശശി
- ശ്രീമതി സുബൈദ മുഹമ്മദ്കുട്ടി
- ശ്രീ. എം. പി. അപ്പി
- ശ്രീ. കെ. വി. ചെറിയാൻ
- ശ്രീ. ടി. ടി. തോമസ്
- ശ്രീ. ടി. വി. വർക്കി
- ശ്രീ. ജെ. ജോസഫ്
- ശ്രീ. കെ. ജെ. മാത്യു
- ശ്രീ. കെ. സി. ജേക്കബ്
- ശ്രീ. എൽ. മുനിയാണ്ടി
- ശ്രീമതി കുട്ടിയമ്മ ബെഞ്ചമിൻ

## കുമളി പഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| വാർഡ് | 1 | കൃഷ്ണവേണിഭായി റാവു |
| ” | 2 | എ. അബ്ദുൽ സലാം (പഞ്ചായത്ത് പ്രസിഡൻറ്) |
| ” | 3 | എം.പി. അപ്പി (വൈസ് പ്രസിഡൻറ്) |
| ” | 4 | വി.പി. കുട്ടപ്പൻ (ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ) |
| ” | 5 | എം.വി. ശ്യാമള |
| ” | 6 | ദേവകി ഗോവിന്ദൻ |
| ” | 7 | ഹൈദ്രോസ് മീരാൻ |
| ” | 8 | എസ്.പി. രാമർ |
| ” | 9 | സൺസി മാത്യു |
| ” | 10 | ഏലിയാമ്മ മൈക്കിൾ |
| ” | 11 | തങ്കമ്മ പാണ്ഡി |
| ” | 12 | കെ.സി. ജേക്കബ് |
| ” | 13 | പി.ജി. അനിൽകുമാർ |

# ഉപസംഹാരം

വികസനം എന്നാൽ റോഡുകളും പാലങ്ങളും മാത്രമാണെന്ന സങ്കല്പനത്തിന് വ്യതിയാനം വരുത്തുന്ന സംരംഭമാണ് ജനകീയാസൂത്രണപ്രസ്ഥാനം. നമ്മുടെ രാജ്യം വിഭവങ്ങൾകൊണ്ട് സമൃദ്ധമാണെങ്കിലും നിത്യജീവിതത്തിലെ പ്രധാന കാര്യങ്ങൾക്കെല്ലാം അന്യരെ ആശ്രയിക്കേണ്ട സ്ഥിതിയാണിപ്പോഴുള്ളത്. തമിഴ്നാട്ടിൽ നിന്നും അരിയും പച്ചക്കറികളും എത്തിയില്ലെങ്കിൽ ഊണ് കഴിക്കാൻ സാധിക്കുകയില്ലയെന്ന അവസ്ഥ സംജാതമായിരിക്കുന്നു. അരിയും പച്ചക്കറികളും, പാലും, മുട്ടയും, പലചരക്കുസാധനങ്ങളും മാത്രമല്ല, കയരുല്പന്നങ്ങൾ മുതൽ മരച്ചീനിവരെ അയൽസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരികയാണിപ്പോൾ ചെയ്യുന്നത്. ഇവയെല്ലാം സംസ്ഥാനത്ത് ഉല്പാദിപ്പിക്കാനുള്ള സഹാചര്യം ഇല്ലാത്തതല്ല ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രശ്നം നമ്മൾ സുഖലോലുപ സംസ്കാരത്തിലേയ്ക്ക് അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പൂർവ്വികർ നാണ്യവിളകളുടെ ഇടയിൽ കപ്പയും ചേനയും, ചേമ്പും, കാച്ചിലും ഉല്പാദിപ്പിച്ചിരുന്നത് തങ്ങളുടെ ഭക്ഷണാവശ്യം സാധിക്കുന്നതിനോടൊപ്പം മറ്റുള്ളവർക്ക് വിപണനം നടത്തുന്നതിനും ഉദ്ദേശിച്ചായിരുന്നു. എന്നാൽ ഇപ്പോഴത്തെ മനോഭാവം തികച്ചും വിഭിന്നമാണ്. കൃഷിഭൂമിയെല്ലാം കുരുമുളക്, ഏലം, തുടങ്ങിയ നാണ്യവിളകളുടെ തോട്ടങ്ങളാക്കി മാറ്റുവാനും അവരവർക്കാവശ്യമുള്ള വിഭവങ്ങളെല്ലാം വിലകൊടുത്തുവാങ്ങുവാനും തീരുമാനമെടുത്തിരിക്കുന്നതായാണ് കണ്ടുവരുന്നത്.

കുമളി പഞ്ചായത്തിന്റെ കാര്യത്തിൽ ഈ മാറ്റം വ്യക്തമായും ദൃശ്യമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് വരെ എല്ലാ മേഖലകളിലും മരച്ചീനികൃഷി വ്യാപകമായി ചെയ്തിരുന്നു.

അദ്ധ്വാനശീലരായിരുന്ന മൂന്ന് തലമുറക്കാർ തുലാം കണക്കിനും വിശക്കണക്കിനും മരച്ചീനിയും ഇടവിടകളും മാർക്കറ്റിൽ വില്പനയ്ക്ക് കൊണ്ടുപോയിരുന്നവരാണെന്ന് നാം മറന്നുപോയിരിക്കുന്നു. ഇതുമൂലം കൈമോശം വന്നിരിക്കുന്നു. നമ്മുടെ പരമ്പരഗാതമായ അദ്ധ്വാനശേഷിയും അതിനുള്ള തുന്നമനസ്സുമാണ്.

പഞ്ചായത്തിലെ പാൽ ഉല്പാദനവും ഇവിടുത്തെ പാലിന്റെ ഉപയോഗവും തമ്മിലുള്ള അന്തരവും ഗൗരവമായി കാണേണ്ടതുണ്ട്. ഈ പ്രദേശത്തെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ പത്തിലൊരുഭാഗം മാത്രമേ ഇന്നാട്ടിൽ വിപണനം നടത്തുന്നുള്ളു ശേഷിക്കുന്നത്. മറ്റുള്ള സ്ഥലങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നു. എന്നാൽ കുമളി ടൗണിൽ മാത്രം ഉപയോഗിക്കുന്ന പാൽ പഞ്ചായത്തിൽ ആകെ ഉല്പാദിപ്പിക്കുന്നതിന്റെ രണ്ടിരട്ടിയോളം വരും. ഇതത്രയും തമിഴ്നാട്ടിൽ നിന്നും വരുന്നതാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഗുണമേന്മയുള്ളത് മറ്റുള്ളവർക്ക് വില്പനനടത്തിയശേഷം കുറഞ്ഞ ഗുണനിലവാരത്തിലുള്ളതും മായം കലർന്നതുമായ പാൽ വാങ്ങി ഉപയോഗിക്കുന്ന ഈ മനോഭാവം നമ്മെ അപകടത്തിലേയ്ക്കാണ് നയിക്കുന്നതെന്ന് വിസ്മരിക്കരുത്.

ഈ ചിത്രം അതിപ്രധാനമായ ഒരു വസ്തുതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. മുൻകാലങ്ങളിൽ ആസൂത്രണത്തിലും നടത്തിപ്പിലും പല പോരായ്മകളും സംഭവിച്ചത് മനസ്സിലാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആവശ്യമായ ഭക്ഷണസാധനങ്ങളും മറ്റു നിത്യോപയോഗവസ്തുക്കളും സ്വന്തം ഗ്രാമത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയണം. മഹാത്മജി വിഭാവനം ചെയ്ത സ്വാശ്രയഗ്രാമം ഈ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഓരോരുത്തരും അവരവരുടെ ആവശ്യങ്ങൾ പരിമിതപ്പെടുത്തുവാനും ലഭ്യമായ വിഭവങ്ങൾകൊണ്ട് സംതൃപ്തമായ ജീവിതം നയിക്കാനും, പരിശീലിക്കേണ്ടിയിരിക്കുന്നു. പ്രകൃതിവിഭവങ്ങൾ വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്നബോധത്തോടെ അവയുടെ ഉപയോഗത്തിൽ മിതത്വം പാലിക്കുവാനുള്ള പ്രവണത ജനങ്ങളിൽ വളരണം. സമൂഹത്തിന്റെ വളർച്ചയോടൊപ്പം തനിക്കും പുരോഗമിക്കണമെന്ന വിശാലമായ കാഴ്ചപ്പാട് വ്യക്തികളിൽ വളർത്തിയെടുക്കാൻ അത് സഹായിക്കും.

പഞ്ചായത്ത്‌രാജ് നിയമപ്രകാരം രൂപീകൃതമായ ത്രിതല പഞ്ചായത്ത്തല ഭരണസമിതികൾക്ക് വിപുലമായ അധികാരമാണുള്ളത്. അവയെല്ലാം യഥാവിധി നടപ്പാക്കുന്നതിന് ഇതുസംബന്ധിച്ച് എല്ലാകാര്യങ്ങളിലും വേണ്ടത്ര ഉത്തരവാദിത്വത്തേയും കടമയേയും കുറിച്ച് തികഞ്ഞ അവബോധമുള്ളവരുടെ നേതൃനിര വളർന്നുവരുവാനും അത്തരക്കാരെ തെരഞ്ഞെടുക്കുവാനുള്ള ഇച്ഛാശക്തി ജനങ്ങൾ പ്രകടിപ്പിക്കുവാനും ജനകീയാസൂത്രണപ്രസ്ഥാനം മൂലം സാധിക്കും.

ഒമ്പതാം പഞ്ചവത്സരപദ്ധതി യഥാർത്ഥ ജനകീയപദ്ധതിയാകുന്നത് മുകളിൽപ്പറഞ്ഞ കാര്യങ്ങളിൽ നമുക്ക് വ്യക്തത ഉണ്ടാകുമ്പോഴാണ് വിഭവങ്ങൾ പരമാവധി ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാനും തദ്വാരാ തൊഴിലില്ലായ്മ പരിഹരിക്കുവാനും നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കുവാനും സാധിക്കും. ജനകീയമുന്നേറ്റത്തോടെ സ്വാശ്രയഗ്രാമങ്ങൾക്കുവേണ്ടി ജനത ഉണരമ്പോൾ ഒമ്പതാം പദ്ധതി ജനങ്ങളുടെ പദ്ധതിയാകുകയും അധികാരം ജനങ്ങളിലേയ്ക്ക് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും.

കമളി പഞ്ചായത്തിന്റെ സമഗ്രവികസനരേഖ ലിയ ഒരു ജനകീയ മുന്നേറ്റം മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കിയതാണ്. ഓരോ പ്രദേശത്തിന്റെയും സ്പന്ദനങ്ങളറിഞ്ഞു സമയബന്ധിതമായി പ്രവർത്തിച്ച് എല്ലായിടത്തും സമതുലനാവസ്ഥയിലുള്ള വളർച്ച സാധ്യമാക്കുന്നതിനും അത് പുഷ്ടിപ്പെടുത്തി നിലനിറുത്തുന്നതിനും ആവശ്യമായ ഒരു നൂതനസംസ്കാരം വളർത്തിയെടുക്കുന്നതിനായി നമുക്ക് പ്രതിജ്ഞയെടുക്കാം. എല്ലാ രാഷ്ട്രീയ അഭിപ്രായഭിന്നതകളും മറന്ന് നാടിന്റെ വികസനത്തിനായി നമുക്ക് ഒരുമിക്കാം. ജനങ്ങളുടെ സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി സന്തോഷപൂർവ്വം കുമളി ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

കുമളി
27-11-1996

കുമളി ഗ്രാമപഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി
പ്രസിഡണ്ട്



LRP ക്യാമ്പ് ഒരു ദൃശ്യം



ജനപങ്കാളിത്തത്തോടെ പുനർനിർമ്മാണ ദിനത്തിൽ
ലബ്ബക്കണ്ടം - ആനവച്ചാൽ റോഡു നിർമ്മാണം



1-ാം ഘട്ടം LRP ക്യാമ്പ് ഉത്ഘാടനം



പുനർ നിർമ്മാണത്തോടനുബന്ധിച്ചു
4,5 വാർഡുകളിൽ നടന്ന റോഡു നിർമ്മാണം



വികസന റിപ്പോർട്ടിന്റെ പണിപ്പുരയിൽ നിന്നൊരു രംഗം.




ജനകീയാസൂത്രണ ഏകദിന പരിശീലന ക്യാമ്പ്



കുമളി ടൗൺ ഒരു ദൃശ്യം



**ഗ്രാമീണ ജല·മർമ്മരം**
(അമരാവതി നൂലാംപാറ വെള്ളച്ചാട്ടം)

